Uncorrected/Not for publication
18-09-2025

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച**

നിത്യോപയോഗ സാധനങ്ങളുടെ വിലവർധനവും പണപ്പെരുപ്പവും

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, നടപടികൾ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഇന്നലെ എല്ലാവരും സമയകൃത്യത പാലിച്ചിരുന്നു. ഇന്നും പാലിക്കുമെന്നാണ് വിശ്വസിക്കുന്നത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർധിക്കുകയും അത് തടഞ്ഞുനിർത്താൻ സർക്കാർ സംവിധാനം പരാജയപ്പെടുകയും ചെയ്ത സാഹചര്യത്തിലാണ് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് നോട്ടീസ് കൊടുത്തത്. ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി അത് ചർച്ച ചെയ്യാമെന്ന് പറഞ്ഞപ്പോൾ ഭരണപക്ഷത്തുനിന്ന് വലിയ കരഘോഷമാണ് ഉയർന്നത്. അങ്ങും അത് കേട്ടുകാണും. ഞങ്ങളുടെ നോട്ടീസ് ഞാൻ വായിക്കാം; 'സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില

ക്രമാതീതമായി വർധിക്കുകയും രാജ്യത്ത് ഏറ്റവും കൂടുതൽ പണപ്പെരുപ്പമുള്ള സംസ്ഥാനമായി കേരളം മാറിയിട്ടും സർക്കാർ യാതൊരു നടപടിയും സ്വീകരിക്കാൻ തയ്യാറാകാത്ത ഗുരുതര സ്ഥിതിവിശേഷം സഭ നിർത്തിവച്ച് ചർച്ച ചെയ്യണം' എന്നായിരുന്നു നോട്ടീസ്. അത് സർക്കാർ അംഗീകരിക്കുമ്പോൾ ഞങ്ങളെക്കാൾ മുമ്പ് ഭരണപക്ഷ എം.എൽ.എ.-മാർ കൈയ്യടിക്കണമെങ്കിൽ ഈ വിഷയം അവർപോലും എത്ര ഗൗരവത്തോടുകൂടിയാണ് കാണുന്നതെന്ന് നമ്മൾ മനസ്സിലാക്കണം. ഒരു ഭരണകക്ഷി അംഗത്തിന് റൂൾ 50 പ്രകാരം നോട്ടീസ് കൊടുക്കുന്നതിൽ പരിമിതികളുണ്ട്. എന്നാൽ ഈ വിഷയം സഭയിൽ ചർച്ച ചെയ്യണമെന്ന് അവർക്കും ആഗ്രഹമുണ്ട്. ചർച്ച ചെയ്യാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമ്പോൾ, ഭരണപക്ഷ എം.എൽ.എ.-മാർ പ്രതിനിധാനം ചെയ്യുന്ന നിയമസഭാമണ്ഡലങ്ങളിലെ ജനങ്ങളോടുള്ള പ്രതിബദ്ധതകൊണ്ടാണ് അവർ ആത്മാർത്ഥമായി കൈയ്യടിച്ചതെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ഞങ്ങൾ അത് ഉൾക്കൊള്ളുന്നു. ഈ സംസ്ഥാനത്തിന്റെ സാഹചര്യമെന്താണ്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ചാർജ് മൂന്നുതവണ വർധിപ്പിച്ചു, ബസ് ചാർജ്ജും വെള്ളക്കരവും

ഭൂനികുതിയും കെട്ടിട നികുതിയും വർധിപ്പിച്ചു, സെസ്സ് ഏർപ്പെടുത്തി. ഡീസലിനും പെട്രോളിനും കേന്ദ്ര സർക്കാരിന്റെ വർധനവ്, സംസ്ഥാന സർക്കാരിന്റെ അധിക സെസ്സ്, സർക്കാർ ജീവനക്കാർക്ക് ലഭിക്കാനുള്ള 18 ശതമാനം ഡി.എ. കുടിശ്ശിക, കശുവണ്ടി തൊഴിലാളിക്ക് ജോലിയില്ല, കയർ മേഖല പ്രതിസന്ധിയിലാണ്, ഖാദി മേഖല തകർച്ചയിലാണ്, നെൽക്കർഷകരും റബ്ബർ കർഷകരും പ്രതിസന്ധിയിലാണ്. ഇത്തരത്തിൽ ജീവിക്കാൻ പ്രയാസമനുഭവിക്കുന്ന സമയത്താണ് ഈ വിലക്കയറ്റംമൂലം ജനങ്ങൾ പ്രതിസന്ധിയിലാകുന്നത്. ഒന്ന് വരുമാനം കുറഞ്ഞ ഒരു മേഖല, വരുമാനമേ ഇല്ലാത്ത ഒരുപാട് മേഖലകൾ, ആ ജനങ്ങളാണല്ലോ കേരളത്തിലുള്ളത്. ഈ വിലക്കയറ്റത്തോതിൽ, ഈ റീട്ടെയിൽ ഇൻഫ്ലേഷൻ റേറ്റിൽ നമ്മൾ ഇന്ത്യയിൽ ഒന്നാം സ്ഥാനത്തെത്തി നിൽക്കുന്നതുകൊണ്ടാണ് ഗുരുതരമായ ഈ പ്രശ്നം നിയമസഭയിൽ ചർച്ച ചെയ്യണമെന്ന് പ്രതിപക്ഷം ആഗ്രഹിച്ചത്.

2024 ജൂലായ് മാസം വിലക്കയറ്റം സംബന്ധിച്ച വിഷയം സഭാനടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപമായി സഭയിൽ കൊണ്ടുവന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ജി. ആർ. അനിൽ നൽകിയ

മറുപടി ഞാൻ വായിക്കാം, 'ഇവിടെ ഉന്നയിക്കപ്പെട്ട വിഷയം ഒരു ദേശീയ പ്രശ്നമാണ്. നമ്മുടെ തൊട്ടടുത്ത ഉൽപാദക സംസ്ഥാനങ്ങളെ നോക്കൂ, കർണ്ണാടക, ആന്ധ്രാപ്രദേശ്, തെലങ്കാന, എന്നിവിടങ്ങളിൽ പണപ്പെരുപ്പം രൂക്ഷമാണ്. കേരളത്തിൽ പണപ്പെരുപ്പം 5.47 മാത്രമാണ്. മറ്റ് സംസ്ഥാനങ്ങളിൽ അതിനെക്കാൾ കൂടുതലാണ്....' ഇത് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ വാക്കുകളാണ്. ഇന്ന് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിന്റെ ആഗസ്റ്റ് മാസത്തെ കൺസ്യൂമർ പ്രൈസ് ഇൻഡക്സ് (സി.പി.ഐ.) റേറ്റ് 9.04 ശതമാനമാണ്. ഇന്ത്യയിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനമായ കർണ്ണാടകയുടെ സി.പി.ഐ. റേറ്റ് 3.8 ശതമാനമാണ്. നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിന്റെ കണക്കുപ്രകാരം കേരളത്തിന്റെ റീട്ടെയിൽ ഇൻഫ്ലേഷൻ റേറ്റ് 9.04 ശതമാനമാണ്. മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷന്റെ ആഗസ്റ്റ് മാസത്തെ ഡാറ്റയാണ് എന്റെ കൈവശം ഇപ്പോഴുള്ളത് (പേപ്പർ ഉയർത്തിക്കാണിച്ചു). അതുപ്രകാരം ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലെയും സി.പി.ഐ. റേറ്റ് 1.24, 1.77, 0.52 എന്നിങ്ങനെയാണ്. നെഗറ്റീവ് വാല്യൂ ഉള്ള സംസ്ഥാനങ്ങൾപ്പോലും

ഇന്ത്യയിലുള്ളപ്പോഴാണ് കേരളത്തിന്റെ സി.പി.ഐ. റേറ്റ് 9.04 ശതമാനം എന്ന് കാണിക്കുന്നത്. നിങ്ങൾ ആവർത്തിച്ചുപറയുന്ന ഒരു കാര്യം ഇവിടെ യാഥാർത്ഥ്യമായിട്ടുണ്ട്. കേരളം നമ്പർ വൺ; കൺസ്യൂമർ പ്രൈസ് ഇൻഡക്സ് പ്രകാരം ഈ വിലക്കയറ്റത്തോതിൽ നമ്പർ വൺ കേരളം. ഇത് ഒരു മാസത്തെ കണക്കല്ല. ജനുവരിയിൽ 6.79, ഫെബ്രുവരിയിൽ 7.31, ജൂണിൽ 6.71, ജൂലായിൽ 8.89, ആഗസ്റ്റിൽ 9.04 എന്നിങ്ങനെയാണ് സി.പി.ഐ. ശതമാനം രേഖപ്പെടുത്തിയിരിക്കുന്നത്. ഈ സർക്കാരിനോട് ഞങ്ങളുടെ ചോദ്യം; ഒരു മാസമല്ല, രണ്ട് മാസമല്ല; തുടർച്ചയായി എട്ടുമാസം ഇന്ത്യയിൽ വിലക്കയറ്റത്തോതിൽ ഒന്നാം സ്ഥാനത്ത് ഒരു സംസ്ഥാനമാണ് വരുന്നത് എന്നുപറയുന്നതിൽ എന്താണർത്ഥം; സർക്കാർ എന്താണ് ചെയ്യുന്നത്? ഒരു മാസം യാദൃശ്ചികമായി സംഭവിക്കാം; നമ്മുടെ നിയന്ത്രണത്തിലില്ലാത്ത സാഹചര്യങ്ങൾ വരാം. എന്നാൽ എട്ടുമാസമായി വിലക്കയറ്റത്തോതിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് ഒരു സംസ്ഥാനം തന്നെ നിൽക്കുകയാണ്.

പല നിത്യോപയോഗ സാധനങ്ങളുടെയും വില വർധിച്ചു. ഉദാഹരണത്തിന് വെളിച്ചെണ്ണ. മലയാളിയുടെ ഭക്ഷണത്തിൽ ഒഴിച്ചുകൂടാൻ കഴിയാത്ത ഒന്നാണ് വെളിച്ചെണ്ണ. യു. എസ്. പ്രസിഡന്റ് ശ്രീ. ഡൊണാൾഡ്

ട്രംപ്, ഇന്ത്യയുടെ കയറ്റുമതി തീരുവ 50 ശതമാനമായി വർധിപ്പിച്ച സമയത്ത് കേരളത്തിലെ സോഷ്യൽ മീഡിയയിൽ വന്ന ഒരു ട്രോൾ ഉണ്ടായിരുന്നു. '10 രൂപയുടെ പപ്പടം കാച്ചാൻ 400 രൂപയുടെ വെളിച്ചെണ്ണ വാങ്ങുന്ന മലയാളിയോടാണോ ട്രംപിന്റെ കളി', എന്നായിരുന്നു ആ ട്രോൾ. എന്നാൽ ഇപ്പോൾ ആ ട്രോൾ മാറി. പപ്പടത്തിന് വെളിച്ചെണ്ണയിലേക്കെത്താൻ ഒരുപാട് കാത്തിരിക്കേണ്ടിവരില്ല. പപ്പടവും വെളിച്ചെണ്ണയും തമ്മിലുള്ള സമാഗമം അടുത്തിടെയൊന്നും ഉണ്ടാവില്ല, പപ്പടം ചുട്ടുതിന്നേണ്ടിവരും. ഇത് അനന്തമായി നീണ്ടുപോകും. 400/- രൂപ, 500/- രൂപ, 550/- രൂപ എന്ന നിലയിൽ നിൽക്കുകയാണ് വെളിച്ചെണ്ണയുടെ വില. സപ്ലൈകോയിലെ 'കേര' വെളിച്ചെണ്ണയ്ക്ക് 429/- രൂപയാണ്. ശബരി വെളിച്ചെണ്ണ 50 ശതമാനം സബ്സിഡിയും 50 ശതമാനം നോൺ-സബ്സിഡിയുമാണ്. ഏതാണ്ട് 300/- മുതൽ 320/- രൂപയ്ക്കാണ് ശബരി വെളിച്ചെണ്ണ സപ്ലൈകോയിൽ കൊടുക്കുന്നത്. 50 ശതമാനം സബ്സിഡിയിൽ വാങ്ങാൻ കഴിയില്ല. എന്തുകൊണ്ടെന്നാൽ ഒരു ലിറ്റർ വെളിച്ചെണ്ണ മാത്രമേ കൊടുക്കുകയുള്ളൂ. ഒരു പാക്കറ്റ് ഒരു ലിറ്ററിന്റേതാണ്. അരലിറ്ററിന്റെ പാക്കറ്റ് ലഭ്യമല്ല. അതുകൊണ്ട് 329/- രൂപയ്ക്ക് ശബരി വെളിച്ചെണ്ണ വാങ്ങേണ്ട

സ്ഥിതിയാണുള്ളത്. വെളിച്ചെണ്ണയ്ക്ക് പൊതുമാർക്കറ്റിൽ ഉള്ളതിനെക്കാൾ കൂടുതൽ വിലയാണ് സപ്ലൈകോയിലെ 'കേര' വെളിച്ചെണ്ണയ്ക്കുള്ളത്.

വിലക്കയറ്റവുമായി ബന്ധപ്പെട്ട് ഇടപെടൽ നടത്തേണ്ട സംവിധാനങ്ങളാണ് സപ്ലൈകോ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നിവയെല്ലാം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെയില്ല. അദ്ദേഹത്തോടുള്ള പോയിന്റാണ് ഞാൻ ഇപ്പോൾ പറയുന്നത്. 2024-ൽ പൊതുവിപണിയിൽ വിലക്കയറ്റം പിടിച്ചുനിർത്താൻവേണ്ടി വകുപ്പ് ആവശ്യപ്പെട്ടത് 420 കോടി രൂപയാണ്. എന്നാൽ വകയിരുത്തിയത് 205 കോടി രൂപയാണ്. അതിൽ ചെലവഴിച്ചത് 176 കോടി രൂപയാണ്. എങ്ങനെയാണ് മാർക്കറ്റ് ഇന്റർവെൻഷനുണ്ടാകുന്നത്; എങ്ങനെയാണ് വിലക്കയറ്റം പിടിച്ചുനിർത്താൻ കഴിയുന്നത്? ഇത് യഥാർഥത്തിൽ മന്ത്രി അല്ലെങ്കിൽ മന്ത്രിക്കുവേണ്ടി സി.പി.ഐ.-യുടെ എം.എൽ.-എ.-മാർ അവതരിപ്പിക്കേണ്ട സഭാനടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപമാണ്. ഈ പൊതുവിപണിയിൽ ഓണക്കാലത്തുപോലും മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി വിലക്കയറ്റം പിടിച്ചുനിർത്താൻവേണ്ടി ഭക്ഷ്യ-പൊതുവിതരണ വകുപ്പ് ആവശ്യപ്പെട്ടത് 420 കോടി രൂപയും

വകയിരുത്തിയത് 205 കോടി രൂപയും ചെലവഴിച്ചത് 176 കോടി രൂപയുമാണ്. ഇത് എനിക്ക് നിയമസഭയിൽ ലഭിച്ച മറുപടിയാണ്. 24-03-2025-ൽ നിയമസഭയിൽ ഞാൻ നൽകിയ ചോദ്യത്തിന് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ശ്രീ. ജി. ആർ. അനിൽ ലഭ്യമാക്കിയ മറുപടിയിലാണ് വകുപ്പ് ആവശ്യപ്പെട്ട തുക, ധനകാര്യ വകുപ്പ് അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയിലെ വലിയ വ്യത്യാസമുള്ളത്. എന്തുകൊണ്ടാണ് ഫലപ്രദമായ വിപണി ഇടപെടലുണ്ടാകാത്തതെന്നും എന്തുകൊണ്ടാണ് മാർക്കറ്റ് ഇന്റർവെൻഷൻ പരാജയപ്പെടുന്നതെന്നും എന്തുകൊണ്ടാണ് ഇന്ത്യയിൽ വിലക്കയറ്റത്തോതിൽ കേരളം ഒന്നാം സ്ഥാനത്ത് നിൽക്കുന്നതെന്നും ഈ നിയമസഭാ ചോദ്യോത്തരം തന്നെ തെളിവാണ്. എല്ലാ ഗവൺമെന്റിന്റെ കാലത്തും സബ്സിഡി ഇനങ്ങൾ 13 എണ്ണമുണ്ടായിരുന്നു. പൊതുവിപണിയിൽ വില വർധിക്കുന്ന സമയത്ത് ഈ സബ്സിഡി ഇനങ്ങൾക്ക് വില വർധിപ്പിക്കാതെയാണ് നമ്മുടേതായ ഇടപെടൽ നടത്തിക്കൊണ്ടിരുന്നത്. ഈ പതിമൂന്ന് സബ്സിഡി ഇനങ്ങളുടെ 2016-ലെ വിലയും നിലവിലെ വിലയും ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) എം.എൽ.എ.-യുടെ 16-09-2025-ലെ നിയമസഭാ ചോദ്യത്തിന്

ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ലഭ്യമാക്കിയ മറുപടിയിൽ നൽകിയിട്ടുണ്ട്. അതിൽ സപ്ലൈകോയിലെ സബ്സിഡി ഇനമായ ചെറുപയറിന് 2016-ൽ 74 രൂപയായിരുന്നത് ഇപ്പോൾ 90 രൂപയാണ്. 66 രൂപയായിരുന്ന ഉഴുന്നിന് ഇപ്പോൾ 90 രൂപ. കടല 43 രൂപയായിരുന്നത് ഇപ്പോൾ 65 രൂപ. തുവരപ്പരിപ്പ് 65 രൂപയായിരുന്നത് ഇപ്പോൾ 93 രൂപ. മുളക് 75 രൂപയായിരുന്നത് ഇപ്പോൾ 110 രൂപ. ഇവയെല്ലാം സപ്ലൈകോയിലെ സബ്സിഡി ഇനങ്ങളുടെ വിലയാണ്. സപ്ലൈകോയിലെ നോൺ-സബ്സിഡി ഇനത്തിന്റെ വിലയും പൊതുവിപണിയിലെ വിലയും വേറെയാണ്. ഇത് സപ്ലൈകോയിൽ എല്ലാ കാലത്തും എല്ലാ ഗവൺമെന്റുകളും പൊതുവിപണിയിലെ വിലക്കയറ്റത്തെ പിടിച്ചുനിർത്താൻവേണ്ടി നടത്തുന്ന ഏറ്റവും വലിയ മാർക്കറ്റിങ് ഇന്റർവെൻഷനായ 13 സബ്സിഡി ഇനങ്ങളുടെ വില സംബന്ധിച്ചിട്ടുള്ള കാര്യമാണ്. 2016-ൽ ജയ അരി 25 രൂപയായിരുന്നത് ഇന്ന് 33 രൂപ. കുറുവ അരി 25 രൂപയായിരുന്നത് ഇന്ന് 33 രൂപ. വെളിച്ചെണ്ണ ഒരു ലിറ്റർ.....

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): (മൈക്ക് ഓഫ്) ഇത് ഒൻപത് വർഷം മുമ്പുള്ളതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ദേശാഭിമാനി പത്രത്തിന്റെ ആദ്യത്തെ പേജിൽ 'സബ്സിഡി കൂട്ടില്ല' എന്ന് വാർത്ത വന്നിട്ടുണ്ട്. സബ്സിഡി ഉൽപന്നങ്ങൾക്ക് വില കൂട്ടില്ലെന്ന് പറഞ്ഞ് നമ്മളെ ഒത്തിരി ഓടിച്ചതാണ്. അതൊന്നും വെറുതെ ഓർമ്മിപ്പിക്കരുത്; ഇപ്പോൾ ആ ഇനങ്ങൾക്കാണ് ഈ വില വർധനവുണ്ടായിരിക്കുന്നത്. അതാണ് ഞാൻ സൂചിപ്പിച്ചത്. പൊതുവിപണിയിൽ ഇതിനേക്കാൾ വലിയ വില വർധനവാണുള്ളത്. ഞാൻ മാത്രം പറഞ്ഞ കാര്യമല്ലിത്. ഇപ്പോൾ പാർട്ടിയുടെ സമ്മേളനത്തിൽ നടക്കുന്നത് എന്തൊക്കെയാണെന്നുള്ളത് നമുക്ക് അറിയാൻ കഴിയില്ല. അത് പത്രങ്ങളിലൂടെ വായിക്കാമെന്നല്ലാതെ പാർട്ടി കമ്മിറ്റിയിലൊന്നും ഞങ്ങളില്ല. പതിമൂന്നിന അവശ്യസാധനങ്ങൾക്ക് വില വർധിപ്പിക്കില്ലെന്ന സർക്കാർ വാഗ്ദാനം പാഴ്വാക്ക് ആണെന്നും വെളിച്ചെണ്ണ വില വർധനവ് നാണക്കേടാണെന്നും ഇപ്പോൾ കഴിഞ്ഞ സി.പി.ഐ. സമ്മേളനത്തിൽ പ്രതിനിധികൾ വിമർശനം ഉന്നയിച്ചു. പൊതുവിപണിയിൽ കുറഞ്ഞവിലയ്ക്ക് ലഭിക്കുമെങ്കിൽ പിന്നെന്തിനാണ് കേരയുടെ വെളിച്ചെണ്ണ ഈ കൂടിയ വിലയ്ക്ക് വാങ്ങണം എന്നുള്ള ചോദ്യവും ഹോർട്ടികോർപ്പ് എന്തിനാണെന്നും ഹോർട്ടികോർപ്പിൽ പൊതുവിപണിയെക്കാൾ വിലയാണെന്നും പിന്നെ

എങ്ങനെ ആ സ്ഥാപനം രക്ഷപ്പെടുമെന്നതടക്കമുള്ള ചോദ്യങ്ങളും ഉയർന്നു. ഇത് സി.പി.ഐ. സമ്മേളനത്തെ സംബന്ധിച്ച് മാധ്യമങ്ങളിൽ വന്ന വാർത്തയാണ്. അതിൽ ശരിയുമുണ്ടാകാം തെറ്റുമുണ്ടാകാം. ഇവിടെ ഇതുമാത്രമാണോ സംഭവിക്കുന്നത്; സപ്ലൈകോയിലെ കരാറുകാർക്ക് കൊടുക്കാനുള്ള കുടിശ്ശിക തുക നൽകുന്നില്ല. അതുകൊണ്ട് അവർ ടെൻഡറിൽ പങ്കെടുക്കുന്നില്ല. അതുമൂലം സപ്ലൈകോ വലിയ പ്രതിസന്ധി നേരിടുകയാണ്. സപ്ലൈകോയ്ക്ക് അവർ ആവശ്യപ്പെടുന്ന തുക അനുവദിച്ചുകൊണ്ട് അതിനെ പിടിച്ചുനിർത്തണമെന്ന് ഞങ്ങൾ എപ്പോഴും പറയാറുണ്ട്. ഇനി സർക്കാരിന്റെ മുമ്പിൽ വിലക്കയറ്റം പിടിച്ചുനിർത്താൻ ആകെ ഒരു മാർഗമേയുള്ളൂ. ഇപ്പോഴത്തെ സാഹചര്യങ്ങൾ മനസ്സിലാക്കിയിട്ട് ഒരു അന്തർദേശീയ വിലക്കയറ്റ വിരുദ്ധ കോൺക്ലേവ് തിരുവനന്തപുരത്ത് സംഘടിപ്പിക്കുകയെന്നുള്ളതാണ് ഉചിതം. രാവണപ്രഭു സിനിമയിൽ ഇന്നസെന്റിന്റെ കഥാപാത്രം "ഇത് അയാളുടെ കാലമല്ലേ" എന്ന് പറയുന്നതുപോലെ, ഇത് കോൺക്ലേവിന്റെ കാലമല്ലേ? ഒരു വിലക്കയറ്റ വിരുദ്ധ കോൺക്ലേവ് നടത്തുകയല്ലാതെ ഗവൺമെന്റ് ഇക്കാര്യത്തിൽ നല്ലത് ചെയ്യുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല. പൊതുവിപണിയിലെ

വിലക്കയറ്റത്തെക്കുറിച്ച് സൂചിപ്പിക്കാതെ പോകുന്നത് ശരിയല്ല. നേരത്തെ ബഹുമാനപ്പെട്ട മന്ത്രിമാർ ഈ കണക്ക് ഒൻപത് വർഷംമുമ്പുള്ളതല്ലേ എന്ന് സൂചിപ്പിച്ചു. രണ്ടുമാസം മുമ്പ് ലൂസ് മട്ട അരി 51 രൂപയായിരുന്നത് നിലവിലത് 56 രൂപയായി. 170 രൂപയായിരുന്ന വറ്റൽമുളകിന് പൊതുവിപണിയിൽ രണ്ട് മാസത്തിനുശേഷം 185 രൂപയായി. രണ്ട് മാസം കൊണ്ട് പതിനഞ്ച് രൂപയാണ് വർധിക്കുന്നത്. ചെറുപയർ രണ്ട് മാസത്തിനുമുമ്പ് 155 രൂപയായിരുന്നത് ഇപ്പോൾ 170 രൂപയായി. ഉഴുന്ന് പരിപ്പ് 120 രൂപയായിരുന്നത് ഇപ്പോൾ 130 രൂപയാണ്. ഞാൻ അവസാനിപ്പിക്കുകയാണ്. ഈ വിലക്കയറ്റം നമുക്ക് പൊതുവിപണിയിൽ നിയന്ത്രിക്കാൻ കഴിയുന്നില്ല. പൊതുവിപണിയിൽ വിലക്കയറ്റമുണ്ടാകുമ്പോൾ അത് തടയാനുള്ള സപ്ലൈകോ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ പോലുള്ള സംവിധാനങ്ങളെ നമ്മൾ ശക്തിപ്പെടുത്തുന്നില്ല. ഇവിടെ പ്രൈസ് മോണിറ്ററിങ്ങില്ല, അതിനായി റെഗുലർ ഇന്റർവെൻഷനില്ല. സപ്ലൈ ചെയ്യുന്നതിൽ പ്രശ്നങ്ങളുണ്ട്. മൂന്നാർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽനിന്ന് ചെറിയ ഉള്ളി തുടങ്ങിയ സാധനങ്ങൾ വില കുറഞ്ഞിരിക്കുന്ന സമയത്ത് കർഷകരിൽനിന്നും വാങ്ങി കൃത്യമായി

സ്റ്റോറേജ് ചെയ്താൽ വില കൂടുന്ന സമയത്ത് നമുക്ക് കർഷകരെയും ജനങ്ങളെയും സപ്പോർട്ട് ചെയ്യാൻ കഴിയുമെന്നാണ് ശ്രീ. മാണി സി. കാപ്പൻ എന്നോട് പറഞ്ഞത്. അതുപോലെയുള്ള സ്റ്റോറേജ് സമ്പ്രദായമൊന്നും ഇവിടെയില്ല. PSUs-നെ ശക്തിപ്പെടുത്താൻ യാതൊരു സംവിധാനവുമില്ല. അവിടെ inefficiency കൊടികുത്തി വാഴുകയാണ്. അതുകൊണ്ട് ഇത്ര രൂക്ഷമായ വിലക്കയറ്റത്തിൽ, രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് രണ്ടാമത് നിൽക്കുന്ന സംസ്ഥാനത്തിന്റെ റീട്ടെയിൽ ഇൻഫ്ലേഷൻ റേറ്റ് 3.86 ആണെങ്കിൽ നമ്മുടേത് 9.04 എന്നുള്ളത് ഒട്ടും ആശ്വാസ്യകരമല്ല. ഇക്കാര്യത്തിൽ ജനങ്ങളെ സംരക്ഷിക്കാനും ജനങ്ങൾക്ക് ആശ്വാസം നൽകാനും കഴിയുന്ന നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങേയ്ക്ക് സഭയുടെ ഒരു സ്പെഷ്യൽ അപ്രീസിയേഷനുണ്ട്. പതിനഞ്ചാമത് കേരള നിയമസഭ പതിനാറ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപങ്ങൾ ചർച്ചയ്ക്കെടുത്തപ്പോൾ അങ്ങ് നൽകിയ നാല് നോട്ടീസും സഭ ചർച്ചയ്ക്കെടുത്ത വിവരം അങ്ങയെ അറിയിക്കുകയാണ്.

ശ്രീ. വി. ജോയി: സർ, പ്രതിപക്ഷത്തിന് എന്ത് പറ്റിയെന്ന് ഞാൻ ചിന്തിക്കുകയായിരുന്നു. സ്ഥിരം പണി വാങ്ങിക്കുന്ന ഒരു രീതി ഈ കഴിഞ്ഞ കുറച്ചുകാലമായി അവർ തുടരുകയാണ്. 'കണ്ട കണ്ണിൽ കോൽ കൊണ്ട് കുത്തുന്നു' എന്നൊരു പ്രയോഗമുണ്ട്. ഇവിടെ യഥാർഥത്തിൽ അതല്ലേ സംഭവിച്ചുകൊണ്ടിരിക്കുന്നത്. നാട്ടിൽ മാത്രമല്ല, രാജ്യത്തും ലോകത്താകമാനവും വിലക്കയറ്റമുണ്ട്. ആ വിലക്കയറ്റത്തെ പിടിച്ചുനിർത്തുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ആവനാഴിയിലെ അവസാനത്തെ അമ്പും അസ്ത്രവും ഉപയോഗപ്പെടുത്തുകയാണ്. അവയെല്ലാം ഉപയോഗപ്പെടുത്തി വിലക്കയറ്റം കുറച്ചുകൊണ്ടുവന്നിരിക്കുന്ന കാലഘട്ടത്തിൽ എന്തിനാണ് ഇങ്ങനെ പറയുന്നത്? കോൺക്ലേവ് നടത്തുകയല്ല; വിലക്കയറ്റം താഴേക്ക് പോകുന്നത് കാണിച്ചുകൊടുക്കുകയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ചെയ്തിട്ടുള്ളതെന്ന് നിങ്ങൾ മനസിലാക്കേണ്ടതാണ്. മാവേലി സ്റ്റോറിനുപകരം വാമന സ്റ്റോർ കൊണ്ടുവന്ന ചരിത്രമാണ് നിങ്ങൾക്കുള്ളതെന്ന് പ്രത്യേകമായി ഓർക്കേണ്ടതാണ്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ് എന്നുള്ളത് എല്ലാവരും യോജിക്കുന്ന കാര്യമാണ്. ഇൻഡക്സ് കണക്കാക്കുമ്പോൾ മറ്റ് സംസ്ഥാനങ്ങളെ

അപേക്ഷിച്ച് കേരളം മുന്നിൽ വരുന്നുണ്ടെന്നുള്ളത് ശരിയാണ്. അതിനൊരു പ്രധാനപ്പെട്ട കാരണം സംസ്ഥാനത്ത് ഇന്ന് നിലനിൽക്കുന്ന ഉയർന്ന കൂലി നിരക്കാണ്. ആർ.ബി.ഐ.-യുടെ കണക്കുപ്രകാരം കർഷകമേഖലയിലെ കൂലി 807 രൂപയാണ്. എന്നാൽ വാസ്തവത്തിൽ, അതിനേക്കാൾ കൂടുതലാണ്. രാജ്യത്തിന്റെ ദേശീയ ശരാശരി എത്രയാണ്? ദേശീയ ശരാശരി 372 രൂപയാണ്. നിർമ്മാണ മേഖലയിലെ കൂലി 900 രൂപയാണെന്നാണ് പറയുന്നതെങ്കിലും കേരളത്തിൽ അത് 1400-1500 രൂപയാണ്. എന്നാൽ ദേശീയ ശരാശരി 417 രൂപയാണ്. ഇതൊരു പ്രധാനപ്പെട്ട കാര്യമായി നമ്മൾ മനസ്സിലാക്കേണ്ടതല്ലേ? 'വായിൽ വരുന്നത് കോതയ്ക്ക് പാട്ട്' എന്നതുപോലെ ഒരു ആശയദാരിദ്ര്യം അല്ലെങ്കിൽ വിഷയ ദാരിദ്ര്യം വരുമ്പോൾ സഭാനടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപമായി എന്തും അവതരിപ്പിക്കുക, എന്തെങ്കിലും പറഞ്ഞ് അവസാനിപ്പിച്ച് പോകുക. അതിന് ഭരണപക്ഷം തയ്യാറല്ല എന്നുള്ളത് നിങ്ങളെ ആവർത്തിച്ച് ബോധ്യപ്പെടുത്തുകയാണെന്നത് നിങ്ങൾ മനസ്സിലാക്കണം.

കേന്ദ്ര നയങ്ങളെ സംബന്ധിച്ച് ഒരു വാക്ക് പ്രമേയാവതാരകൻ പറഞ്ഞോ; എന്തായിരുന്നു കേന്ദ്രഗവൺമെന്റിന്റെ സമീപനം? ഈ കഴിഞ്ഞ

11 വർഷക്കാലമായി രാജ്യത്ത് ഭരണം നടത്തുന്ന ബി.ജെ.പി. ഗവൺമെന്റ്, കുത്തകകളെയും കോർപ്പറേറ്റുകളെയും വൻകിട മുതലാളിമാരെയും സഹായിക്കുന്ന സമീപനം സ്വീകരിക്കുകയല്ലേ; രാജ്യത്തെ കർഷകരുടെ ഉൽപന്നങ്ങൾ നേരത്തെതന്നെ വിലയ്ക്കുവാങ്ങിച്ച് ഗോഡൗണിൽ കൊണ്ടുപോയി സൂക്ഷിച്ച് അവർ വില നിശ്ചയിച്ച് രാജ്യത്ത് വിതരണം ചെയ്യുന്ന സമ്പ്രദായമല്ലേ നിലനിൽക്കുന്നത്. കാർഷിക നിയമങ്ങളിൽ അവർ മാറ്റം വരുത്തിയില്ലേ; കേന്ദ്ര ഗവൺമെന്റിന്റെ ഈ സമീപനത്തെ സംബന്ധിച്ച് ഒരു വാക്ക് സൂചിപ്പിക്കാൻ വിഷയാവതാരകന് സാധിച്ചോ; നിങ്ങൾക്ക് സാധിക്കില്ല. പ്രതിപക്ഷം എപ്പോഴും അങ്ങനെയാണ്. കേരളത്തിലെ ഇടതുപക്ഷ മുന്നണി സർക്കാരിനെ സഭയിൽ എങ്ങനെ മോശപ്പെടുത്താമെന്ന് റിസർച്ച് നടത്തുന്നവരാണ് പ്രതിപക്ഷം എന്നുള്ളത് മനസിലാക്കേണ്ടതാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് ഒന്നും ചെയ്തില്ലേ? ഈ കഴിഞ്ഞ കാലഘട്ടങ്ങളിൽ കോൺഗ്രസിന്റെ കാലഘട്ടത്തെ അപേക്ഷിച്ച് എത്ര മടങ്ങാണ് എൽ.ഡി.എഫ്. ഗവൺമെന്റ് സംസ്ഥാനത്ത് വിലക്കയറ്റം പിടിച്ചുനിർത്താൻ സഹായിച്ചത്. വിപണി ഇടപെടൽ സംബന്ധിച്ച് പറയുകയാണെങ്കിൽ, യു.ഡി.എഫ്.-ന്റെ കാലത്ത് 773 കോടി രൂപ

വിപണി ഇടപെടലിന്റെ ഭാഗമായി നിങ്ങൾ ചെലവഴിച്ചപ്പോൾ ഒന്നാം പിണറായി സർക്കാർ മാത്രം 4299 കോടി രൂപയാണ് വിപണി ഇടപെടലിനുവേണ്ടി ചെലവഴിച്ചത്. രണ്ടാം പിണറായി സർക്കാർ ഇതുവരെ 3502 കോടി രൂപ ചെലവഴിച്ചു. ഈ വർഷം ബജറ്റിൽ 325 കോടി രൂപ വകയിരുത്തി, ഇതുവരെ 274 കോടി രൂപ വിപണി ഇടപെടലിനുവേണ്ടി നൽകി. നെല്ലുസംഭരണം അതുപോലെയാണ്, മറ്റ് സാഹചര്യങ്ങൾ ഇതുപോലെയാണ്. ഇത് പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടാണ് സർക്കാർ പോകുന്നത്. ഓണം വരികയല്ലേ, കാണാമെന്നുപറഞ്ഞ് കോൺഗ്രസ്സ് നല്ലതുപോലെ സന്തോഷിച്ചിരുന്നു; ചില മാധ്യമങ്ങൾ അച്ച് നിരത്തിവച്ചിരുന്നു. പക്ഷേ ഓണം ഹാപ്പിയായി. ഓണം എങ്ങനെ ഹാപ്പിയായി എന്നുചോദിച്ചാൽ, കേരളത്തിലെ 62 ലക്ഷം ക്ഷേമ പെൻഷൻകാർക്ക് ഈ ഗവൺമെന്റ് ഓണത്തിന് പത്ത് ദിവസം മുമ്പ് രണ്ട് ഗഡു പെൻഷൻ നൽകിയിരുന്നു. തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം ഓണ സമ്മാനമായി 200 രൂപ വർധിപ്പിച്ച് 1200 രൂപയാക്കി നൽകി. പൂട്ടികിടന്ന 425 കശുവണ്ടി ഫാക്ടറികളിലെ പതിനാലായിരത്തോളം വരുന്ന തൊഴിലാളികൾക്ക് 250 രൂപ ഓണക്കാല ആശ്വാസം വർധിപ്പിച്ച് 2250

രൂപ വീതം ഈ ഗവൺമെന്റ് നൽകി. പൂട്ടികിടന്ന തോട്ടം മേഖലയിലെ തൊഴിലാളികളെ സഹായിച്ചു. 12500 ഖാദി തൊഴിലാളികൾക്ക് ഉത്സവബത്തയും ബോണസും നൽകി. 379000-ലധികം വരുന്ന പരമ്പരാഗത തൊഴിലാളികൾക്ക് ഓണ സഹായമായി 50 കോടി രൂപ പ്രത്യേകമായി നൽകി. ഭാഗ്യക്കുറി വകുപ്പ്, മറ്റിതര വിഭാഗങ്ങൾ എന്നിങ്ങനെ ആളുകളുടെ കൈയിൽ പണം എത്തുന്നതിനുവേണ്ടിയിട്ടുള്ള വലിയ പരിശ്രമം നടത്തി. കേരള കൗമുദി പത്രത്തിൽ, "സാധന വില താഴുന്നു; സർക്കാർ ഇടപെടൽ ഭംഗിയായി" എന്നൊരു വാർത്ത കൊടുത്തു. ഇവിടെ വെളിച്ചെണ്ണയുടെ വില പറഞ്ഞല്ലോ; ഓണത്തിന് വെളിച്ചെണ്ണ 373 രൂപയ്ക്കാണ് കൊടുത്തത് എന്ന കാര്യം അവതാരകൻ മറന്നുപോയി. ഓണം സമൃദ്ധമായി എന്നാണ് കേരള കൗമുദി പത്രം ഒരു മുഖപ്രസംഗത്തിൽ എഴുതിയത്. "സർക്കാർ ജീവനക്കാരുടെ ശമ്പളവും ഫെസ്റ്റിവെൽ അലവൻസും ഓണം അഡ്വാൻസും മറ്റ് ക്ഷേമ പെൻഷനുകളും എല്ലാം കൃത്യസമയത്ത് വിതരണം ചെയ്തത് മികവായി. തൊഴിൽ മേഖലകളിലും യാതൊരു തർക്കവുമുണ്ടായില്ല. ബോണസിന്റെ പേരിൽ ഉയരാറുള്ള പ്രതിഷേധവുമില്ലായിരുന്നു. ധനമാനേജ്മെന്റ്

കെ. എൻ. ബാലഗോപാൽ തുടർന്നുവരുന്ന ബാലൻസിങ് ഓണത്തെ കളർഫുളാക്കി". എന്നാണ് കേരള കൗമുദി പത്രത്തിന്റെ മുഖപ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്.

ഓണത്തിന് എല്ലാ മാധ്യമങ്ങളും മൈക്കുംകൊണ്ട് ചാലക്കമ്പോളത്തിലും പാളയം മാർക്കറ്റിലും ചെന്ന് ഇപ്പോഴുള്ള ഓണം എങ്ങനെയാണെന്ന് ആളുകളോട് ചോദിച്ചപ്പോൾ ഓണം ഹാപ്പിയാണെന്നും അടിപൊളിയാണെന്നുമുള്ള കൃത്യമായ മറുപടിയാണ് ജനം പറഞ്ഞത്. അത് ശരിയായിരുന്നു; ഓണം കളർഫുള്ളായിരുന്നു. എന്നിട്ടാണ് പ്രതിപക്ഷം ഇപ്പോൾ ഇവിടെവന്ന് സർക്കാരിനെതിരെ സംസാരിക്കുന്നത്. അതിനാൽ ഇതെല്ലാം ആര് കേട്ടാലും പുച്ഛിച്ച് തള്ളുകയേയുള്ളൂ. ഉപക്ഷേപ അവതാരകൻ തന്റെ നിയോജക മണ്ഡലമായ കുണ്ടറയിൽ ചെന്നാൽ ആളുകൾ ചോദിക്കും; "ഇത് ശരിയല്ലല്ലോ; ഞങ്ങളുടെ കൈയിൽ പണം ഉണ്ടായിരുന്നു, ഞങ്ങൾ സാധനങ്ങൾ ........... വച്ച് വാങ്ങിച്ചല്ലോ, ഞങ്ങൾ പട്ടിണിയല്ലായിരുന്നല്ലോ" എന്ന് ചോദിക്കുന്നൊരു സാഹചര്യം വരും. അത് ശരിയല്ലായെന്നാണ് ഞാൻ പറയുന്നത്.

ഒരു കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

കഴിഞ്ഞ ദിവസം പൊലീസുമായി ബന്ധപ്പെട്ട വിഷയം സഭയിൽ വന്നപ്പോൾ ശിവഗിരിയുടെ കാര്യവും അതോടൊപ്പം മുത്തങ്ങയിലെ വെടിവയ്പ്പും സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരാമർശിച്ചിരുന്നു. ഇന്നലെ ബഹുമാന്യനായ ശ്രീ. എ. കെ. ആന്റണി പത്രസമ്മേളനം വിളിച്ച് ചില കാര്യങ്ങൾ പറഞ്ഞു. അദ്ദേഹത്തിന്റെ വിഷമവും പ്രയാസവുമൊക്കെ ഒരുപക്ഷേ അദ്ദേഹം ഉപയോഗപ്പെടുത്തി കാണും. അത് എന്തായിരുന്നാലും .........ബഹളം.........

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്..... അദ്ദേഹം പറഞ്ഞോട്ടെ...

ശ്രീ. വി. ജോയി: സർ, യഥാർഥത്തിൽ വസ്തുതയെന്താണ്? ശിവഗിരിയിൽ നടന്ന നരനായാട്ട് സംബന്ധിച്ച് ആരാണ് മറുപടി പറയേണ്ടത്? ഞാൻ ഒരു കാര്യം സൂചിപ്പിക്കാം, ശ്രീ. എം. എസ്. മണി എഴുതിയ 'ശിവഗിരിക്ക് മുകളിൽ തീ മേഘങ്ങൾ' എന്ന പുസ്തകത്തിന്റെ സമർപ്പണം ഇങ്ങനെയാണ്; "നേതൃത്വമില്ലാത്ത സമുദായമാണ് എന്ന് മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി വിശേഷിപ്പിച്ച സമുദായത്തിന് സമർപ്പിക്കുന്നു" എന്നാണ്. കൂടാതെ, "ശിവഗിരി ചവിട്ടി പൊളിച്ചവർക്കും പൊളിപ്പിച്ചവർക്കും ന്യായീകരിച്ചവർക്കും ഒരിക്കലും മാപ്പില്ല" എന്നും ആ പുസ്തകത്തിൽ രേഖപ്പെടുത്തുന്നു. ഇന്നലെ ബഹുമാനപ്പെട്ട

ശ്രീ. എ. കെ. ആന്റണി നടത്തിയ പത്രസമ്മേളനത്തിൽ, ഹൈക്കോടതി ജഡ്ജി അന്വേഷിച്ച റിപ്പോർട്ട് പരിശോധിച്ചാൽ അറിയാമെന്ന് പറഞ്ഞല്ലോ; ആ റിപ്പോർട്ടിന്റെ ഒരു ഭാഗം കൂടി വായിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. "1995-ൽ ഉണ്ടായ ശിവഗിരിയുടെ തർക്കം പരിഹരിക്കുന്നതിനുള്ള ഉപസമിതിയുടെ രൂപീകരണത്തിന് പ്രായോഗികതയില്ല. മറിച്ച് രാഷ്ട്രീയ ലക്ഷ്യം മാത്രമാണുണ്ടായിരുന്നത് എന്ന നിഗമനത്തിലെ കമ്മീഷന് എത്താനാകൂ, ഉപസമിതിയുടെ രൂപീകരണം ഒരു അനുഗ്രഹമായിരുന്നില്ല". എന്ന് വളരെ വ്യക്തമായി സൂചിപ്പിക്കുന്ന ഘടകം ഇതിലുണ്ട്. (.....ബഹളം....)

<u>മി. സ്പീക്കർ</u>: യെസ്..... പ്ലീസ്..... പ്ലീസ്.........കൺക്ലൂഡ്

<u>ശ്രീ. വി. ജോയി</u>: സർ, ഇത് നിയമസഭാ രേഖകളിലുണ്ട്, നിയമസഭയുടെ സൈറ്റിലുണ്ട്. (.....ബഹളം....) കൃത്യമായി അതിവിടെ സൂചിപ്പിച്ചിട്ടുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ പ്രധാനപ്പെട്ടൊരു ചർച്ച സഭാനടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തെക്കുറിച്ച് നടക്കുകയാണ്. രണ്ട് ജുഡീഷ്യൽ കമ്മീഷനെക്കുറിച്ച് പറഞ്ഞു. വേണമെങ്കിൽ ജുഡീഷ്യൽ കമ്മീഷനെക്കുറിച്ച് നമുക്ക് വേറെ ചർച്ച ചെയ്യാം. ഞങ്ങൾക്ക് പറയാനുള്ളത് മുഴുവൻ പറയേണ്ടിവരും.

ശ്രീ. എ. കെ. ആന്റണി ചില ഭാഗങ്ങൾ മാത്രമേ പറഞ്ഞുള്ളൂ. ഈ നിയമസഭ അംഗീകരിച്ച, ക്യാബിനറ്റ് അംഗീകരിച്ച ജുഡീഷ്യൽ കമ്മീഷനെക്കുറിച്ചാണ് ചർച്ചയെങ്കിൽ ആ ചർച്ചയിൽ നമുക്കും അഭിപ്രായമുണ്ട്. ആ കമ്മീഷൻ റിപ്പോർട്ടുകൂടി വച്ച് നമുക്ക് ചർച്ച ചെയ്യാം. അതിനുപകരം ഭാഗികമായി രണ്ട് വാക്കുകൾ പറഞ്ഞ് വീണ്ടും ശ്രീ. എ. കെ. ആന്റണിയെ കുത്താൻ ശ്രമിച്ചാൽ ഒരിക്കലും അത് സമ്മതിക്കാൻ പറ്റില്ല. അതുകൊണ്ട് ഇത് സഭാ രേഖകളിൽനിന്ന് മാറ്റണം. (.....ബഹളം....)

മി. സ്പീക്കർ: യെസ്... യെസ്... യെസ്... പരിശോധിക്കാം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, സഭാനടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം ചർച്ച ചെയ്യുമ്പോൾ ഉന്നയിച്ച കാര്യത്തെക്കുറിച്ചാണ് ബഹുമാന്യനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്. അതൊരു കുറ്റബോധത്തിൽനിന്ന് പറഞ്ഞതായിരിക്കാം.

"എന്നെ പ്രതിരോധിക്കാൻ ആരും ഉണ്ടായിരുന്നില്ല, അതുകൊണ്ട് ഞാൻ തന്നെ ദീർഘകാലത്തെ മൗനം വെടിഞ്ഞ് ഇറങ്ങിയിരിക്കുന്നു." എന്ന് ശ്രീ. എ. കെ. ആന്റണി പറയേണ്ടിവന്ന സാഹചര്യമുണ്ടായില്ലേ?

(.....ബഹളം....) സാധാരണ സഭാനടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപങ്ങൾ വരുമ്പോൾ ഭരണപക്ഷത്തിന് പ്രതിരോധിക്കാൻ കഴിയാത്ത സാഹചര്യമാണ് വരുന്നത്. ഇന്നലെ ശ്രീ. എ. കെ. ആന്റണി തന്നെ പുറത്തുപറഞ്ഞിരിക്കുന്നു, പ്രതിരോധിക്കാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല, നിയമസഭാ തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ കുറച്ചുകാര്യംകൂടി പറയുമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. അപ്പോൾ അത് എന്തായിരിക്കുമെന്നതുകൂടി വ്യക്തമാണെന്നത് സൂചിപ്പിക്കാൻ ഉദ്ദേശിക്കുന്നു.(....ബഹളം......)

ശ്രീ. വി. ഡി. സതീശൻ: സർ, സഭാനടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകി രണ്ട് മണിക്കൂർ ചർച്ച നടത്തുകയാണ് നമ്മൾ. വളരെ ഗൗരവകരമായ വിഷമാണെന്ന് സർക്കാരിന്റെ ഭാഗത്തുനിന്നുകൂടി ബോധ്യപ്പെട്ടിട്ടല്ലേ ഈ വിഷയം മൂന്ന് ബില്ലുള്ള ദിവസം രണ്ട് മണിക്കൂർ ചർച്ച ചെയ്യുന്നത്. There is an impropriety. ഈ വിഷയമല്ലാത്ത വേറെ കാര്യങ്ങൾ ഈ ചർച്ചയിൽ പങ്കെടുക്കാൻ..... (......ബഹളം.......) റൂൾസിലുള്ളതാണ് ഞാൻ പറയുന്നത്. അങ്ങ് അനുവദിക്കരുത്... അത് ശരിയല്ല (......ബഹളം.......)

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്...പ്ലീസ്....അദ്ദേഹം പറയട്ടെ....

ശ്രീ. വി. ഡി. സതീശൻ: സർ, റൂൾസ് ഓഫ് പ്രൊസീജ്യറിലുള്ള വളരെ

പ്രധാനപ്പെട്ടൊരു കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. സമയം വളരെ പ്രധാനപ്പെട്ടതാണ്. ആ സമയത്ത് വേറെ വിഷയങ്ങൾ സംസാരിക്കുന്നത് റൂൾസിനെതിരാണ്. മൂന്ന് ബില്ല് പാസ്സാക്കാനുള്ളതല്ലേ; ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയിൽ ഞങ്ങൾ ഏതെങ്കിലും കാര്യത്തിൽ oppose ചെയ്തോ? പണ്ട് നിങ്ങൾ പ്രതിപക്ഷത്ത് ഇരിക്കുമ്പോൾ രണ്ടാമത്തെ ബില്ല് വന്ന് മൂന്നാമത്തെ ബില്ലാണെങ്കിൽ പറ്റില്ലെന്ന് പറയും. ഞങ്ങൾ എല്ലാത്തിനോടും സഹകരിക്കുകയാണ്. അങ്ങ് മുഖ്യമന്ത്രിയോട് ചോദിക്കൂ; ബി.എ.സി.-യിൽ അങ്ങും ഉണ്ടായിരുന്നല്ലോ? ഞങ്ങൾ ഇക്കാര്യങ്ങളോടെല്ലാം സഹകരിക്കുന്നവരാണ്. പക്ഷെ എല്ലാ പരിധിയുംവിട്ട് വേറെ തലത്തിലേക്ക് ചർച്ച പോയാൽ പിന്നെ, ഞങ്ങൾ ഇതിനോട് സഹകരിക്കില്ല.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട ശ്രീ. വി. ജോയി വിലക്കയറ്റത്തെക്കുറിച്ച് ശ്രീ. പി.സി. വിഷ്ണുനാഥ് പറഞ്ഞ കണക്കുകൾ ഖണ്ഡിച്ചുകൊണ്ട് സംസാരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. പക്ഷേ അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ വിലക്കയറ്റം അദ്ദേഹവും അംഗീകരിക്കുന്നുണ്ടെന്നാണ് എനിക്ക് മനസ്സിലായത്. ഇവിടെ വിലക്കയറ്റമില്ല എന്നുകരുതുന്ന ഒരേ ഒരാളെയുള്ളൂ അത് നമ്മുടെ ഭക്ഷ്യ-പൊതുവിതരണ

വകുപ്പുമന്ത്രി മാത്രമാണ്. അദ്ദേഹത്തിന്റെ പാർട്ടികാർക്കുപോലും അത് വിശ്വസിക്കാൻ കഴിയില്ല. മാതൃഭൂമി പത്രത്തിൽ വന്ന ഒരു വാർത്തയുണ്ട്; "കഴിഞ്ഞ സി.പി.ഐ.-യുടെ ജില്ലാ സമ്മേളനം - ശ്രീ. കെ. രാജൻ ഒഴികെ സി.പി.ഐ. മന്ത്രിമാർക്കെതിരെ രൂക്ഷ വിമർശനം, അതിൽ സിവിൽ സപ്ലൈസ് വകുപ്പിനെതിരെയായിരുന്നു കടുത്ത വിമർശനം. ഒരു കാലത്ത് സി.പി.ഐ.-യുടെ അഭിമാനമായിരുന്ന വകുപ്പായിരുന്നു സിവിൽ സപ്ലൈസ്. ഇന്ന് അത് അപമാനമായി മാറി. വെളിച്ചെണ്ണ വില ഇത്രയും ഉയർന്നിട്ടും ഒരു ഇടപെടലുമില്ല. (.....ബഹളം.....) സപ്ലൈകോയിലെ സാധനങ്ങൾക്ക് ഒരു നിലവാരവുമില്ല. കടല രാവിലെ അടുപ്പത്തിട്ട് പോയാൽ വൈകുന്നേരമായാലും വേവുകയില്ല എന്നുള്ള കളിയാക്കലുമുണ്ടായി". സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് അത് ക്വാളിറ്റി കൺട്രോളർ റിജെക്ട് ചെയ്താലും ഉന്നതങ്ങളിലെ ഇടപെടൽമൂലം ആ സാധനങ്ങൾ വാങ്ങേണ്ടി വരുന്നുവെന്ന് സപ്ലൈകോയിലെ ഉദ്യോഗസ്ഥർ തന്നെ പറയുകയാണ്. (....ബഹളം....) കടുകിനേക്കാൾ ചെറിയ ചെറുപയറാണ് ചിലസമയത്ത് സപ്ലൈകോയിൽ വിതരണം ചെയ്യുന്നത്. ഒരു പത്രത്തിൽ മാത്രമല്ല, എല്ലാ പത്രങ്ങളിലും ഇക്കാര്യങ്ങളുണ്ട്. ഓണക്കാലം ഹാപ്പിയാണെന്നു പറഞ്ഞു. ഏത് ഓണക്കാലമാണ് ഹാപ്പിയല്ലാത്തത്; 'കാണം വിറ്റും ഓണം ഉണ്ണണം' എന്ന തത്വത്തിൽ വിശ്വസിച്ചുകൊണ്ട് മലയാളികളുടെ

അഭിമാനമായ ഓണം എന്തു വിറ്റായാലും നാം ആഘോഷിക്കും. അത് നിങ്ങളുടെ കാലത്ത് മാത്രം ഹാപ്പിയാണെന്നു പറയേണ്ട. സപ്ലൈകോ ഓണക്കാലത്ത് 386 കോടി രൂപയുടെ വില്പന നടത്തിയെന്ന് പറഞ്ഞ് അദ്ദേഹം അഭിമാനിക്കുകയാണ്. ഈ സമയം ബിവറേജസ് കോർപ്പറേഷൻ 970 കോടി രൂപയുടെ മദ്യ വില്പയാണ് നടത്തിയിട്ടുള്ളത്. സപ്ലൈകോ വഴി ആകെ 180 കോടി രൂപയുടെ സബ്സിഡി സാധനങ്ങളാണ് വിറ്റത്. അവിടെയാണല്ലോ സർക്കാർ ഇടപെടൽ നടത്തിയത്. 56 ലക്ഷം ഗുണഭോക്താക്കളുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറയുകയാണ്. അപ്പോൾ ഒരു ഗുണഭോക്താവ് വാങ്ങിയത് 321/- രൂപയുടെ സബ്സിഡി സാധനങ്ങൾ മാത്രമാണ്. ഒരു കുടുംബം 2,000 മുതൽ 5,000 രൂപയുടെ വരെ നിത്യോപയോഗ സാധനങ്ങൾ ഓപ്പൺ മാർക്കറ്റിൽനിന്നും വാങ്ങുമ്പോൾ സപ്ലൈകോയിൽനിന്നും നൽകാൻ കഴിഞ്ഞത് 321/- രൂപയുടെ സാധനങ്ങൾ മാത്രമാണ്. ഇതിനർത്ഥം വിലക്കയറ്റം നിയന്ത്രിക്കുന്നതിന് യാതൊരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ലെന്നാണ്. വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ സർക്കാർ സ്ഥാപനങ്ങൾ സമ്പൂർണ്ണമായും പരാജയപ്പെട്ടു എന്നതാണ് ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ ചൂണ്ടിക്കാണിച്ചത്.

പച്ചക്കറിയുടെ വില നിയന്ത്രിക്കാനാണ് ഹോർട്ടികോർപ്പ് സ്ഥാപിച്ചത്. ഇന്ന് അതിൽ പലതും അടച്ചുപൂട്ടുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ മണ്ഡലത്തിലുള്ള ടൗൺ ഔട്ട്‌ലെറ്റുപോലും അടച്ചുപൂട്ടി. ഇന്നത്തെ ഹോർട്ടികോർപ്പിന്റെ പ്രൈസ് ലിസ്റ്റ് എന്റെ കൈയ്യിലുണ്ട്. ഇതിൽ ചാല മാർക്കറ്റിൽ അമരയ്ക്കക്ക് 30 രൂപയും മുളകിന് 70 രൂപയും തക്കാളി 25 രൂപയും വെള്ളരി 15 രൂപയുമാണ്. അവയ്ക്ക് ഹോർട്ടികോർപ്പിൽ യഥാക്രമം 38 രൂപയും 110 രൂപയും 33 രൂപയും 24 രൂപയുമാണ്. 70 രൂപയുള്ള ക്യാരറ്റിന് 78 രൂപയ്ക്കാണ് സർക്കാർ വിൽക്കുന്നത്. 80 രൂപ വിലയുള്ള മാങ്ങ 92 രൂപയ്ക്കും 40 രൂപയ്ക്കുള്ള ക്വാളിഫ്ലവർ 60 രൂപയ്ക്കും 70 രൂപ വിലയുള്ള ചെറുനാരങ്ങ 92 രൂപയ്ക്കുമാണ് ഹോർട്ടികോർപ്പിൽ വിൽക്കുന്നത്. സർക്കാരിന്റെ സ്ഥാപനം ഓപ്പൺ മാർക്കറ്റിനേക്കാൾ വിലകൂട്ടി വിറ്റാൽ എങ്ങനെയാണ് വിലക്കയറ്റം നിയന്ത്രിക്കാൻ കഴിയുന്നത്? വിലക്കയറ്റം തടഞ്ഞുനിർത്താൻ നിങ്ങൾക്ക് കഴിയുന്നില്ലല്ലോ; കണക്കുകൾ പറയുന്നതല്ലാതെ, ഏതെങ്കിലുമൊരു സാധനത്തിന് വില കുറഞ്ഞതായി നിങ്ങൾക്ക് പറയാൻ കഴിയുമോ; കഴിഞ്ഞ ഓണക്കാലത്ത് 169/- രൂപയ്ക്ക് വിറ്റിരുന്ന വെളിച്ചെണ്ണ സപ്ലൈകോ ഇപ്പോൾ 339/- രൂപയ്ക്കാണ്

വിൽക്കുന്നത്. സപ്ലൈകോയുടെ സാധനങ്ങൾ എല്ലായിടത്തും സുലഭമാണെന്നു പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിയടക്കം ഏതെങ്കിലുമൊരു മണ്ഡലത്തിൽ സപ്ലൈകോയുടെ ഒരുതരി പച്ചരി കാണിച്ചുതരാൻ കഴിയുമോ? നിലവിൽ പച്ചരി കിട്ടാനില്ല എന്നതാണ് വസ്തുത. ഒരു കിലോ തേങ്ങയ്ക്ക് ആറുമാസം മുമ്പ് 40 രൂപയായിരുന്നു. ഇപ്പോൾ അത് 74 രൂപയായിട്ടുണ്ട്. വെളിച്ചെണ്ണയുടെ വില ഞാൻ പറയുന്നില്ല. മുൻകാലങ്ങളിൽ ഒരു തട്ടുകടയിൽ പോയി ഒരു വടയും ചായയും കഴിച്ചിട്ട് 20 രൂപ കൊടുത്താൽ രണ്ടു രൂപ ബാക്കിതരും. അത് നിങ്ങൾ അധികാരത്തിൽ വരുന്നതിന് മുമ്പ്. ഇപ്പോൾ 20 രൂപ കൊടുത്താൽ അഞ്ചുരൂപ കടം പറയണം. ആ സ്ഥിതിയാണ് ഇന്ന് കേരളത്തിലുള്ളത്. ഹോട്ടലുകളിലെ സാമ്പാറിൽ നോക്കിയാൽ മുരിങ്ങയ്ക്കയോ, കഷ്ണങ്ങളോ കിട്ടാൻ വലിയ പ്രയാസമാണ്. തപ്പി നോക്കിയാൽപോലും കിട്ടാനില്ല. വിലക്കയറ്റം ഇത്രയും രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ, നിത്യോപയോഗ സാധങ്ങളുടെ വില ഇത്രയധികം കുതിച്ചുയരുന്ന സാഹചര്യത്തിൽ എങ്ങനെയാണ് അത് വാങ്ങാൻ കഴിയുന്നത്?

കാലിത്തീറ്റകൾക്ക് വില വർധിച്ചു. നിർമ്മാണ അസംസ്കൃത

വസ്തുക്കൾക്ക് വലിയ തോതിൽ വില വർധിച്ചിരിക്കുകയാണ്. പത്തുവർഷങ്ങൾക്കുമുമ്പുണ്ടായിരുന്ന വിലനിലവാരവും ഇന്നത്തെ വിലനിലവാരവും ഏതെങ്കിലും ഒരു ഹോട്ടലിൽ കയറി നിങ്ങൾക്ക് പരിശോധിക്കാൻ കഴിയുമോ; വിപണി ഇടപെടലിൽ സർക്കാർ വളരെ പരാജയമാണ്. പലപ്പോഴും കുറഞ്ഞ വിലയ്ക്ക് ചാല മാർക്കറ്റിൽനിന്നും പച്ചക്കറി വാങ്ങി ഹോർട്ടികോർപ്പിലൂടെ വിൽക്കുന്ന സാഹചര്യമാണുണ്ടായിരിക്കുന്നത്. ഏറ്റവും ഗുരുതരമായ വിഷയം ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ ഇന്ന് സപ്ലൈകോയിലൂടെ വിൽക്കുകയാണ്. ഗുണനിലവാരം കുറഞ്ഞതിനാൽ റിജക്റ്റ് ചെയ്ത സാധനങ്ങൾ പോലും എടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിൽനിന്നും സ്വാധീനം ചെലുത്തുന്നതായ വളരെ ഗുരുതരമായ ആരോപണം സപ്ലൈകോയിലെ ഉദ്യോഗസ്ഥൻമാരുടെ ഇടയിൽനിന്നുതന്നെ വരികയാണ്. അരക്കിലോ മുളക് പുറത്തുനിന്ന് വാങ്ങി ഉപയോഗിക്കുന്ന സ്ഥാനത്ത് സപ്ലൈകോയിൽനിന്ന് ഒരുകിലോ വാങ്ങിയാൽപോലും അത് മതിയാകുന്ന സാഹചര്യമല്ല ഇന്നുള്ളത്. മുളകിനേക്കാൾ എരിവാണ് മുളകിന്റെ വിലയ്ക്ക്. ഉള്ളിയുടെ വില കേട്ടാൽ പൊള്ളും. നിത്യോപയോഗ

സാധനങ്ങളുടെ...... (മൈക്ക് ഓഫ്).

(ശ്രീ. ജി. എസ്. ജയലാൽ)

P-18-09-2025
ആർ.ജെ-പി.ആർ(1)
12.30-12.40

ശ്രീ. ജി. എസ്. ജയലാൽ: സർ, ഇവിടെ പ്രതിപക്ഷത്തിന് എന്തുപറ്റിയെന്ന ചോദ്യംതന്നെയാണ് എനിക്കും ആവർത്തിക്കാൻ തോന്നുന്നത്. പ്രമേയം ചർച്ചയ്ക്കെടുത്തതിൽ പ്രമേയാവതാരകൻ സന്തോഷം അറിയിച്ചു. അതിൽ ഞങ്ങൾ തർക്കിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത് ഈ നാട്ടിലെ പാവപ്പെട്ടവനെ ചേർത്തുപിടിക്കുന്നതിനായി ഈ ഗവൺമെന്റ് ചെയ്ത പ്രവർത്തനങ്ങൾ വിശദീകരിക്കാൻ ലഭിക്കുന്ന അവസരം എന്ന രീതിയിൽ അത് ചർച്ചയ്ക്കെടുക്കാൻ തയ്യാറാകുന്നു എന്നാണ്. ഗവൺമെന്റ് ആ വിഷയത്തെ അങ്ങനെയാണ് കാണുന്നത്. അടിയന്തര പ്രമേയവുമായി നടന്ന ചർച്ചകളിൽ വിലക്കയറ്റവും സി.പി.ഐ.-യുടെ സമ്മേളവുമായി കണക്ക് ചെയ്തുള്ള

പരാമർശങ്ങളെ അവഗണിക്കുകയാണ്. പത്രവാർത്തകൾ കാണിച്ച് സി.പി.ഐ.-യുടെ സമ്മേളനങ്ങൾ വിലയിരുത്തുകയാണ്. അവർ പറയുന്നത് ആനയെക്കണ്ട കുരുടൻമാരെപ്പോലെയാണ് എന്നുമാത്രമാണ് സൂചിപ്പിക്കാനുള്ളത്. ശ്രീ. എ. കെ. ആന്റണി നടത്തിയ പത്രസമ്മേളനം ഇവിടെ പരാമർശിക്കപ്പെട്ടതല്ലേ; ഞാൻ അതിലേയ്ക്ക് പോകുന്നില്ല. വിലക്കയറ്റത്തെക്കുറിച്ച് പറയുമ്പോൾ കേന്ദ്ര നയത്തെ സംബന്ധിച്ച് ഒരക്ഷരം പറയുന്നില്ല. അതിന്റെ കാരണം, പഞ്ചായത്ത് ഇലക്ഷൻ വരികയാണ്. ചില കൂട്ടുകെട്ടുകളൊക്കെയുണ്ടാക്കി അധികാരത്തിൽ വരേണ്ട ആവശ്യമവർക്കുണ്ട്. ഇതിൽ രാഷ്ട്രീയമില്ലേ. രാഷ്ട്രീയത്തെക്കുറിച്ചുകൂടി കാണേണ്ടതുണ്ട്.

പണപ്പെരുപ്പത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഇൻഫ്ലേഷൻ കൂടിയിരിക്കുമ്പോഴും കേവല വില താഴ്ന്നിരിക്കുന്ന പ്രതിഭാസവും ഇൻഫ്ലേഷൻ കുറഞ്ഞിരിക്കുമ്പോൾ വില കൂടുന്ന പ്രതിഭാസവുമുണ്ട്. ഇത് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ എളുപ്പമാണ്. സർക്കാർ ചെലവ് കൂടിയതുകാരണം ഇൻഫ്ലേഷൻ കൂടിയെന്ന് രാജ്യത്തെ തെറ്റിദ്ധരിപ്പിച്ചുവെന്ന് മുമ്പ് അമേരിക്കൻ പ്രസിഡന്റായിരുന്ന റൊണാൾഡ് റീഗൺ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിന്റെ

പിൻഗാമികളായിട്ടേ നമുക്ക് ഇവരെയും കാണാൻ കഴിയൂ. കേരളത്തിൽ വെളിച്ചണ്ണയുടെയും നാളികേരത്തിന്റെയും വില വർധിച്ചതുകൊണ്ടുമാത്രമാണ് ചില ഭക്ഷണ പാനീയങ്ങളുടെ വില ഉയർന്നത്. വേറൊരു ഭക്ഷണ സാധനങ്ങളുടെയും വില കൂടിയിട്ടില്ല. മിസലേനിയസ് ഗുഡ്സിന്റെയും പലചരക്കുകളുടെയും ഉപയോഗം കേരളത്തിൽ കൂടുതലാണ്. ഗ്രാമീണ കേരളത്തിൽ 42.5 ശതമാനമാണ് പലവക ചരക്കുകൾക്ക് നൽകിയിട്ടുള്ള വെയിറ്റ്. ഇത് നഗരമേഖലയിൽ 38.5 ശതമാനമാണ്. ഭക്ഷ്യ സാധനങ്ങളുടെ ഉപഭോഗ ശരാശരി ദേശീയ തലത്തിൽ 28 ശതമാനമാണ്, എന്നാൽ കേരളത്തിൽ 42 ശതമാനവും. അതിനുകാരണം ആളുകളുടെ ഉപയോഗം കൂടുതലായതിനാലാണ്. സ്വർണ്ണാഭരണങ്ങൾ, വെള്ളിയാഭരണങ്ങൾ, രത്നങ്ങൾ, മുത്തുകൾ, കുട, സിഗരറ്റ്, സോപ്പ്, പേസ്റ്റ്, ബ്രഷ്, പെർഫ്യൂമുകൾ, ഷാമ്പൂ, ഷേവിങ് ബ്ലേഡ്, ഷേവിങ് ക്രീം, സ്യൂട്ട്കേസ്, ക്ലോക്ക്, വാച്ച് എന്നിവയെല്ലാം അതിലുൾപ്പെടും. അത്തരത്തിലുള്ള പലവകയുടെ ഉപയോഗം കേരളത്തിൽ കൂടുതലാണെന്നുള്ളതുകൊണ്ട് പണപ്പെരുപ്പത്തിന്റെ അടിസ്ഥാത്തിൽ കേരളത്തിലെ വിലനിലവാരത്തെ അളക്കുന്നതിൽ അർഥമില്ല. അതുസംബന്ധിച്ച് ഞാൻ കൂടുതൽ പറയുന്നില്ല. ഇടതുപക്ഷ

ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ കേരളത്തിൽ ഒരു പാവപ്പെട്ടവനും പട്ടിണി കിടക്കില്ല. 'വിശപ്പുരഹിത കേരളം' എന്നത് ഇടതുപക്ഷ മുദ്രാവാക്യമാണ്. അതിദരിദ്രരില്ലാത്ത കേരളമായി ഈ നവംബർ ഒന്നിന് കേരളം മാറുകയാണ്. രാജ്യത്ത് എവിടെയാണ് പാവപ്പെട്ടവരെ ചേർത്തുപിടിച്ചുകൊണ്ട് ഇങ്ങനെയൊരു ഗവൺമെന്റ് പ്രവർത്തിക്കുന്നത്. വിലക്കയറ്റം നിയന്ത്രിക്കാൻ ഒരു ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങളെല്ലാം ഗവൺമെന്റ് ചെയ്യുന്നുണ്ട്. മാർക്കറ്റിൽ വില നിശ്ചയിക്കുന്നത് ഗവൺമെന്റല്ല. അത് ഉൽപാദകനും വിതരണക്കാരനുമാണ്. നെഹ്റുവിന്റെ കാലത്ത് 1955-ൽ പുറത്തിറക്കിയ Essential Commodities Act-ന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്? 1991-ൽ അധികാരത്തിൽ വന്ന കോൺഗ്രസ് ഗവൺമെന്റ് de-regulation നടത്തി അതിന്റെ മുനയൊടിച്ചില്ലേ; കുത്തകകൾക്ക് ആവശ്യംപോലെ സാധനങ്ങൾ പൂഴ്ത്തിവയ്ക്കാനും ഉപയോഗിക്കാനും കഴിയുന്ന രീതിയിലുള്ള രാഷ്ട്രീയ നിലപാടുകൾ എടുത്തതാരാണ്; എന്ത് ആത്മാർഥതയാണ് ഈ അടിയന്തര പ്രമേയത്തിൽ കോൺഗ്രസ്സിനുള്ളത്? ഉൽപാദകരും വിതരണക്കാരുമായി ചേർന്ന് വിലനിശ്ചയിക്കുന്ന പരിപാടി

നിയന്ത്രിക്കാൻ എന്താണ് ചെയ്യാൻ കഴിയുകയെന്നത് എൽ.ഡി.എഫ്. ഗവൺമെന്റുകളാണ് കേരളത്തിൽ കാണിച്ചു തന്നിട്ടുള്ളത്. 1980-ൽ നയനാർ മന്ത്രിസഭയിലുണ്ടായിരുന്ന ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ ആരംഭിച്ച മാവേലി സ്റ്റോറിനെ ഒരുവിഭാഗം വ്യാപാരികളും ചില ആളുകളും ചേർന്ന് തകർക്കാൻ ശ്രമിച്ചിരുന്നു. അന്ന് ഇവർ ആരുടെ കൂടെയായിരുന്നു; മാവേലി സ്റ്റോറിനെതിരായി 'വാമന സ്റ്റോർ' എന്ന ആശയവുമായി കടന്നു വന്നവരല്ലേ; 'മാവേലി മന്ത്രി' എന്ന് ശ്രീ. ഇ. ചന്ദ്രശേഖരൻ നായരെ വിശേഷിപ്പിച്ചത് നമ്മുക്കറിയാമല്ലോ? 1987-ൽ അദ്ദേഹം വീണ്ടും മന്ത്രിയായപ്പോൾ മാവേലി റേഷൻ കടകൾ, മാവേലി സൂപ്പർ മാർക്കറ്റുകൾ, പെട്രോൾ ബങ്കുകൾ, മൊബൈൽ മാവേലി സ്റ്റോറുകൾ, പാചകവാതക വിതരണ കേന്ദ്രങ്ങൾ, റേഷൻ മൊത്ത വ്യാപാര കേന്ദ്രങ്ങൾ ഇതെല്ലാം വിപുലീകരിച്ചു. ഇന്ന് അതിന്റെ സ്ഥിതിയെന്താണ്? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നേതൃത്വത്തിൽ 1629 ഔട്ട്‌ലറ്റുകളായി മാറ്റി. പുതിയതായി 250-ഓളം ഔട്ട്‌ലറ്റുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചു. കേരളത്തിൽ വിപണി ഇടപെടലാണ് സർക്കാർ നടത്തുന്നത്. അതിന്റെ കണക്ക് പരിശോധിക്കാം. 2011 മുതൽ 2016 വരെയുള്ള

യു.ഡി.എഫ്.-ന്റെ അഞ്ച് വർഷ കാലയളവിൽ വിപണി ഇടപെടലിന് 538 കോടി രൂപയാണ് ചെലവാക്കിയത്. എന്നാൽ തുടർന്ന് വന്ന ഇടതുപക്ഷ സർക്കാരിന്റെ രണ്ട് ഭരണകാലത്ത് 7270 കോടി രൂപയാണ് ചെലവാക്കിയത്. അതിൽ 6500 കോടി രൂപ ഈ സർക്കാരിന്റെ കാലയളവിലാണ് ചെലവാക്കിയത്. ഈ ഓണത്തോടനുബന്ധിച്ച് സപ്ലൈകോ വഴി 386 കോടി രൂപയും, കൺസ്യൂമർഫെഡ് വഴി 187 കോടി രൂപയും, സഹകരണ മേഖല വഴി 125 കോടി രൂപയുമാണ് ചെലവഴിച്ചത്. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 10 ശതമാനം അധിക വിലയ്ക്ക് കർഷകരിൽ നിന്ന് ഉൽപന്നങ്ങൾ വാങ്ങി 30 ശതമാനം വിലക്കുറവോടെ വിതരണം ചെയ്യുന്ന ഹോർട്ടികോർപ്പിന്റെ പദ്ധതിയുടെ ഭാഗമായാണ് ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്. കേരളത്തിൽ, റേഷൻകടകൾ വഴി ഒന്നരലക്ഷം മെട്രിക് ടൺ, ഏകദേശം 597 കോടി രൂപ വില വരുന്ന അരിയാണ് ഈ ഓണത്തിന് ഗവൺമെന്റ് വിതരണം ചെയ്തത്. ഇങ്ങനെ മൊത്തം 1296 കോടി രൂപയുടെ വിപണി ഇടപെടൽ ഈ ഗവൺമെന്റ് വിവിധ രീതിയിൽ നടത്തിയിട്ടുണ്ട്. ഇന്ന് നമ്മുടെ ഗ്രാമങ്ങളുടെ സ്ഥിതി എന്താണെന്ന് പ്രതിപക്ഷ എം.എൽ.എ.-മാർ നേരിട്ട് പോയി

പരിശോധിക്കണ്ടതാണ്. സഹകരണ മേഖലയും സപ്ലൈകോയും കൺസ്യൂമർഫെഡും ഹോർട്ടികോർപ്പും റേഷൻകടയും വഴി എല്ലാ സാധനങ്ങളുടം നൽകിയതിന്റെ ഫലമായാണ് എല്ലാ പാവപ്പെട്ടവരുടെയും വീടുകളിൽ രണ്ട് മാസത്തേയ്ക്കുള്ള സാധനം സ്റ്റോക്ക് ചെയ്യാൻ സാധിച്ചത്. സപ്ലൈകോയുടെ കണക്ക് പരിശോധിക്കാവുന്നതാണ്. 95 ലക്ഷം കാർഡുടമകളാണ് കേരളത്തിലുള്ളത്. ഓണത്തിന് 57 ലക്ഷം കാർഡുടമകൾ (ഏകദേശം രണ്ടരക്കോടി ആളുകൾ) സപ്ലൈകോ വഴിയാണ് സാധനം വാങ്ങിയത്. റേഷൻകടകളിലൂടെ 83 ലക്ഷം കാർഡുടമകൾ, അതായത് ഏകദേശം 88 ശതമാനം ആളുകൾ സാധനം വാങ്ങിയിട്ടുണ്ട്. കോവിഡ് കാലത്താണ് ഇതിനേക്കാൾ കൂടുതൽ ആളുകൾ റേഷൻകടയിൽ വന്നിട്ടുള്ളത്. ഇത് ആളുകൾക്ക് ആശ്വാസമാണ്. ഇതെല്ലാം ഗവൺമെന്റിന്റെ ഇടപെടൽകൊണ്ടല്ലേ സാധ്യമായത്? മുൻഗണനാ വിഭാഗത്തിലുള്ളവർക്ക് രണ്ടുമാസത്തെ അരിയെന്നുപറയുമ്പോൾ ആരും പരിഹസിക്കണ്ട കാര്യമില്ല. ഒരാൾക്ക് 5 കിലോ അരി സൗജന്യമായി കൊടുക്കുന്നതുകൂടാതെ, 5 കിലോ അരി 10.90 രൂപ നിരക്കിലും ലഭ്യമാക്കി. മഞ്ഞ കാർഡുടമകൾക്ക് നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന 35 കിലോ അരി കൂടാതെ ഓണക്കിറ്റ് വഴി

പഞ്ചസാരയും ലഭിക്കുന്നു. വെള്ള കാർഡുടമകൾക്ക് 15 കിലോ അരി കൂടാതെ സപ്ലൈകോ വഴി 25 രൂപയ്ക്ക് 20 കിലോ അരിയും നല്കുന്നു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മാവേലി സ്റ്റോറിന്റെ സ്ഥിതിയെന്തായിരുന്നു; ഒഴിഞ്ഞ കാലിച്ചാക്കും കുറച്ച് എലികളുമല്ലാതെ മറ്റെന്തെങ്കിലുമുണ്ടായിരുന്നോ? ആ മാവേലി സ്റ്റോറിനെയാണ് ഈ രീതിയിലേയ്ക്ക് ഈ ഗവൺമെന്റ് എത്തിച്ചത്. 2016 മുതൽ 2021 വരെയുള്ള 5 വർഷക്കാലയളവിൽ വില വർധിപ്പിക്കുകയില്ലെന്നായിരുന്നു പ്രകടനപത്രികയിൽ പറഞ്ഞിരുന്നത്. എന്നാൽ ഏഴുവർഷക്കാലം വിലയിൽ ഒരു വ്യത്യാസവുമില്ലാതെ കൊണ്ടുപോകാൻ കഴിഞ്ഞു. 2012-ലെ പൊതുവിപണിയിലെ വിലയും അന്നത്തെ വിപണി വ്യത്യാസവും തമ്മിലുള്ള കണക്ക് ഇവിടെയുണ്ട്. അന്ന് ജയ അരിക്ക് വിപണി വിലയുമായി ഉണ്ടായിരുന്ന വ്യത്യാസം 21 ശതമാനമായിരുന്നു. ഇന്നത് 27 ശതമാനമാണ്. കുറുവ അരിയ്ക്ക് 25-28 ശതമാനം വ്യത്യാസം ഉണ്ട്. 2012-ൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് മട്ട അരിയ്ക്കും വെളിച്ചെണ്ണയ്ക്കും ഓപ്പൺ മാർക്കറ്റിലെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ 17 ശതമാനം വ്യത്യാസം രേഖപ്പെടുത്തിയിരുന്നു. ഇന്ന് 17 ശതമാനത്തിന്റെ സ്ഥാനത്ത് 27

ശതമാനമായി ഉയർന്നിട്ടുണ്ട്. 2012-ലെയും 2025-ലെയും കണക്ക് ഞങ്ങൾ മേശപ്പുറത്ത് വയ്ക്കാൻ തയ്യാറാണ്. അത്തരത്തിൽ ഈ വിഷയത്തിൽ ഇടപെടുന്ന ഒരു ഗവൺമെന്റിന്റെ മുമ്പിലാണ് ഈ ഉപക്ഷേപം കൊണ്ടുവന്നിരിക്കുന്നത്. അത് വ്യക്തമാക്കാനാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുക്കാമെന്ന് മന്ത്രി പറഞ്ഞതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേന്ദ്ര ഗവൺമെന്റ് നിലപാടുകളുമായി ബന്ധപ്പെട്ട്, ഇവിടെ 'ഭക്ഷ്യ ഭദ്രത നിയമം' നിലവിൽ വന്ന സമയത്ത് 57 ശതമാനം ആളുകൾ റേഷനിൽ നിന്നും പുറത്തായി. എന്ത് നിലപാടാണ് അവർ സ്വീകരിച്ചത്?. എം.പി. മാരുടെ സഹായം എന്തായിരുന്നു എന്നുകൂടി പരിശോധിക്കണം. നമ്മുടെ വിഹിതം 16 ലക്ഷം മെട്രിക് ടൺ ഉണ്ടായിരുന്നത് 14 ലക്ഷമായി കുറച്ചു. നിലവിലുള്ളതെങ്കിലും അനുവദിക്കണമെന്നാവശ്യപ്പെട്ട് സഭയിൽ പ്രമേയം പാസ്സാക്കുന്ന സമയത്ത് പ്രതിപക്ഷം ഇറങ്ങി പോവുകയല്ലേ ചെയ്തത്; എന്ത് ആത്മാർത്ഥതയാണ് കേരള ജനതയോട് നിങ്ങൾ കാണിക്കുന്നത്; ഇക്കാര്യത്തിൽ കോൺഗ്രസ് എം.പി.-മാരുടെ നിലപാട് എന്താണ്? അത്തരത്തിൽ കേരളത്തിലെ ജനങ്ങളുടെ കീശ കീറാതെ ഓണം ഒരുക്കിയ ഒരു സർക്കാരാണ് നിലവിലുള്ള

സർക്കാരെന്ന് കേരളം തിരിച്ചറിയുന്നുണ്ട്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഈ ഉപക്ഷേപത്തെ എതിർക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇവിടെ നടക്കുന്ന ചർച്ച വലിയ നേട്ടമായിട്ടാണ് ഭരണപക്ഷം പറയുന്നത്. എല്ലാ ചർച്ചകളും അനുവദിക്കുന്നുണ്ട്. പക്ഷേ ചർച്ചകളൊക്കെ, 8-10 കൊല്ലം മുമ്പ് ഞങ്ങൾ അധികാരത്തിലിരുന്നപ്പോഴുള്ള സ്ഥിതിയും, ഏകദേശം 10 കൊല്ലം ഭരിക്കാൻ അവസരം കിട്ടിയപ്പോൾ നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങളും കണക്കിലെടുത്ത് റിയലിസ്റ്റിക്കായി പറയുന്നതിനുപകരം "നിങ്ങളുടെ കാലം, ഞങ്ങളുടെ കാലം" എന്ന് 2-3 ദിവസങ്ങളായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇന്നത്തെ പ്രശ്നം വിലക്കയറ്റമാണ്. ഇന്ത്യയിലെ ഓരോ സംസ്ഥാനങ്ങളുടെയും നിലവിലെ വിലക്കയറ്റത്തിന്റെ നിരക്ക് ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞിരുന്നു. വിലക്കയറ്റത്തിന്റെ ദേശീയ ശരാശരി 2.7 ആണെങ്കിൽ നമ്മുടെ സംസ്ഥാനത്തിന്റെ വിലക്കയറ്റ നിരക്ക് 9 ആണ്. എത്ര വലിയ വിലക്കയറ്റമാണ്! ഇത് കേരളീയർക്ക് താങ്ങാൻ കഴിയുമോയെന്നതാണ് പ്രശ്നം. കേരളത്തിലെ സമ്പദ് വ്യവസ്ഥയിൽ ഇത് പ്രതിഫലിക്കാതിരുന്നത് നമ്മുടെ ആരുടെയും

ഭരണത്തിന്റെ ഒരു പത്രാസ് ആയിരുന്നില്ല. സത്യസന്ധമായി പറഞ്ഞാൽ, പതിറ്റാണ്ടുകളായി മലയാളികൾ ലോകരാജ്യങ്ങളിലൊട്ടാകെ പോയി തൊഴിൽ ചെയ്തും അതുപോലെ തന്നെ മറ്റ് ബിസിനസ്സുകൾ ചെയ്തും ഇങ്ങോട്ട് പണം അയച്ചുകൊണ്ടിരുന്നതുകൊണ്ട് ആളോഹരി വരുമാനം കൂടുതലായിരുന്നു. ഇക്കാരണംകൊണ്ടാണ് നമ്മുടെ സംസ്ഥാനത്ത് വില കയറിയാലും അതുപോലെ തന്നെ മറ്റ് പോരായ്മകൾ ഉണ്ടെങ്കിലും ഒരുവിധം ഒന്നാമതായി എന്നുപറയാൻ കഴിയുന്നത്. ധാരാളം foreign remittance നമ്മുടെ സംസ്ഥാനത്തേയ്ക്ക് വന്നതുകൊണ്ടാണ് നമുക്ക് അതിഥി തൊഴിലാളികളെ ഇവിടെ നിലനിർത്താനും കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിന് സുഭിക്ഷമായി പോകാനും കഴിഞ്ഞത്. എന്നാലിപ്പോൾ afford ചെയ്യാൻ കഴിയുന്നില്ല, സർക്കാർ ഖജനാവിൽ പണമില്ല. സിവിൽ സപ്ലൈസ് മന്ത്രി എന്ത് പറഞ്ഞിട്ടും കാര്യമില്ല; ഒന്നിനും പണമില്ല, അതാണ് വസ്തുത. ഇന്നലെ നടന്ന ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട ചർച്ചയിൽ പുറത്തുനിന്ന് ഒരു സാധനവും വാങ്ങാൻ പാടില്ലായെന്ന ശക്തമായ പ്രഖ്യാപനം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നടത്തിയിരുന്നു. ഇന്നത്തെ പത്രങ്ങളിലെ ലീഡിങ് സ്റ്റോറി പുറത്തുനിന്ന് ഒരു സാധനവും വാങ്ങാൻ പാടില്ലായെന്ന

മന്ത്രിയുടെ പ്രസ്താവനയും അതുകൊണ്ട് സർജറിയെല്ലാം നിർത്തിവച്ചുമെന്നുള്ളതാണ്. പ്രഖ്യാപനങ്ങൾ കൊണ്ട് മാത്രം ഒന്നും നടക്കുകയില്ല. ഗവൺമെന്റ് കുറച്ചുകൂടി റിയലിസ്റ്റിക്കാവണം. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി റിവേഴ്സ് മൈഗ്രേഷനെക്കുറിച്ച് ഇന്നലെ നിയമസഭയിൽ പറഞ്ഞിരുന്നു. 1970-കൾക്കു ശേഷം ആളുകൾക്ക് യൂറോപ്പ്, കാനഡ, അമേരിക്ക, ഗൾഫ് തുടങ്ങിയ വിദേശരാജ്യങ്ങളിൽ അവസരങ്ങൾ ലഭിക്കുകയും അവിടെ വാണിജ്യ വ്യവസായങ്ങൾ തുടങ്ങി കച്ചവടം ചെയ്ത് പണം കേരളത്തിലേയ്ക്ക് അയക്കുകയും ചെയ്തിരുന്നു. ഇപ്പോഴത്തെ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ആണ്, യൂറോപ്പിൽ അവരുടേതായ പ്രശ്നങ്ങളുണ്ട്, ഗൾഫിൽ മുഴുവൻ സ്വദേശിവൽക്കരണമാണ്. ഇപ്പോൾ പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് അവിടങ്ങളിലൊന്നും ജോലി കിട്ടാൻ സാധ്യതയില്ല. ഇതൊക്കെ നമ്മുടെ ആളോഹരി വരുമാനത്തെയും സാമ്പത്തിക സ്ഥിതിയെയും ഗുരുതരമായി ബാധിക്കും. ഇവിടെയുള്ള അതിഥി തൊഴിലാളികളെ ഇനി നമുക്ക് അഫോർഡ് ചെയ്യാൻ സാധിക്കുമോ? നമുക്ക് പിടിച്ചുനിൽക്കാൻ കഴിയുന്നത് റേഷൻ സമ്പ്രദായം വഴി കേന്ദ്രഗവൺമെന്റിൽനിന്നും അരി കിട്ടുന്നതുകൊണ്ടാണ്. അതുകൂടി

നിന്നുപോയാൽ നാം വളരെയധികം ബുദ്ധിമുട്ടിലാകും. നിത്യോപയോഗ സാധനങ്ങളുടെ വിലവർധനവ് അഫോർഡ് ചെയ്യാനുള്ള വേണ്ടിയുള്ള ശക്തി നമുക്ക് ഇല്ലാതായിക്കൊണ്ടിരിക്കുന്നു. എന്നാൽ മുൻകാലങ്ങളിലെപ്പോലെ മാർക്കറ്റ് ഇന്റർവെൻഷൻ ഫലപ്രദമായി നടത്താൻ സാധിക്കുന്നില്ല. ഇപ്പോഴത്തെ മാർക്കറ്റ് ഇന്റർവെൻഷൻ കൊണ്ട് ഒരു ഗുണവുമില്ല എന്നുള്ളതിന്റെ തെളിവാണ് നിത്യോപയോഗ സാധനങ്ങളുടെ വില വർധനവ്. ഗവൺമെന്റ് ആശുപത്രികളിൽ പോകുന്നവർ ഒരു സർജറിക്കുവേണ്ടി 10 മാസമൊക്കെ കാത്തുനിൽക്കാൻ കഴിയാത്തതിനാൽ അവർ ചികിത്സയ്ക്കായി പ്രൈവറ്റ് ആശുപ്രതികളെ ആശ്രയിക്കും. എന്നാൽ അവർക്ക് അതിനുള്ള സാമ്പത്തിക ശേഷിയുണ്ടാകണമെന്നില്ല, അവരുടെ കുടുംബം പ്രതിസന്ധിയിലാകും. ഗവൺമെന്റ് ആശുപത്രികളെ ആളുകൾ ആശ്രയിക്കുന്നത് കുറഞ്ഞുവരികയാണ്. മരുന്നുകമ്പനികൾക്കും ഉപകരണങ്ങൾ വാങ്ങുന്നതിനും സർക്കാർ പണം കൊടുക്കാതെയിരുന്നാൽ കാര്യങ്ങൾ പ്രതിസന്ധിയിലാകും. എല്ലാ സാധനങ്ങൾക്കും വില വർധിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അതിനനുസരിച്ചുള്ള വരുമാനമില്ല. ഈ സാഹചര്യം ഗൗരവമായി

കാണാതെ ചർച്ചകൾ മാത്രം നടത്തി ഒഴിയുകയാണ് ഗവൺമെന്റ് ചെയ്യുന്നത്. വരുമാനം വർധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ സർക്കാർ കണ്ടെത്തണം, അതിനുള്ള പദ്ധതികൾ കൊണ്ടുവരണം.

ഇന്ന് രാവിലെ ഇവിടെ സൂചിപ്പിച്ച കേന്ദ്ര പദ്ധതികളുടെ കാര്യം പരിശോധിച്ചാൽ വ്യക്തമാവുന്നത് കേന്ദ്ര പദ്ധതികളുടെ മാച്ചിങ് ഗ്രാന്റ് സംസ്ഥാനം കൊടുക്കാത്തതുകൊണ്ട് എല്ലാം മുടങ്ങിക്കിടക്കുകയാണെന്നാണ്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് 'ജൽജീവൻ പദ്ധതി'. അതിനെക്കുറിച്ച് രാവിലെ ഇവിടെ ചോദ്യം ഉയർന്നിരുന്നു. ജനങ്ങൾക്ക് കുടിവെള്ളം നൽകാൻ കഴിയാത്ത അവസ്ഥയിലാണ്. സർക്കാർ ചെയ്യുന്നതെന്താണ്? ഒന്നും സാധിക്കാതെ വന്നപ്പോൾ ഇലക്ട്രിസിറ്റി ചാർജ്, വാട്ടർ ചാർജ് തുടങ്ങിയ എല്ലാ തരത്തിലുള്ള ചാർജുകളും തുടർച്ചയായി വർധിപ്പിച്ച് പോകുന്നു. അതുപോലെതന്നെ സാധനങ്ങളുടെ വിലയും ദിവസേന കൂടിക്കൂടി വരുന്നു. നിശ്ചിത വരുമാനം മാത്രമുള്ള ശമ്പളക്കാരുടെ സ്ഥിതി പറയേണ്ടതുണ്ടോ; വിലക്കയറ്റം രൂക്ഷമാകുമ്പോൾ അവർ എന്തുചെയ്യും; പണമില്ലാത്തവർ ചികിത്സയ്ക്കായി എന്ത് ചെയ്യും; എങ്ങനെ ജീവിക്കും? സർക്കാർ കുറച്ചുകൂടി ഗൗരവത്തോടെ ഈ വിഷയത്തെ

കാണണം. ഖജനാവിൽ പണമില്ലെന്നും മാർക്കറ്റ് ഇന്റർവെൻഷനും ആശുപത്രികൾക്ക് നൽകുന്ന പിന്തുണയും മറ്റു മേഖലകളിലെ പ്രവർത്തനങ്ങളിലുമെല്ലാം ഗുരുതരമായ പ്രശ്നങ്ങളുണ്ടെന്നും സർക്കാർ തുറന്നുപറയേണ്ടതായിരുന്നു. അതിനെ യാഥാർത്ഥ്യ ബോധത്തോടെ ഏറ്റെടുത്ത് അതിന് പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതും സർക്കാരിന്റെ ഉത്തരവാദിത്വമാണ്. പ്രതിപക്ഷത്തോടും ജനങ്ങളോടും തുറന്ന ചർച്ച നടത്തി പോകുകയായിരുന്നു വേണ്ടിയിരുന്നത്. ഇനിയിപ്പോൾ പറഞ്ഞിട്ട് കാര്യമില്ല. ഫ്ലാഗ് എൻഡിൽ എത്തിച്ചേർന്ന ശേഷം കോൺക്ലേവുകൾ നടത്തിയിട്ട് പ്രയോജനവുമില്ല. അതുകൊണ്ട് ഇനി ഫലം ഉണ്ടാകാൻ പോകുന്നുമില്ല. നമ്മുടെ സംസ്ഥാനം വലിയൊരു ദൂഷിത വലയത്തിൽ ചെന്നുപെട്ടിരിക്കുകയാണെന്നും നമ്മുടെ സാമ്പത്തിക സ്ഥിതി അതീവ ഗുരുതര ഘട്ടത്തിലേക്കാണ് പോകുന്നതെന്നും സർക്കാർ മനസ്സിലാക്കി അതിനനുസരിച്ചുള്ള ഒരു സമീപനം ഈ വൈകിയ വേളയിലെങ്കിലും എടുക്കണം എന്നാണ് ഈ അടിയന്തര പ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, നടപടികൾ നിർത്തിവയ്ക്കണമെന്നുള്ള

ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുകയാണ്. കേരളത്തിന്റെ ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. 'കാണം വിറ്റും ഓണം ഉണ്ണണം' എന്നുള്ള ആ പഴഞ്ചൊല്ല് മാറ്റിക്കൊണ്ട് 'കാണം വിൽക്കാതെ ഓണം ഉണ്ണാൻ' സാഹചര്യമൊരുക്കിയ മന്ത്രിയാണ് കേരളത്തിന്റെ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി. ഓണത്തിന് ഞാൻ പല കുടുംബശ്രീ മീറ്റിങ്ങുകളിലും പങ്കെടുത്തപ്പോൾ അവരോട് ചോദിച്ചു " ഇപ്രാവശ്യത്തെ ഓണം എങ്ങനെയുണ്ട്?" അവർ പറഞ്ഞത്, "അടിപൊളി ഓണം, എല്ലാം കിട്ടുന്ന ഓണം" എന്നാണ്. ഇവിടെയൊരു പത്രവാർത്തയുണ്ട് (പത്രം ഉയർത്തിക്കാണിക്കുന്നു). തൊടുപുഴയിൽ ഓണച്ചന്ത ഉദ്ഘാടനം ചെയ്തുകൊണ്ട് യു.ഡി.എഫ്.-ന്റെ ഒരു ഘടകകക്ഷി നേതാവ് പറയുന്നതാണ് വാർത്ത- 'സർക്കാർ ഇടപെടൽ ഫലപ്രദം' . ഞാൻ അതിന്റ ബാക്കി വായിക്കുന്നില്ല. സിവിൽ സപ്ലൈസ് ഓണച്ചന്ത ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹത്തിന്റെ പടം സഹിതം മലയാള മനോരമ പത്രത്തിൽ വന്നിട്ടുണ്ട്. സംസ്ഥാനത്ത് 140 നിയോജക മണ്ഡലങ്ങളിലും ഓണച്ചന്തകൾ തുറന്നു. വിപണിയിൽ ഇടപെട്ട് വില കുറയ്ക്കാൻ വേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചത്. ശ്രീ. വിൻസെന്റ് ഇവിടെ ഉണ്ടല്ലോ;

ഇപ്രാവശ്യം കെ.എസ്.ആർ.റ്റി.സി-ക്ക് വേണ്ടി സമരം ചെയ്യാൻ അദ്ദേഹത്തിന് പോകേണ്ടി വന്നില്ലല്ലോ; ഈ നാട്ടിൽ ഒരിടത്തും പട്ടിണി സമരം ഉണ്ടായില്ലല്ലോ; പട്ടിണിക്കാർക്കുവേണ്ടി സമരം ചെയ്യാൻ ആരും പോയില്ലല്ലോ? ശ്രീ. പി.സി. വിഷ്ണുനാഥ് ഇവിടെ അരിയുടെ വിലക്കയറ്റത്തെപ്പറ്റി സംസാരിച്ചു. എന്നാൽ പ്രതിപക്ഷ ഉപനേതാവ് അടക്കം പ്രതിപക്ഷത്തുള്ള പലരും സംസാരിച്ചപ്പോൾ അരിയുടെ വിലയെപ്പറ്റി പരാമർശിച്ചില്ല. കാരണം അരിയുടെ വില കുറവാണ്. ഇവിടെ 10.90 രൂപയ്ക്ക് 15 കി.ഗ്രാം. അരി റേഷൻകട വഴി കൊടുത്തുവെന്ന കാര്യം നമുക്കറിയാം. നമ്മുടെ ഭക്ഷ്യവകുപ്പാണത് നൽകിയത്. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ലക്ഷക്കണക്കിന് ആളുകൾ ബി.പി.എൽ കാർഡിനുവേണ്ടി അലഞ്ഞിരുന്നു. പക്ഷെ, ഇപ്പോൾ എന്താണ് സ്ഥിതി? 5 ലക്ഷത്തിലധികം ആളുകൾക്ക് ബി.പി.എൽ.കാർഡ് അനുവദിച്ചിരിക്കുകയാണ്. അങ്ങനെ എല്ലാ നല്ല കാര്യങ്ങളും ചെയ്യുന്ന ഒരു ഗവൺമെന്റിനെ വില കുറച്ച് കാണിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ഇപ്പോൾ വിലക്കയറ്റമുള്ളത് എവിടെയാണ്? സ്വർണ്ണത്തിന്റെ വിലക്കയറ്റത്തെക്കുറിച്ച് അടിയന്തരപ്രമേയം

അവതരിപ്പിക്കണമായിരുന്നുവെന്ന് ശ്രീ. വിഷ്ണുനാഥിനോട് ഞാൻ പറഞ്ഞു. സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ഇവിടെ വിലക്കയറ്റമില്ല. ഈ സർക്കാർ ഓണക്കാലത്തുമാത്രം 207 കോടി രൂപ വിപണിയിൽ മുടക്കി. റേഷൻകട വഴി 597 കോടി രൂപ മുടക്കി. ഇതെല്ലാം കേരളത്തിലെ സാധാരണ ജനങ്ങൾക്കുവേണ്ടിയാണ്. സാധാരണ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഗവൺമെന്റിനെ കരിതേച്ച് കാണിക്കുവാൻ, വില കുറച്ച് കാണിക്കുവാൻ വേണ്ടിമാത്രമാണ് ഈയൊരു ഉപക്ഷേപം കൊണ്ടുവന്നത്. അതുകൊണ്ട് ഇതിന് യാതൊരു പ്രസക്തിയുമില്ല എന്നറിയിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം നിർത്തുന്നു.

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു. കേരളത്തിലെ വിലക്കയറ്റത്തെക്കുറിച്ചാണ് പ്രതിപക്ഷാംഗങ്ങൾ സംസാരിക്കുന്നത്. പക്ഷേ, വല്ലാതെ വിലയിടിഞ്ഞുപോയൊരു സംഭവം കേരളത്തിലുണ്ട്. അത് കോൺഗ്രസാണ്; കാലങ്ങളായി വിലയിടിഞ്ഞുകൊണ്ടേയിരിക്കുകയാണ്. ഈ ഓണക്കാലത്ത് വല്ലാതെ താഴേക്കിടിഞ്ഞുപോയി. ഞാൻ അതിന്റെ മറ്റ് വിശദാംശങ്ങളിലേക്ക് വരുന്നില്ല. ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കിയതാരാണ്? പ്രമേയവതാരകൻ

രാവിലെ അതിനെക്കുറിച്ച് ഒരു വാക്കുപോലും പറഞ്ഞില്ല. ഇൻഫ്ലേഷനെക്കുറിച്ച് പറയുന്നു. 2013-ലെ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കിയത് ആ കാലത്തെ ഗവൺമെന്റാണ്. അന്ന് കേരള ജനസംഖ്യയിലെ 51% മുൻഗണനേതര വിഭാഗക്കാർ റേഷൻ പരിധിക്ക് പുറത്തായി, അല്ലെങ്കിൽ പുറത്താക്കി. അന്നത്തെ യു.പി.എ. ഗവൺമെന്റിന്റെ ഭാഗമായിട്ടുള്ളവരാണ് ഇപ്പോൾ മുതലക്കണ്ണീരൊഴുക്കിക്കൊണ്ട്, ചില കോർപ്പറേറ്റ് മാധ്യമങ്ങളുടെ സഹായത്തോടെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ഇതുപോലൊരു ചർച്ച നടത്തുന്നത്. സത്യം പറഞ്ഞാൽ സഹതാപമാണ് പ്രതിപക്ഷത്തോട് തോന്നുന്നത്. പ്രതിപക്ഷത്തിന് വിഷയമില്ലാതായിരിക്കുന്നു. ഇൻഫ്ലേഷനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ, ഇൻഫ്ലേഷൻ ലോകത്തെയാകമാനം ബാധിക്കുമ്പോൾ എങ്ങനെയാണ് നമ്മുടെ നാടിനെയും ബാധിക്കുമെന്നത് അത്യാവശ്യം സാമ്പത്തിക ശാസ്ത്രം പഠിച്ചവർക്ക് ചിന്തിക്കാവുന്നതേയുള്ളൂ. അതുപോലെ ഇത്തവണത്തെ ഒരു പാട്ടുണ്ടായിരുന്നു, 'ഓണം മൂഡ്'. എല്ലായിടത്തും കേൾക്കുന്ന പാട്ടാണത്. എന്തൊരു ഓണം മൂഡായിരുന്നു ഇക്കാലത്ത്. എല്ലായിടത്തും സന്തോഷം.

ഒരു ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിൽ പഴവും പച്ചക്കറിയും ഒക്കെ അന്യസംസ്ഥാനങ്ങളിൽനിന്ന്  വാങ്ങുന്ന നമ്മുടെ നാട്ടിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പോലും  ഏക്കർ കണക്കിന് പൂക്കൾ  കൃഷി ചെയ്യുകയുണ്ടായി, പച്ചക്കറി കൃഷിചെയ്യുകയുണ്ടായി.  ഇതൊക്കെ പറയുമ്പോൾ അത്തരം കാര്യങ്ങൾ കൂടി പരാമർശിച്ചു പോകണം.  ഈ വർഷം ഏറ്റവും നല്ല രീതിയിൽ ഓണം ആഘോഷിക്കാൻ ഈ സർക്കാർ ജനങ്ങളോടൊപ്പം നിന്നിരുന്നുവെന്ന കാര്യം എല്ലാവർക്കും അറിയാം. ഒന്നോ രണ്ടോ കോടി രൂപയല്ല ഇരുപതിനായിരം കോടി രൂപയാണ് ഈ ഓണക്കാലത്ത് സർക്കാർ നേരിട്ട് ജനങ്ങളുടെ കൈകളിലെത്തിച്ചത്. അതോടൊപ്പം ക്ഷേമപെൻഷനും ബോണസും ഉത്സവബത്തയും നൽകുകയുണ്ടായി. ഡി.എ. നേരത്തെതന്നെ കൊടുത്തതുകൊണ്ട് സർക്കാർ ജീവനക്കാരെല്ലാം സന്തോഷത്തിലാണ്. ക്ഷേമപെൻഷന്റെ രണ്ട് ഗഡുക്കളാണ് ഓണത്തിനുമുമ്പ് വിതരണം ചെയ്തത്. അതുപോലെ കുറഞ്ഞവിലയിൽ അതായത് ആയിരം രൂപയ്ക്ക് 15 ഇന സാധനങ്ങളടങ്ങിയ കിറ്റ് വിപണിയിൽ ലഭ്യമാക്കി. എല്ലായിടത്തും ഓണം, എല്ലാവർക്കും ഓണം. പൊതുവിപണിയിൽ വിലക്കയറ്റമുണ്ടാകുന്നത് സ്വാഭാവികമാണ്. വിലക്കയറ്റത്തെ എങ്ങനെ

പിടിച്ചുനിർത്താൻ സാധിക്കുമെന്ന കാര്യത്തിൽ ഈ സർക്കാർ മാതൃകയാകുകയാണ്. കേരളത്തിൽ ഒരു മാവേലി നാട് പുനഃസൃഷ്ടിക്കാൻ ഈ ഗവൺമെന്റിന്റെ നല്ല പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ട്. ഓണച്ചന്തവഴി അവശ്യസാധനങ്ങൾ വൻ വിലക്കുറവിൽ ലഭ്യമാക്കിയപ്പോൾ വെള്ള, നീല, പിങ്ക് കാർഡുകാർക്ക് യഥാക്രമം 15 കിലോ, 10 കിലോ, 5 കിലോ വീതം അരി 10.90 രൂപയ്ക്ക് റേഷൻ കടകൾവഴി വിതരണം ചെയ്യുകയുണ്ടായി. പഴയകാലത്തെ റേഷൻ കടകളുടെ അവസ്ഥയല്ല നിലവിലുള്ളത്. ഇതുകൂടാതെ കെ-സ്റ്റോർ വഴി ധാരാളം കാര്യങ്ങൾ വകുപ്പിന്റെ നേതൃത്വത്തിൽ ഇവിടെ നടക്കുന്നുണ്ട്. അന്ത്യോദയ, അന്നയോജന വിഭാഗത്തിൽപ്പെട്ടവർക്കും ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കും സൗജന്യ ഭക്ഷ്യക്കിറ്റ് നൽകുകയുണ്ടായി. ഈ സർക്കാർ ആരെയും മാറ്റി നിർത്താതെ എല്ലാവരെയും ചേർത്തുനിർത്തുകയാണ് ചെയ്തിട്ടുള്ളത്. സ്കൂൾ കുട്ടികൾക്ക് കൃത്യമായി അരി നൽകുന്നുണ്ട്. പാഠപുസ്തകം പോലും ലഭിക്കാതിരുന്ന സ്കൂൾ കുട്ടികൾക്ക് നല്ല ഭക്ഷണമടക്കം കൃത്യമായി നൽകുന്നുണ്ട്. കോൺഗ്രസിന്റെ കാലത്ത് ഇതൊന്നുമുണ്ടായിരുന്നില്ല. അന്ന് മന്ത്രിമാരായിരുന്ന പലരും ഇവിടെയുണ്ട്. കൂടാതെ സർക്കാർ ജീവനക്കാർക്ക്

ഒരു ഗഡു ഡി.എ. അനുവദിക്കാൻ കഴിഞ്ഞു. കരാർ തൊഴിലാളികളെയും സ്കീം തൊഴിലാളികളെയും ചേർത്തുനിർത്തിക്കൊണ്ട് അവർക്കിടയിലും ഓണത്തിന്റെ കരുതലെത്തി. കേരളത്തിലെ ഒട്ടുമിക്ക മാധ്യമങ്ങളും ഇത് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഇൻഫ്ലേഷൻ റേറ്റിനെക്കുറിച്ചാണ് ഇവിടെ ഉപക്ഷേപാവതാരകൻ പറഞ്ഞത്. കേരളത്തിൽ കഴിഞ്ഞ 5 വർഷമായി ഇൻഫ്ലേഷൻ നിരക്കുകൾ കുറഞ്ഞുതന്നെയാണ് നിൽക്കുന്നതെന്ന് ഔദ്യോഗിക കണക്കുകൾ പരിശോധിച്ചാൽ അങ്ങേയ്ക്ക് അറിയാൻ സാധിക്കും. 2024 വർഷത്തിന്റെ തുടക്കത്തിൽ ഇന്ത്യയിൽ ഏറ്റവും കുറവ് ഇൻഫ്ലേഷൻ നിരക്ക് രേഖപ്പെടുത്തിയത് കേരളത്തിലായിരുന്നു. 2024 വർഷത്തിന്റെ മധ്യം മുതലാണ് കേരളത്തിൽ ഇൻഫ്ലേഷൻ നിരക്കുകൾ അൽപ്പം ഉയരാൻ തുടങ്ങിയത്. സ്വർണ്ണവിലയെക്കുറിച്ച് ആരും പറയുന്നില്ല. ഇന്ന് സ്വർണ്ണത്തിന്റെ വില എവിടെയാണ് നിൽക്കുന്നത്? 2024 ഫെബ്രുവരിയിൽ ഒരു പവൻ സ്വർണ്ണത്തിന്റെ വില 45,000/- രൂപ ആയിരുന്നുവെങ്കിൽ ഇന്ന് ഒരു പവന് എൺപതിനായിരത്തിലധികം രൂപയായി. വെള്ളിയുടെ വിലയും വർധിച്ചിട്ടുണ്ട്. കേരളത്തിന്റെ ഇൻഫ്ലേഷൻ നിരക്കിനെക്കുറിച്ച്

ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സംസാരിക്കുമ്പോൾ, സ്വർണ്ണവും വെള്ളിയും ഉൾപ്പെട്ട പലവക ചരക്കുകളുടെ ഗ്രൂപ്പിന് മറ്റ് സംസ്ഥാനങ്ങളിലുള്ളതിനെക്കാൾ ഉയർന്ന വെയിറ്റും, ശരാശരി കണക്കാക്കുമ്പോൾ നൽകുന്ന ആപേക്ഷിക പ്രാധാന്യത്തെ കണക്കിലെടുക്കുമ്പോൾ, കേന്ദ്രസർക്കാർ നൽകി വരുന്നുണ്ട്. അത് പ്രമേയത്തിലെങ്ങും പറയുന്നില്ല. ആളുകളുടെ കണ്ണിൽ പൊടിയിടാൻവേണ്ടി വിലക്കയറ്റം എന്നുമാത്രം പ്രതിപാദിച്ചുപോകുകയാണ്. കുറച്ചുമാസങ്ങളായി കേരളത്തിലെ ഇൻഫ്ലേഷൻ നിരക്ക് കുറച്ചെങ്കിലും ഉയർന്നിട്ടുണ്ടെങ്കിൽ അത് അവശ്യസാധനങ്ങളുടെ വില വർധനവുമൂലമല്ലെന്ന് സ്ഥാപിക്കുന്നതിനുവേണ്ടിയാണ് ആധികാരികമായിട്ടുള്ള ഈ വിവരങ്ങൾ സഭയുടെ മുമ്പാകെ പറയുന്നത്. ഇത് പൊതുവിലുള്ള കാര്യമാണ്. നാളീകേര ഉൽപാദനത്തിലുണ്ടായിട്ടുള്ള ഇടിവിന്റെ ഭാഗമായാണ് നാളീകേരത്തിന് വന്നിട്ടുള്ള വിലവർധനവ്. ആരാണ് ആസിയാൻ കരാർ കൊണ്ടുവന്നത്? അന്ന് ഏറ്റവും വലിയ പ്രതിരോധം സൃഷ്ടിച്ചത് ഇടതുപക്ഷ പാർട്ടികളാണ്. യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് രാജ്യത്തെ ജനങ്ങൾക്ക് ദോഷകരമായ എല്ലാ കരാറുകളിലും ഒപ്പുവച്ചവരാണ് ഈ കൊച്ചുകേരളത്തിൽ

നാളികേരത്തിന്റെയും റബറിന്റെയും വിലയിടിഞ്ഞുവെന്ന് പറയുന്നത്. എന്ത് വ്യാജമായ കണ്ണുനീരാണ് നിങ്ങൾ പൊഴിച്ചുകൊണ്ടിരിക്കുന്നത്? കേരളത്തിൽ ഭക്ഷ്യധാന്യങ്ങളുടെയോ ഭക്ഷ്യ വസ്തുക്കളുടെയോ തുണികളുടെയോ അവശ്യ ഉപഭോഗ വസ്തുക്കളുടെയോ വില വർധിച്ചിട്ടുണ്ടോ? റേഷൻ കാർഡുണ്ടാക്കി വേർതിരിവുണ്ടാക്കിയതെല്ലാം യു.പി.എ. ഗവൺമെന്റിന്റെ കാലത്താണ്. നിങ്ങളെല്ലാം അതിന്റെ ഭാഗമല്ലേ? സ്വർണ്ണം, വെള്ളി നിരക്കുകളിൽ വർധനവുണ്ടായിട്ടുണ്ട്. അത് പൊതുജനങ്ങളെയെല്ലാം ബാധിക്കുന്ന കാര്യമായി പറയാൻ സാധിക്കില്ല. എന്നാൽ അവശ്യസാധനങ്ങളുടെ വിലവർധിച്ചത് എന്തുകൊണ്ടാണെന്ന് നിങ്ങൾക്ക് പറയാൻ കഴിയുന്നില്ല. ഔദ്യോഗിക കണക്കുകളെടുത്ത് പരിശോധിച്ച് തന്നെയാണ് ഈ വിവരങ്ങൾ സഭയുടെ മുമ്പാകെ പറയുന്നത്. പണപ്പെരുപ്പത്തെക്കുറിച്ച് പറയുമ്പോൾ ഒരു ചരക്കിന്റെ കേവല വില ഉയർന്നുനിൽക്കുന്നു എന്ന അർഥമല്ല. ഓണക്കാലമാകുമ്പോൾ എല്ലാ സാധനങ്ങൾക്കും ഡിമാന്റ് വർധിക്കും. കേവല വിലകൾ മറ്റ് സംസ്ഥാനങ്ങളെക്കാൾ താഴ്ന്ന് നിൽക്കുമ്പോഴും ചിലപ്പോൾ ചില ഡിമാന്റുകൾ വർധിക്കും. സപ്ലൈയിൽ വരുന്ന മാറ്റങ്ങളെ അടിസ്ഥാനമാക്കി ഇൻഫ്ലേഷൻ

നിരക്ക് വല്ലാതെ കൂട്ടുകയോ കുറയുകയോ ചെയ്യാറുണ്ട്. എന്നാൽ ഇതൊന്നും പൊതുജനങ്ങളുടെ ജീവിതത്തെ ബാധിക്കാതിരിക്കാനുള്ള ഉത്തരവാദിത്വം നടപ്പാക്കിയ ഒരു ഗവൺമെന്റാണ് ഇതെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ തന്നെയുണ്ടായിരുന്നു. ഓഗസ്റ്റ് മാസത്തിൽ സർവകാല റിക്കാർഡുകൾ തകർക്കുന്ന തരത്തിലുള്ള വിൽപ്പനയാണ് സപ്ലൈകോ ഔട്ട്ലെറ്റ് വഴി നടന്നത്. ഇത്രയും ആളുകൾ സാധനങ്ങൾ വാങ്ങുകയല്ലേ? കോടിക്കണക്കിന് രൂപയുടെ സാധനങ്ങൾ സപ്ലൈകോ ഔട്ട്ലെറ്റ് വഴി വിറ്റഴിക്കുകയല്ലേ? പൊതുവിപണിയിൽ സർക്കാർ ഇടപെട്ടുവെന്നതിന്റെ ഏറ്റവും വലിയ സൂചനയാണത്. ഇപ്പോൾ പറയുന്നത് വെളിച്ചെണ്ണയുടെ വില വർധിച്ചുവെന്നാണ്. 2025 ജൂലൈ മാസത്തിലെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരഫെഡിന്റെ കേര ബ്രാൻഡിലുള്ള വെളിച്ചെണ്ണ ലിറ്ററിന് 521/- രൂപയിൽനിന്ന് 479/- രൂപയായി കുറച്ചുകൊണ്ടുവരാൻ ഗവൺമെന്റ് വിപണയിലിടപെടൽ നടത്തിയിരുന്നു. സമയക്കുറവുമൂലം അതിന്റെ മറ്റ് വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല.

ഇവിടെ വൈദ്യുതി നിരക്ക് വർധിപ്പിച്ച കാര്യം പറഞ്ഞു. വൈദ്യുതി നിരക്ക് എപ്പോഴും വർധിപ്പിച്ചുകൊണ്ടിരുന്നത് ആരാണ്? വൈദ്യുതി നിയമം

2003-ലെ സെക്ഷൻ (62) പ്രകാരം സംസ്ഥാനത്തെ വൈദ്യുതിയുടെ നിരക്ക് നിശ്ചയിക്കാനുള്ള പരമാധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ മാത്രം നിക്ഷിപ്തമാണ്. കമ്മീഷൻ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്തെ വൈദ്യുതി താരിഫ് പരിഷ്കരണം 2012-ലാണ് ആദ്യമായി നടന്നത്. ആരാണ് 2012-ൽ ഭരണം നടത്തിയിരുന്നത്? പിന്നീട് 2013, 2014, 2017, 2019, 2022, 2024, 2025 വർഷങ്ങളിൽ താരിഫ് വർധനവ് നടന്നിട്ടുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് 2012-ൽ 24 ശതമാനമാണ് വർധിപ്പിച്ചത്. ചരിത്രത്തിലാദ്യമായി നമ്മൾ പകൽ സമയത്ത് വൈദ്യുതി ചാർജ് കുറച്ചു. കെ.എസ്.ഇ.ബി.എൽ. 2024 ഏപ്രിൽ മുതൽ നടപ്പാക്കിയ ഒരു പ്രധാന മാറ്റമാണ് ടൈം ഓഫ് ഡേ താരിഫ്. അതായത് പകൽ സമയത്ത് വൈദ്യുതി നിരക്ക് കുറയ്ക്കാനുള്ള ധൈര്യം നമ്മൾ കാണിച്ചിട്ടുണ്ട്. ഇത് എല്ലാ ഉപഭോക്താക്കൾക്കും ബാധകമല്ല, പ്രതിമാസം 250 യൂണിറ്റിൽ കൂടുതൽ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമാണ്. ഇത്തരത്തിലുള്ള വ്യാജ പ്രചരണങ്ങൾ നടത്തിക്കൊണ്ട് ഒരു പുകമറ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള

ഉപക്ഷേപത്തിന്മേലുള്ള ചർച്ചയെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. ചർച്ചയ്ക്കെടുക്കുമ്പോൾ പത്തുവർഷം മുമ്പും നാൽപ്പത് വർഷം മുമ്പുമുള്ള കാര്യങ്ങളാണ് ഇവിടെ ഭരണപക്ഷാംഗങ്ങൾ ഉന്നയിക്കുന്നത്. നിലവിൽ റിയലിസ്റ്റിക്കായിട്ടുള്ള പ്രശ്നങ്ങളിൽനിന്നുള്ള ഒളിച്ചോട്ടമാണ് ഇവിടെ പലപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നത്. ആഭ്യന്തര വകുപ്പിനുണ്ടായിരിക്കുന്ന പ്രശ്നങ്ങൾ, കസ്റ്റഡി മരണങ്ങൾ, ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ തുടങ്ങി ഇന്ന് സമൂഹം നേരിടുന്ന ഗുരുതരമായ പ്രതിസന്ധികളും ആശങ്കകളുമാണ് ഞങ്ങൾ ഇവിടെ പങ്കുവച്ചുകൊണ്ടിരിക്കുന്നത്. വിലക്കയറ്റവുമായി ബന്ധപ്പെട്ട് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ഉന്നയിക്കുമ്പോൾ രൂക്ഷമായിക്കൊണ്ടിരിക്കുന്ന വിലക്കയറ്റത്തെ നിയന്ത്രിക്കാൻ ഗവൺമെന്റിന് കഴിയാതെ പോകുന്നതിന്റെ പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് ഇതിന്റെ ഏജൻസിയായ സപ്ലൈകോയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന വലിയ സാമ്പത്തിക ബാധ്യതയാണ്. നെല്ല് സംഭരണത്തിൽ മാത്രം സപ്ലൈകോയുടെ ബാധ്യത നാലായിരം കോടി രൂപയാണെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇതിൽ അടിസ്ഥാനപരമായും സംഭവിച്ചത് 2016-ലെ ഗവൺമെന്റ് എടുത്ത

പ്രധാനപ്പെട്ട തീരുമാനമായിരുന്നു 13 സബ്സിഡി സാധനങ്ങൾക്ക് വില വർധിപ്പിക്കില്ല എന്നത്. അക്കാര്യത്തിന് വലിയ പ്രചാരണം നൽകുകയും ചെയ്തു. പക്ഷേ കോർപ്പറേഷനിലുണ്ടാകാൻ പോകുന്ന അതിഭീകരമായ നഷ്ടം നികത്തേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനുണ്ടായിരുന്നു. ആ ഉത്തരവാദിത്വം ഗവൺമെന്റ് യഥാസമയം നിറവേറ്റാതെപോയതാണ് അതിന്റെ പർച്ചേസിംഗ് കപ്പാസിറ്റി ഗണ്യമായ നിലയിൽ കുറയാനിടയാകുന്നത്. ഗവൺമെന്റിന്റെ ഒരു പോളിസിയാണ് സപ്ലൈകോ നടപ്പിലാക്കിയത്. നടപ്പാക്കിയ പോളിസിമൂലമുണ്ടാകുന്ന നഷ്ടം നികത്താൻ ഗവൺമെന്റ് തയ്യാറാകാതെ വലിയ പ്രതിസന്ധിയിലേയ്ക്കാണ് പോയത്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. ഓണത്തെക്കുറിച്ച് നിങ്ങൾ ഇവിടെ സംസാരിച്ചല്ലോ. ഇപ്പോൾ ഓണക്കാലത്ത് മൂന്നോ നാലോ ദിവസങ്ങളിൽ താഴെയാണ് പ്രാദേശിക ഫെയറുകൾ നടത്തുന്നത്. നേരത്തെ ഇവിടെ പത്ത് ദിവസം വരെ പ്രാദേശിക ഫെയറുകൾ നടത്തിയിരുന്നു. എത്രപേർക്ക് ജില്ലാ വിപണിയിലേയ്ക്ക് എത്താൻ കഴിയും? പ്രാദേശിക ഫെയറുകളെ ശാക്തീകരിച്ചാൽ മാത്രമെ കൂടുതൽ ഇടപെടലുകൾ നടത്താൻ കഴിയുകയുള്ളൂ. സപ്ലൈകോയ്ക്ക് ലഭിക്കാനുള്ള പല തരത്തിലുള്ള കുടിശ്ശിക

ഗവൺമെന്റിൽനിന്ന് ലഭിക്കാതായപ്പോൾ വലിയ പ്രതിസന്ധി ഉടലെടുത്തിരിക്കുകയാണ്. ഹോർട്ടികോർപ്പ്, കൺസ്യൂമർഫെഡ്, മാവേലി സ്റ്റോറുകൾ എന്നിവ കേന്ദ്രീകരിച്ചുള്ള സംയുക്ത പ്രവർത്തനങ്ങൾവഴി കൂടുതൽ കൃത്യതയോടെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന സാഹചര്യങ്ങളുണ്ട്. ഹോർട്ടികോർപ്പിന്റെ കാര്യം ഇവിടെ പ്രതിപാദിച്ചു. പല ഹോർട്ടികോർപ്പ് ഔട്ട്ലെറ്റുകളുടെയും പ്രവർത്തനം നിലയ്ക്കുകയാണ് എന്ന വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇവിടെയുണ്ട്. ബഹുമാനപ്പെട്ട വി. ജോയി ഇവിടെ പ്രസംഗിച്ചപ്പോൾ, യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് 773 കോടി രൂപയാണ് വിപണി ഇടപെടലിനായി ചെലവഴിച്ചതെന്നും ഇപ്പോഴത്തെ ഗവൺമെന്റിന്റെ കാലയളവിൽ 4000 കോടി രൂപയാണ് ചെലവഴിച്ചതെന്നുമുള്ള കണക്കുകൾ പറഞ്ഞു. 2006-2011-ലെ വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെയും അതിനുമുമ്പ് 1996-2001-ലെ ഇ. കെ. നായനാർ ഗവൺമെന്റിന്റെയും കാലയളവുകൾ പരിശോധിച്ചുനോക്കൂ. എന്റെ ഓർമ്മ ശരിയാണെങ്കിൽ, 2006-2011-ൽ വിപണിയിടപെടലിന്റെ ഭാഗമായി ഏകദേശം 200 കോടി രൂപയാണ് നീക്കിവച്ചത്. അടുത്ത ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ

ഇതിനേക്കാൾ കൂടുതൽ തുക വിപണിയിടപെടലിനായി നീക്കിവയ്ക്കും. അങ്ങനെ ചെയ്തേ മതിയാകുകയുള്ളൂ; അത് അനിവാര്യമാണ്. വസ്തുതാപരമായ കാര്യങ്ങളല്ല ഇവിടെ പറയുന്നത്. ഇന്ന് നാം നേരിടുന്ന ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന നിലയിലുള്ള കൃത്യമായ ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല എന്നത് വസ്തുതതന്നെയാണ്. ഈ മേഖലയിലെ പരിശോധനാ സംവിധാനങ്ങൾ കൂടുതൽ കർശനമാക്കാൻ കഴിയണം. പൂഴ്ത്തിവയ്പും മറ്റ് രീതിയിലുള്ള പ്രശ്നങ്ങളുമുണ്ടാകുമ്പോൾ, കൃത്യമായൊരു സിസ്റ്റത്തിലൂടെ ഇവയെ ഫലപ്രദമായി നേരിടുന്ന രീതിയിലുള്ള ഇടപെടലുണ്ടായാൽ അത് സ്വാഭാവികമായും കൺസ്യൂമേഴ്സിന് ഗുണകരമായി മാറും. അത്തരം കാര്യങ്ങളിലെല്ലാം ഗവൺമെന്റിന്റെ ശക്തമായ ഇടപെടൽ വേണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

നെല്ല് സംഭരണം സംബന്ധിച്ച് കർഷകർക്കുണ്ടായിക്കൊണ്ടിരിക്കുന്ന ആശങ്ക വീണ്ടും ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് യഥാസമയം വില ലഭ്യമാക്കണം. ഇക്കാര്യത്തിൽ കാലതാമസമുണ്ടായാൽ അത് സ്വാഭാവികമായും അവരെ വലിയ രീതിയിലുള്ള ആശങ്കയിലേയ്ക്ക്

നയിക്കും. ഒന്നോ രണ്ടോ മാസങ്ങൾ കഴിഞ്ഞ് അവർക്ക് തുക കിട്ടിയതുകൊണ്ട് കാര്യമില്ലല്ലോ. ചില സ്ഥലങ്ങളിൽ നെല്ലിന് യഥാസമയം വില ലഭിക്കുന്നുണ്ടാകും. എല്ലാ സ്ഥലങ്ങളിലും അങ്ങനെ ലഭിക്കുന്നില്ല എന്ന വസ്തുത ചൂണ്ടിക്കാണിക്കാൻകൂടി ഈ അവസരം ഞാൻ വിനിയോഗിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ: സർ, കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്നാൽ വിഷംകഴിച്ച് മരിക്കുമെന്ന് പറഞ്ഞ പത്രമുടമയുടെ പത്രത്തിൽ, 'വിലക്കയറ്റ തോതിൽ കേരളം വീണ്ടും ഒന്നാമത്' എന്നൊരു വാർത്ത പ്രത്യക്ഷപ്പെടുകയുണ്ടായി. ആ വാർത്തയെ മാത്രം അടിസ്ഥാനപ്പെടുത്തിയാണ് ഇന്ന് ബഹുമാനപ്പെട്ട കുണ്ടറ അംഗം ഇവിടെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ഭാഗമായി വിഷയം അവതരിപ്പിച്ചത്. അതിൽ സൂചിപ്പിച്ചിരുന്ന എട്ട് മാസത്തെ കണക്കാണ് അദ്ദേഹം പറയുന്നത്. ഇവിടെ യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്ന് ചർച്ചയിൽ പങ്കെടുത്തവരെല്ലാം പറഞ്ഞത്, 'നിങ്ങൾ ഇങ്ങനെ പത്ത് വർഷം മുമ്പത്തെ കാര്യം പറയാതെ ഇപ്പോൾ നടക്കുന്ന കാര്യങ്ങൾ സംബന്ധിച്ച് പറയൂ'

എന്നാണ്. 2023-24-ൽ ഇൻഫ്ലേഷൻ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് പ്രസിദ്ധീകരിച്ച നിരക്കുണ്ട്. അതനുസരിച്ച് ആന്ധ്രാപ്രദേശ് 5.5%, ഗുജറാത്ത് 5.7%, കർണ്ണാടക 5.8%, തമിഴ്നാട് 5.4%, തെലങ്കാന 6.4%, കേരളം 5% എന്നിങ്ങനെയാണ് കണക്ക്. ഇന്ത്യയുടെ ദേശീയ ശരാശരി 5.4% ആണ്. ഈ കണക്ക് വസ്തുതയല്ലെന്ന് പറയാൻ കഴിയുമോ? കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച കണക്കല്ലേ. ഓരോ മാസത്തിലും വരുന്ന ചെറിയ വ്യത്യാസങ്ങൾ കണക്കാക്കി ഇൻഫ്ലേഷൻ സംബന്ധിച്ച് സഭയെയും സമൂഹത്തെയും തെറ്റിദ്ധരിപ്പിക്കാനുള്ള നീക്കമാണ് നടത്തുന്നത്. നാഷണൽ സാമ്പിൾ സർവേ ഓഫീസിന്റെ 2023-24-ലെ കണക്ക് കേന്ദ്ര സർക്കാർ പുറത്തുവിട്ടിട്ടുണ്ട്. ഭക്ഷ്യ ഉപഭോഗവുമായി ബന്ധപ്പെട്ട്, രാജ്യത്ത് കേന്ദ്ര ഭരണ പ്രദേശങ്ങൾ ഉൾപ്പെടെയുള്ള മുപ്പത്തിയഞ്ച് പ്രദേശങ്ങൾ ഇതിൽ പട്ടികപ്പെടുത്തിയിട്ടുണ്ട്. അതിൽ കേരളത്തിന്റെ സ്ഥാനം മുപ്പത്തിനാലാണ്. ഇന്ത്യയിൽ ഭക്ഷ്യ ഉപഭോഗ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ ഏറ്റവും മികച്ച സംസ്ഥാനം കേരളമാണെന്ന് ആ കണക്ക്

രേഖപ്പെടുത്തുന്നുണ്ട്. ആ കണക്ക് നിഷേധിക്കാൻ കഴിയുമോ? കഴിഞ്ഞ തവണത്തെ കണക്ക് സംബന്ധിച്ച് സൂചിപ്പിക്കാം. അത് പറയുമ്പോൾ വിരോധമുണ്ടായിട്ട് കാര്യമില്ല.

കേരളത്തിൽ ഓഖി വന്നപ്പോൾ 3555 മെട്രിക് ടൺ അരി വിതരണം ചെയ്യുന്നതിനുവേണ്ടി 8.31 കോടി രൂപ ഗവൺമെന്റ് ചെലവഴിച്ചു. സൗജന്യമായി കൊടുത്ത അരിയാണിത്. ഒരു കിലോ അരിക്ക് 23.38 രൂപ നിരക്കിലും വിതരണം ചെയ്തു. അതിനായി നൽകിയ തുക പൂർണ്ണമായും കേന്ദ്രം തിരിച്ചുപിടിച്ചു. പാർലമെന്റിൽ ഇതുസംബന്ധിച്ച് കേരളത്തിൽനിന്നുള്ള ഏതെങ്കിലുമൊരു കോൺഗ്രസ് എം.പി. ഒരക്ഷരം മിണ്ടിയോ? പ്രളയത്തിന്റെ ഭാഗമായി കേരളത്തിൽ 205.8 കോടി രൂപയുടെ അരി (89540 മെട്രിക് ടൺ) സൗജന്യമായി വിതരണം ചെയ്തു. അതിനായി നൽകിയ തുകയും പൂർണ്ണമായും കേന്ദ്രം തിരിച്ചുപിടിച്ചു. ഇതുസംബന്ധിച്ചും കോൺഗ്രസ് എം.പി.-മാർ പാർലമെന്റിൽ ഒന്നും സംസാരിച്ചില്ല. കോവിഡ് കാലത്ത് 649 കോടി രൂപയുടെ അരി (3.05 ലക്ഷം മെട്രിക് ടൺ) കേരള സർക്കാർ സൗജന്യമായി വിതരണം ചെയ്തു. ഇന്ന് കേരളത്തിൽ

ഉൽപ്പാദിപ്പിക്കുന്ന അരി എത്രയാണ്? ഉപ്പുതൊട്ട് കർപ്പൂരം വരെയുള്ള എല്ലാ സാധനങ്ങളും ഇറക്കുമതി ചെയ്യുന്ന ഒരു സംസ്ഥാനമാണ് കേരളം. അങ്ങനെയുള്ള ഇവിടെ അരിയുടെ കാര്യത്തിൽ സ്വയംപര്യാപ്തതയിലെത്തുകയെന്നത് ആര് ഭരിച്ചാലും നടക്കുന്നതല്ല. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നാൽ കേരളത്തിൽ എല്ലാവർക്കും ആവശ്യമായിട്ടുള്ള അരി ഇവിടെ ഉൽപ്പാദിപ്പിക്കാൻ സാധിക്കുമോ? സാധ്യമല്ല എന്നത് യാഥാർത്ഥ്യമാണ്. ആ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ടാണ് വസ്തുതകൾ പറയേണ്ടത്. ഓഖിയുടെയും പ്രളയത്തിന്റെയും കോവിഡിന്റെയും സമയത്ത് 862.39 കോടി രൂപ സൗജന്യ അരി വിതരണത്തിനായി സംസ്ഥാന സർക്കാർ ചെലവഴിച്ചു. അതിനായി നൽകിയ തുക പൂർണ്ണമായും കേന്ദ്രം തിരിച്ചുപിടിച്ചപ്പോൾ അതുസംബന്ധിച്ച്, നരേന്ദ്ര മോദിയുടെ ബി.ജെ.പി. ഗവൺമെന്റിനെതിരെ പാർലമെന്റിൽ ഒരക്ഷരം മിണ്ടാത്തവരാണ് കോൺഗ്രസ് എന്ന് നമുക്ക് കാണാൻ സാധിക്കും. ഓണക്കാലത്ത് കേരളത്തിനായി അധികം അരിവിഹിതം ആവശ്യപ്പെട്ട് ഇക്കഴിഞ്ഞ ജൂലൈ 1-ന് കേരളത്തിന്റെ ആദരണീയനായ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ഡൽഹിയിൽ

പോയപ്പോൾ എന്താണ് പറഞ്ഞത്? കേരളത്തിലുള്ളവരെല്ലാം പണക്കാരാണെന്നാണ് അന്ന് അവർ പറഞ്ഞത്. അതിനുശേഷം പാർലമെന്റ് സമ്മേളനം നടന്നല്ലോ. കേരളത്തിന് ഓണസമയത്തെ അരിവിഹിതം വെട്ടിക്കുറയ്ക്കുന്നു, അത് ശരിയല്ല, അധിക അരിവിഹിതം അനുവദിക്കണമെന്ന് കോൺഗ്രസിന്റെ ഭാഗമായ ഏതെങ്കിലും ഒരു എം.പി. പറഞ്ഞോ? ജനങ്ങളുടെ പ്രശ്നങ്ങളിൽനിന്ന് ഒളിച്ചോടുന്നവരായി കോൺഗ്രസ് മാറുകയാണ്. കർണ്ണാടകയിൽ ഒരു കിലോ അരിയുടെ വില എത്രയാണ്? അവിടെ പുഴക്കലരിക്ക് 63 രൂപയും മട്ട അരിക്ക് 40 രൂപയുമാണ്. കേരളത്തിൽ 40-45 രൂപയ്ക്ക് പൊതുവിപണിയിൽ അരി ലഭിക്കുന്നുണ്ട്. 45 രൂപയാണ് കേരളത്തിൽ അരിയുടെ വില. അരി ഉൽപ്പാദിപ്പിക്കുന്ന ആന്ധ്രാപ്രദേശിലും കർണ്ണാടകയിലുംവരെ അരിയുടെ വില ആ നിലയിൽ വർധിക്കുമ്പോൾ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി കേരളം നല്ല രീതിയിൽ ഇടപെടലുകൾ നടത്തുകയാണ്. ആ ഇടപെടലുകൾ സംബന്ധിച്ച് കൃത്യമായി പട്ടികപ്പെടുത്തി നമുക്ക് പറയാൻ കഴിയും. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഒറ്റക്കാര്യം മാത്രം സൂചിപ്പിക്കാം. കേരളത്തിൽ പപ്പടം-വെളിച്ചെണ്ണ സമാഗമം നടക്കില്ല എന്നാണ് നടപടികൾ

നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത്. പപ്പടം-വെളിച്ചെണ്ണ സമാഗമമൊക്കെ നന്നായി നടന്നിട്ടുണ്ട്. 2236441 ലിറ്റർ വെളിച്ചെണ്ണ കേരളത്തിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു. കേരള ഗവൺമെന്റ് വിപണിയിൽ ഇടപെട്ടതാണ്. ഗവൺമെന്റ് വിലക്കയറ്റ വിരുദ്ധ കോൺക്ലേവ് നടത്തണമെന്നാണ് പറഞ്ഞത്. എന്ത് കാര്യത്തിനും കോൺക്ലേവ് നടത്തുന്നുവെന്നാണ് പറയുന്നത്. എന്താണ് ആ പരാമർശത്തിന്റെ അടിസ്ഥാനം? ഇന്ന് കേരളത്തിന്റെ ആദരണീയനായ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി, ആ മേഖലയിലെ പ്രശ്നങ്ങളുൾപ്പെടെ വ്യക്തമാക്കിക്കൊണ്ട് ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തീകരിക്കുന്നതിനുമുമ്പ് ഏറ്റവും പ്രധാനപ്പെട്ട നടപടിയെന്ന നിലയിൽ കോൺക്ലേവ് നടത്തുമെന്ന് പറഞ്ഞു. അതിനെ പരിഹസിച്ച് പറയുന്നതാണിത്. നിങ്ങൾക്ക് നടത്താൻ പറ്റിയ കോൺക്ലേവുണ്ട്. കോൺഗ്രസിന് നടത്താൻ പറ്റുന്നത് ഗൈനക്കോളജി കോൺക്ലേവാണ്. ആ കോൺക്ലേവ് കോൺഗ്രസ് നടത്തട്ടെ. ആ കോൺക്ലേവ് നടത്താൻ അർഹരായിട്ടുള്ളവരും നേതൃത്വം കൊടുക്കാൻ കഴിയുന്നവരുമായിട്ടുള്ള എം.എൽ.എ.-മാർ സഭയിൽത്തന്നെ കോൺഗ്രസിന്റെ ഭാഗമായിട്ടുണ്ട്

എന്നതുകൂടി അതിന്റെ ഭാഗമായി സൂചിപ്പിക്കുകയാണ്.

പൊതുവിപണിയേക്കാൾ കൂടുതൽ വിലയിൽ സപ്ലൈകോ സാധനങ്ങൾ വില്പന നടത്തിയ ഒരു കാലമുണ്ടായിരുന്നു. 02-04-2015-ലെ മാധ്യമം പത്രം ഇതുസംബന്ധിച്ച വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. രുചി ഗോൾഡിന്റെ പാം ഓയിലിന് പൊതുവിപണിയിൽ 53 രൂപയും സപ്ലൈകോ വില 65.30 രൂപയുമായിരുന്നു. സൺ ഫ്ലവർ ഓയിലിന് പൊതുവിപണിയിൽ 73 രൂപയായിരുന്നപ്പോൾ 81.90 രൂപയ്ക്കാണ് അത് സപ്ലൈകോയുടെ ഔട്ട്ലെറ്റിൽ വിറ്റത്. 2015-ൽ മൂന്ന് പിയേഴ്സ് സോപ്പ് 143 രൂപയ്ക്ക് പൊതുവിപണിയിൽ ലഭ്യമായിരുന്നപ്പോൾ അതിന് സപ്ലൈകോ ഔട്ട്ലെറ്റിൽ 163 രൂപയായിരുന്നു. നന്മ സ്റ്റോറുകൾ അടച്ചുപൂട്ടുകയുണ്ടായി. കേരളത്തിൽ കൺസ്യൂമർ ഫെഡിന്റെ 915 ഔട്ട്ലെറ്റുകളും 1629 സപ്ലൈകോ ഔട്ട്ലെറ്റുകളും 14349 റേഷൻ കടകളുമുണ്ട്. നമ്മുടെ രാജ്യത്ത് ഏറ്റവും മികച്ച നിലയിൽ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തി മുന്നോട്ടുപോകുന്ന സംസ്ഥാനമാണ് കേരളം. വിലക്കയറ്റത്തിന്റെ ദുരിതവും പ്രയാസവും മനസിലാകാത്തവിധം കേരളത്തിലെ ഓരോ ആഘോഷവേളകളും ആനന്ദകരമാക്കാൻ കഴിയുന്ന തരത്തിൽ ജനങ്ങൾക്ക് സംരക്ഷണം നൽകുന്ന

ഒരു ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എന്ന് ഈ നാടിനെ അറിയുന്ന എല്ലാവർക്കുമറിയാം. കേരളത്തിലെ ജനങ്ങളുടെ അഭിപ്രായങ്ങളെ മാനിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് ജനകീയമായിട്ടുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത് എന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തെ പൂർണ്ണമായും നിരാകരിച്ചുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, ഈ ഉപക്ഷേപത്തെ ഞാൻ ശക്തമായി എതിർക്കുന്നു. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണെന്ന യാഥാർത്ഥ്യം നാം ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്. കേരളത്തിൽ കാർഷികോൽപ്പാദനം കുറവായതിനാൽ ഭക്ഷ്യവസ്തുക്കൾ, പഴങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ, പാൽ ഉല്പന്നങ്ങൾ തുടങ്ങിയ പലതും പുറത്തുനിന്നും കൊണ്ടുവരേണ്ടിവരുന്ന സാഹചര്യമുണ്ട്. അതിനാൽ അതത് സംസ്ഥാനങ്ങളിലുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ, ദേശീയ ആഗോള വിപണിയിലെ മാറ്റങ്ങൾ, ഇന്ധന വിലവർധന, ഗതാഗത ചെലവുകൾ തുടങ്ങിയവ നേരിട്ട് വിലക്കയറ്റത്തെ ബാധിക്കുന്ന ഒരു

സംസ്ഥാനമാണ് കേരളം. എന്നാൽ നമ്മുടെ ജനകീയ സർക്കാർ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും വിവിധങ്ങളായ ഇടപെടലുകൾ നടത്തിവരുന്നുവെന്നത് ഒരു യാഥാർഥ്യമാണ്. റേഷൻ സംവിധാനം കുറ്റമറ്റ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്തെ സ്ഥിതി നമ്മുടെയൊക്കെ ഓർമ്മയിലൂടെ കടന്നുപോകുകയാണ്. കേരളത്തിലെ റേഷൻ കടകളിലും നന്മ സ്റ്റോറുകളിലും സാധനങ്ങൾ ലഭ്യമാകാത്ത ഒരു കാലഘട്ടം ഈ കേരളത്തിൽ കടന്നുപോയിട്ടുണ്ട്. നന്മ സ്റ്റോറുകളുടെ പാക്കിംഗ് സെന്ററുകൾ അടച്ചുപൂട്ടിപ്പോയതും ജില്ലാതല ഗോഡൗണുകൾ നിർത്തലാക്കിയതുമായ സാഹചര്യവും ഈ സംസ്ഥാനത്തുതന്നെയല്ലേ ഉണ്ടായത്? അവിടെനിന്നും സംസ്ഥാനത്തെ മാറ്റിയെടുക്കാൻ ഈ സർക്കാരിന് സാധിച്ചുവെന്നതാണ് ഇന്നത്തെ സാഹചര്യം. കഴിഞ്ഞ ബജറ്റിൽ വിലക്കയറ്റം തടയാൻ വിപണി ഇടപെടലുകൾക്ക് 2063 കോടി രൂപ വകയിരുത്തിയിരുന്നുവെന്നുള്ളത് നാം ഒരിക്കലും കാണാതെ പോകരുത്. കേന്ദ്ര സർക്കാർ ശക്തമായ സാമ്പത്തിക ഉപരോധം തീർത്ത ഘട്ടത്തിലാണ് ഈ ഗവൺമെന്റ് ഇത് ചെയ്തത് എന്നുള്ളത് ഒരു വസ്തുതയാണ്. അതിന്റെ ഗുണംകൂടി ഈ ഓണക്കാലത്ത്

ജനങ്ങൾക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ട്. 'കാണം വിറ്റും ഓണം ഉണ്ണണം' എന്ന പ്രയോഗം പഴഞ്ചനായി മാറിയോയെന്ന് തോന്നിപ്പോയ ഒരു ഓണമാണ് ഈ ഓണക്കാലത്ത് നമുക്ക് അനുഭവപ്പെട്ടത്. ഒന്നും വിൽക്കാതെ തന്നെ സുഭിക്ഷമായി ഓണമുണ്ണാൻ കേരളീയർക്ക് സാധിച്ചു എന്നതാണ് യാഥാർഥ്യം. ഫെയർ പ്രൈസ് ഷോപ്പുകൾ, മാവേലി സ്റ്റോറുകൾ, കെ-സ്റ്റോറുകൾ എന്നിവവഴി വിപണിയിൽ ശക്തമായ ഇടപെടൽ നടത്തിയതിന്റെ പ്രതിഫലനം നാം അനുഭവിച്ചറിഞ്ഞതാണ്. ഇക്കഴിഞ്ഞ ഓണക്കാലം നമുക്കൊരിക്കലും മറക്കാൻ കഴിയുകയില്ല. എല്ലാ പൊതുവിതരണ കേന്ദ്രങ്ങളിലും സാധനങ്ങളും സബ്സിഡി സാധനങ്ങളും സുലഭമായി ലഭ്യമാക്കി. 597 കോടി രൂപയുടെ അരി വിതരണം നടത്തിയിട്ടുണ്ട്. ഏതാണ്ട് 20000 കോടി രൂപ ജനങ്ങളുടെ കൈകളിലേക്ക് എത്തിച്ച ഒരു ഓണക്കാലമാണ് കടന്നുപോയത്. അതോടൊപ്പം അർഹരായ എല്ലാവർക്കും കിറ്റുകൾ, കുടുംബശ്രീ വഴി ഭക്ഷ്യ കിറ്റുകൾ, സ്കൂൾ കുട്ടികൾക്ക് അഞ്ച് കിലോ സൗജന്യ അരി തുടങ്ങി എന്തെല്ലാം സഹായങ്ങളാണ് എല്ലാ വിഭാഗം ജനങ്ങളിലേക്കും ഈ സർക്കാർ കരുതലിന്റെ ഭാഗമായി എത്തിച്ചിട്ടുള്ളതെന്ന് ഓർക്കാതിരിക്കാൻ കഴിയുകയില്ല. 2015-ൽ നടന്ന ഒരു

സംഭവത്തെക്കുറിച്ച് ഞാൻ ഓർക്കുകയാണ്. തിരുവനന്തപുരം പൂജപ്പുരയിലെ കൺസ്യൂമർഫെഡ് ഗോഡൗണിൽനിന്നും ഉപയോഗിക്കാതെ നശിച്ചുകിടക്കുന്ന ഭക്ഷ്യവസ്തുക്കൾ കണ്ടെത്തിയ സംഭവം, ഹൃദയഭേദകമായിരുന്നില്ലേ ആ കാഴ്ച? ടൺ കണക്കിന് അരിയും പയറും മറ്റ് ധാന്യങ്ങളും വിതരണം ചെയ്യാതെ നശിച്ചുപോയ ഒരു കാലം. യു.ഡി.എഫ്.-കാർ പറയുന്നത് ഒമ്പത് വർഷം മുമ്പത്തെ യു.ഡി.എഫ്. കാലഘട്ടത്തോട് താരതമ്യം ചെയ്യുന്നത് എന്തിനാണെന്നാണ്. എങ്ങനെ ചെയ്യാതിരിക്കും? സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും വികസനവും കരുതലും എത്തിക്കുന്ന എൽ.ഡി.എഫ്. സർക്കാരിനെ ഇല്ലാത്ത വിലക്കയറ്റം പറഞ്ഞ് തളർത്താനല്ലേ നിങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേരളം ദേശീയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ 2023-ലും 2024-ലും തുടർച്ചയായി ഒന്നാം സ്ഥാനം നേടി മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. Food Safety and Standards Authority of India (FSSAI) തയ്യാറാക്കുന്ന ഈ സൂചികയിൽ ഭക്ഷ്യ സുരക്ഷാ പരിശോധന, സാമ്പിൾ ശേഖരണം, ലാബുകൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിങ്ങനെ നാല്പതിലധികം മേഖലകളിലെ മികവാണ് കേരളത്തെ ഒന്നാം സ്ഥാനത്തെത്തിച്ചത്. ഭക്ഷ്യ സുരക്ഷാ ഗ്രാമപഞ്ചായത്ത്

പദ്ധതി നടപ്പാക്കി. സേഫ് ആൻഡ് ന്യൂട്രീഷ്യസ് ഫുഡ് അറ്റ് സ്കൂൾ പദ്ധതി 500-ലധികം സ്കൂളുകളിൽ നടപ്പാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. നമ്മുടെ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ച അംഗീകാരം തന്നെയാണിത്. പ്രതിപക്ഷം ഈ നേട്ടങ്ങൾ കാണാതിരിക്കുന്നില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവർ ഉറക്കം നടിക്കുകയാണ്. അവരെ ഉണർത്താൻ ഏറെ പ്രയാസമാണ്. ഇന്നലെയും മിനിഞ്ഞാന്നുമായി അവർ തലകുനിച്ച് സഭയിൽനിന്നും ഇറങ്ങിപ്പോകുന്നത് നാം കണ്ടതാണ്. ഇന്നും അതുതന്നെ സംഭവിക്കാനാണ് സാധ്യത. കേരളത്തിലെ മൊത്തം ഭക്ഷ്യാവശ്യത്തിന്റെ 15 ശതമാനം മാത്രമേ സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിക്കുന്നുള്ളൂ. പച്ചക്കറികളുടെ കാര്യത്തിൽ അയൽ സംസ്ഥാനങ്ങളെ നാം വളരെയധികം ആശ്രയിക്കുന്നു. ഇതര സംസ്ഥാനങ്ങളിലെ കാലാവസ്ഥാ വ്യതിയാനവും വാഹനക്കൂലി വർധനയും നമ്മെ പ്രതിസന്ധിയിലാക്കുമ്പോൾ വിപണി ഇടപെടലിലൂടെ വിലക്കയറ്റം പിടിച്ചുനിർത്തിയ ബഹുമാന്യനായ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയോടും ഇടതുപക്ഷ ഗവൺമെന്റിനോടും പ്രത്യേകം നന്ദി രേഖപ്പെടുത്താൻകൂടി ഈ അവസരം ഞാൻ ഉപയോഗപ്പെടുത്തുന്നു. ഈ ഉപക്ഷേപത്തോട് ഞാൻ പൂർണ്ണമായും

വിയോജിക്കുന്നു.

ശ്രീ. എം. വിജിൻ: സർ, കേരളത്തിന്റെ എല്ലാ മേഖലകളിലും മികവാർന്ന പ്രവർത്തനങ്ങളുമായാണ് പിണറായി സർക്കാർ മുന്നോട്ടുപോകുന്നത്. പാവപ്പെട്ടവന്റെ വിദ്യാഭ്യാസവും ആരോഗ്യവും വീടും പെൻഷനും അതോടൊപ്പം അവരുടെ ഭക്ഷ്യ മേഖലയിലുമെല്ലാം നമ്മുടെ സർക്കാർ ഇടപെടുന്നത് അഭിമാനകരമായ നിലയിൽത്തന്നെയാണ്. ഇവിടെ പ്രതിപക്ഷം സഭാനടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് നോട്ടീസ് നൽകിക്കൊണ്ട് അവതരണം നടത്തിയപ്പോൾ ചില ഡാറ്റകൾ വച്ചുകൊണ്ട് കേരളത്തിന്റെ സിവിൽ സപ്ലൈസ് മേഖലയാകെ തകരാറിലാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമമാണ് നടത്തിയത്. 09-11-2014-ന് മാതൃഭൂമി പത്രത്തിന്റെ എഡിറ്റോറിയൽ പേജിൽ വന്ന വാർത്തയുടെ ഒരു ഭാഗം ഞാൻ വായിക്കാം. 'അന്നന്നത്തെ അന്നത്തിൽനിന്നും ഒഴിവാക്കാനാകാത്ത സാധനങ്ങൾക്കെല്ലാം കേരളത്തിൽ വില കൂടിയിരിക്കുന്നു. ഒരു കിലോഗ്രാം ചെറുപയറിന് 22 രൂപയും ഉഴുന്നുപരിപ്പിന് 34 രൂപയും മല്ലിക്ക് 52 രൂപയും വർധിച്ചിരിക്കുന്നു. മുളക് ഒഴികെയുള്ള മറ്റ് പലചരക്കുകൾക്കും വില കൂടിയിട്ടുണ്ട്. പൊതുവിപണിയും

സപ്ലൈകോയും തമ്മിലുള്ള അന്തരം ഇതോടെ പേരിനുമാത്രമായി തീർന്നിരിക്കുകയാണ്.' ഇതാണ് 2014-ൽ മാതൃഭൂമി പത്രം എഡിറ്റോറിയൽ പേജിൽ എഴുതിയത്. ഇത് യു.ഡി.എഫ്. കാലഘട്ടത്തിലുണ്ടായ സാഹചര്യമാണ്. കേരളത്തിന്റെ പൊതുവിപണിയും സർക്കാർ സംവിധാനമായ സപ്ലൈകോയും തമ്മിൽ അന്തരമില്ലാതെ കേരളത്തിലെ പാവപ്പെട്ടവന്റെ പോക്കറ്റ് കാലിയാക്കിയ ഒരു കാലഘട്ടമാണ് കേരളത്തിലുണ്ടായിരുന്ന യു.ഡി.എഫ്.-ന്റെ ഭരണകാലം. ഇന്ന് ആ സാഹചര്യമല്ല നിലവിലുള്ളത്. ഇന്ന് കേരളത്തിന്റെ എല്ലാ മേഖലകളിലും സർക്കാർ ഇടപെടുന്നുണ്ട്. ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് സഭാനടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്റെ അവതരണത്തിൽ CPI (Consumer Price Index) ഡാറ്റാ ക്വാട്ട് ചെയ്തുകൊണ്ടാണ് പ്രസംഗത്തിന് നേതൃത്വം കൊടുത്തത്. അതിൽ ഒരു ഭാഗം അദ്ദേഹം വളരെ മനോഹരമായി മറച്ചുവച്ചുകൊണ്ട് അവതരിപ്പിച്ചു. പണപ്പെരുപ്പം ഒരു രാജ്യവ്യാപകമായ പ്രതിഭാസമാണ്. CPI ഡാറ്റ അനുസരിച്ച് ഇന്ധനം, വസ്ത്രങ്ങൾ, പാദരക്ഷ, സ്വർണ്ണം എന്നിവയുടെ വിലവർധന കേരളത്തിലെ പണപ്പെരുപ്പത്തിന് കാര്യമായ സംഭാവന

ഉണ്ടാക്കിയിട്ടുണ്ട് എന്ന യാഥാർത്ഥ്യത്തെ വളരെ കൃത്യമായി മറച്ചുവച്ചു. സ്വർണ്ണത്തിന്റെ വിലക്കയറ്റംതന്നെ ആഗോള സാമ്പത്തിക മാന്ദ്യവുമായി ചേർന്നുനിൽക്കുന്ന ഒന്നാണ്. ഇത് ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. യഥാർത്ഥത്തിൽ കൺസ്യൂമർ പ്രൈസ് ഇൻഡക്സിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ വില വർധനയുണ്ടാകേണ്ട സംസ്ഥാനം കേരളമാണ് എന്നതിൽ സംശയമില്ല. മറ്റ് സംസ്ഥാനങ്ങളെ ആശ്രയിച്ചുകൊണ്ട് കേരളം നടത്തുന്ന ഇടപെടലുകൾ ഇതിന് കാരണമാണ്. കേരളത്തിലേക്ക് വരുന്ന ചരക്കുകളുടെ ട്രാൻസ്പോർട്ടേഷൻ ചാർജ് കണക്കാക്കുമ്പോൾ ചെറുപയറായാലും അരിയായാലും വില വർധിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിലവർധനയുണ്ടാകേണ്ട സംസ്ഥാനമായി കേരളം മാറേണ്ട സാഹചര്യത്തിൽനിന്ന് അവശ്യവസ്തുക്കൾക്ക് ഏറ്റവും വിലക്കുറവുള്ള സംസ്ഥാനമായി കേരളത്തെ മാറ്റിയത് പിണറായി വിജയൻ ഗവൺമെന്റിന്റെ ഇടപെടലാണ്, വകുപ്പിന്റെ ഇടപെടലാണ്. വിപണി ഇടപെടലിനായി യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ സംസ്ഥാന സർക്കാർ 538.37 കോടി രൂപയാണ് ചെലവഴിച്ചതെങ്കിൽ ഇന്ന് എൽ.ഡി.എഫ്.-ന്റെ

കാലത്ത് 7270 കോടി രൂപ ചെലവഴിച്ചു. വിലക്കയറ്റം തടയാൻ ഗവൺമെന്റ് നടത്തുന്ന പ്രവർത്തനങ്ങളെ നാം ഗൗരവത്തോടുകൂടി ചർച്ച ചെയ്ത് പോകേണ്ടതില്ലേ? സബ്സിഡി വില്പന, മറ്റ് സംസ്ഥാനങ്ങളുമായി വിലപേശി നേടിയിട്ടുള്ള കിഴിവുകൾ എന്നിവയിലൂടെ ഈ ഓണക്കാലത്ത് മാത്രം 6 ലക്ഷം AAY (Antyodaya Anna Yojana) റേഷൻ കാർഡുകാർക്ക് 14 ഇനങ്ങൾ വച്ചുകൊണ്ട് സൗജന്യ കിറ്റ് കൊടുക്കാനും സാധിച്ചു. 140 ഓണം മാർക്കറ്റുകൾ സംഘടിപ്പിച്ചു. വിലക്കയറ്റം പിടിച്ചുനിർത്തിക്കൊണ്ട് സാധാരണക്കാരന് പച്ചക്കറി ലഭ്യമാക്കാൻ ഈ ഓണക്കാലത്ത് മാത്രം 2000 കർഷക ചന്തകൾ കേരളത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് അഭിനന്ദനാർഹമായ നിലയിൽതന്നെ നമ്മുടെ ഗവൺമെന്റ് നേതൃത്വം കൊടുത്തിട്ടുണ്ട്. പ്രതിപക്ഷ നിരയിൽനിന്നും എല്ലാവരും വെളിച്ചെണ്ണയെക്കുറിച്ചാണ് പറഞ്ഞത്. പ്രതിപക്ഷം ഈ ഉപക്ഷേപം അവതരിപ്പിക്കുമ്പോൾ വെളിച്ചെണ്ണയുടെ ഇന്നത്തെ വില എത്രയാണെന്നറിയാൻ ബാംഗ്ലൂരിലുള്ള എന്റെ സുഹൃത്തിനെ ഞാൻ വിളിച്ചിരുന്നു. അവിടെ ലിറ്ററിന് 550 രൂപയാണെന്നാണ് അദ്ദേഹം പറഞ്ഞത്. കോൺഗ്രസ് ഭരിക്കുന്ന കർണാടകയിൽ ഇന്ന് വെളിച്ചെണ്ണയുടെ

വലിയ 550 രൂപയാണ്. കേരള മാർക്കറ്റിൽ 529 രൂപ ഒരു ലിറ്റർ വെളിച്ചെണ്ണയ്ക്കുണ്ടാകുമ്പോൾ 'കേര' വെളിച്ചെണ്ണ വില്പന നടത്തിയത് 429 രൂപയ്ക്കാണ്. 383 രൂപയുടെ 'ശബരി' വെളിച്ചെണ്ണ സബ്സിഡി നിരക്കിൽ വിറ്റത് 319 രൂപയ്ക്കാണ്. ഈ മേഖലയിൽ എത്രമാത്രം ഗൗരവമായാണ് നമ്മുടെ സർക്കാർ ഇടപെടുന്നത് എന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണമാണിത്. ഓണക്കാലത്ത് 2236441 ലിറ്റർ ശബരി-കേര വെളിച്ചെണ്ണയാണ് കേരളത്തിൽ വില്പന നടത്തിയിട്ടുള്ളതെന്ന് നമുക്ക് കാണാൻ സാധിക്കും. ഇൻഫ്ലേഷൻ റേറ്റിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഞാൻ അതിന്റെ മറ്റ് ഭാഗങ്ങളിലേക്കൊന്നും പോകുന്നില്ല. സ്വർണ്ണം, വെളിച്ചെണ്ണ എന്നിവയുടെ വിലവർധന മാത്രമാണ് കേരളത്തിലെ ഇൻഫ്ലേഷൻ റേറ്റ് ഉയരാൻ കാരണം. ഇപ്പോഴത്തെ ഇൻഫ്ലേഷൻ റേറ്റ് നേരത്തെ ബഹുമാനപ്പെട്ട കെ. പ്രേംകുമാർ എം.എൽ.എ. പ്രസംഗിക്കുമ്പോൾ പറഞ്ഞു, യു.ഡി.എഫ്.-ന്റെ കാലത്ത് 2013-ൽ ഇൻഫ്ലേഷൻ റേറ്റ് 14.22 ആണ്. അത് വച്ചുകൊണ്ടാണ് വിലവർധന പിടിച്ചുനിർത്തിയ ഈ ഗവൺമെന്റിന്റെ ഇൻഫ്ലേഷൻ റേറ്റിനെ നിങ്ങൾ താരതമ്യം ചെയ്യാൻ വരുന്നത്. ഇൻഫ്ലേഷൻ റേറ്റ് ഞങ്ങൾ 5-ലേക്ക് എത്തിച്ചിരിക്കുകയാണ്. അത്രയും മാതൃകാപരമായ

ഇടപെടലാണ് വിപണിയിൽ ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. പ്രധാനപ്പെട്ട ഒരു ഭാഗമായ കേന്ദ്രത്തിന്റെ നിലപാടിനെ സംബന്ധിച്ച് ചർച്ച ചെയ്യേണ്ടത് അനിവാര്യമാണ്. ഈ പ്രമേയത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്ത് കേന്ദ്ര നിലപാടിനെക്കുറിച്ച് നിങ്ങൾ പറഞ്ഞിട്ടുണ്ടോ? നിങ്ങൾ കേന്ദ്രം ഭരിച്ചപ്പോഴാണ് ഈ പ്രയാസങ്ങൾക്കും പ്രശ്നങ്ങൾക്കും തുടക്കം കുറിച്ചത്. കേരളത്തിൽ എ.പി.എൽ., ബി.പി.എൽ. എന്ന തരംതിരിവുണ്ടാക്കിയതും എ.പി.എൽ. കാർഡുകാർക്ക് റേഷൻ നൽകേണ്ടതില്ലെന്ന തീരുമാനമെടുത്തതും കോൺഗ്രസാണ്. പക്ഷേ കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാവർക്കും അരി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചതും വിലക്കയറ്റത്തെ പിടിച്ചുനിർത്താനും സാധാരണക്കാരന്റെ ജീവിതത്തെ മികവാർന്ന നിലയിൽ മുന്നോട്ടുകൊണ്ടുപോകാനും ഇടയാക്കിയിട്ടുണ്ട്. നിങ്ങൾ അശാസ്ത്രീയമായാണ് എ.പി.എൽ., ബി.പി.എൽ. എന്ന് തിരിച്ചത്. ഈ ഗവൺമെന്റ് ശാസ്ത്രീയമായി പഠിച്ചിട്ടാണ് 5.77 ലക്ഷം കുടുംബങ്ങൾക്ക് ബി.പി.എൽ. കാർഡ് നൽകിക്കൊണ്ട് ആ മേഖലയിലിടപെട്ടത്. ഓണത്തിന് ടൈഡ് ഓവർ

വിഹിതത്തിന്റെ വിലയായ 8.30 രൂപയ്ക്ക് കേരളത്തിന് അധികമായി അരി നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടുവെങ്കിലും കേന്ദ്രം ഒരു മണി അരിപോലും നൽകിയില്ല. ഇതേപ്പറ്റി ഇന്ത്യൻ പാർലമെന്റിൽ ഒരക്ഷരം മിണ്ടാൻ കേരളത്തിൽനിന്നും തിരഞ്ഞെടുത്ത് പോയ കോൺഗ്രസിന്റെ എം.പി.-മാർ തയ്യാറായോ; കേരളത്തിനുവേണ്ടി നിങ്ങൾ അവിടെ ശബ്ദമുയർത്തിയോ? ഓഖിയുടെയും പ്രളയത്തിന്റെയും കോവിഡിന്റെയും കാലഘട്ടത്തിൽ കേന്ദ്രം കേരളത്തിന് നൽകിയ അരിയുടെ വിലയായി 649/- കോടി രൂപ നിർബന്ധപൂർവം തിരിച്ച് വാങ്ങി. അരി വാങ്ങുന്നവരിൽ ഇന്ത്യൻ പാർലമെന്റിന് അകത്തും പുറത്തും കോൺഗ്രസ്സുകാരും ബി.ജെ.പി.-ക്കാരും മറ്റുരാഷ്ട്രീയ പാർട്ടിയിൽപ്പെട്ട ആളുകളുണ്ടായിരുന്നിട്ടും എന്തുകൊണ്ടാണ് നിങ്ങൾ ഒരക്ഷരം മിണ്ടാത്തത്; എന്തുകൊണ്ടാണ് ഇത് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ഭാഗമായി നിങ്ങൾ പറയാത്തത്? കേരളം നടത്തിയ ഇടപെടലുകളെയും എൻ.എഫ്.എസ്.എ.-യെ സംബന്ധിച്ചും അതിന്റെ മറ്റുതലങ്ങളിലേയ്ക്കൊന്നും കടന്നുപോകുന്നില്ല. ആ ദുരിതത്തിലേക്ക് നിങ്ങൾ എത്തിച്ചുവെന്ന യാഥാർത്ഥ്യം നമ്മുടെ മുമ്പിൽ നിൽക്കുമ്പോഴും ഇവിടെ എല്ലാവരെയും

പരിഗണിച്ചുകൊണ്ടാണ് കേരളത്തിലെ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. തീർച്ചയായും വിലക്കയറ്റം നിയന്ത്രിക്കാൻ ഈ സർക്കാർ അഭിമാനകരമായ ഇടപെടലുകൾ നടത്തിയാണ് മുന്നോട്ടുപോകുന്നത്.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ ഈ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തെ എതിർക്കുകയും അതിനോടൊപ്പം ഇതിന്റെ ചർച്ചയ്ക്ക് തയ്യാറായ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയും ചെയ്യുന്നു. കാരണം കഴിഞ്ഞ മൂന്ന് ദിവസമായി പ്രതിപക്ഷം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവരുകയും അതിന്റെ ചർച്ച അവസാനിക്കുന്നതിനുമുമ്പ് മറുപടി കേൾക്കാതെ സഭ ബഹിഷ്കരിച്ച് പോകുകയുമാണ് ചെയ്യുന്നത്. പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവരുകയും സഭയിൽ പ്രസംഗിക്കുകയും ചെയ്യുകയാണ്. എന്നാൽ പത്രസമ്മേളനത്തിന്റെ കാര്യം സഭയിൽ മിണ്ടാൻ പാടില്ലെന്നാണ് പറയുന്നത്. ശ്രീ. എ. കെ. ആന്റണി നടത്തിയ പത്രസമ്മേളനത്തിന്റെ കാര്യം ശ്രീ. വി. ജോയി പറഞ്ഞപ്പോൾ പരിധിക്കുള്ളിൽനിന്നും സംസാരിക്കണമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്. അന്നേരം റൂൾ, ചട്ടം എന്നെല്ലാം പറയുന്നു. അവർക്ക് പത്രവാർത്തകളുടെ

അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവരാം. എന്നാൽ പത്രവാർത്തകൾ അവതരിപ്പിച്ച ആളിനുതന്നെ ശരിയോ തെറ്റോയെന്ന് ഉറപ്പില്ലാത്ത കാര്യങ്ങൾപോലും ഇവിടെ പറയുകയാണ്. ഈ ഉപക്ഷേപത്തിന്റെ മറുപടി പൂർണ്ണമായും കേൾക്കുന്നതിനുവേണ്ടി ഇരിക്കണമെന്നാണ് എനിക്ക് വിനയപൂർവം പ്രതിപക്ഷത്തോട് അഭ്യർഥിക്കാനുള്ളത്. വിലക്കയറ്റത്തെക്കുറിച്ചാണ് പ്രതിപക്ഷം പറഞ്ഞത്. അപ്പോൾ അവർ കേരളത്തിലല്ല താമസിക്കുന്നത്. പണപ്പെരുപ്പം ലോകവ്യാപകമാണ്. പക്ഷേ കേരളത്തിന്റെ അവസ്ഥ എന്താണ്? അത് മനസ്സിലാക്കാതെയാണ് പ്രതിപക്ഷം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവരുന്നത്. എല്ലാറ്റിനെയും നെഗറ്റീവായി മാത്രം കാണുന്ന സമീപനമാണ് അവർ സ്വീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ നന്മയ്ക്ക് ഉപകാരപ്രദമാകുന്ന എല്ലാറ്റിനെയും എതിർക്കുകയാണ് പ്രതിപക്ഷം ചെയ്യുന്നത്. നാഷണൽ ഹൈവേ ഞങ്ങൾ അനുവദിക്കില്ലെന്ന് പറഞ്ഞുകൊണ്ട് വയൽക്കിളി സമരം നടത്തി. കൂടാതെ, ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയും വിഴിഞ്ഞം പദ്ധതിയും നടപ്പാക്കുന്നതിനെതിരായിട്ടും പ്രതിപക്ഷം സമരം നടത്തുകയുണ്ടായി. വയനാട് തുരങ്കപാത അനുവദിക്കുന്ന

പ്രശ്നമേയില്ല അതിനെ ഞങ്ങൾ എതിർക്കുമെന്നാണ് പ്രതിപക്ഷം പറഞ്ഞത്. എന്നാലിവിടെ പറഞ്ഞതെല്ലാം കേരളത്തിൽ പിണറായി ഗവൺമെന്റ് നടപ്പിലാക്കിയെന്ന യാഥാർത്ഥ്യം തിരിച്ചറിയാൻ കഴിയണം.

മുഴുവൻ ആളുകൾക്കും റേഷൻ ലഭിച്ചുകൊണ്ടിരുന്ന നാടാണ് കേരളം. കേന്ദ്ര ഗവൺമെന്റാണ് അതിനെ എ.പി.എൽ., ബി.പി.എൽ. മാറ്റം വരുത്തിയത്. ആക്റ്റ് കൊണ്ടുവരുകയും അതിൽ ബി.പി.എൽ. കാർഡുകാർക്ക് മാത്രമായി റേഷൻ പരിമിതപ്പെടുത്തുകയും ചെയ്തു. എന്നാൽ കേരളത്തിൽ എ.പി.എൽ. കാർഡുകാർക്ക് കുറച്ച് കൂടിയ വിലയ്ക്കാണെങ്കിലും റേഷൻ ലഭിക്കും. അതിനാൽ ഇന്ത്യയിൽ കേരളത്തിൽ മാത്രമാണ് എ.പി.എൽ. കാർഡുകാർക്ക് റേഷൻ ലഭിക്കുന്നതെന്ന യാഥാർത്ഥ്യം കാണാതെ പോകരുത്. ഇവിടെ 8.23 രൂപയ്ക്ക് വാങ്ങിക്കുന്ന അരി 4 രൂപയ്ക്ക് എ.പി.എൽ. കാർഡുകാർക്ക് (വെള്ള, നീല കാർഡുകൾ) നമ്മൾ വിതരണം ചെയ്യുന്നുണ്ട്. അതുപോലെ ഭക്ഷ്യ വിഹിതം 16 ലക്ഷം ടൺ ആയിരുന്നതിനെ 14 ലക്ഷം ടൺ ആക്കി കുറച്ചു. അന്ന് രണ്ടാം യു.പി.എ. ഗവൺമെന്റാണ് അധികാരത്തിലിരുന്നത്. ഭക്ഷ്യ വിഹിതം കുറച്ചതിനെതിരായി പ്രതിഷേധിക്കാനോ, അനുവദിച്ചെടുക്കുന്നതിനോ കേരളത്തിലെ

യു.ഡി.എഫ്.-ന് കഴിഞ്ഞിട്ടില്ല.

ഓണം വിപണിയിലെ ഇടപെടലിനെക്കുറിച്ച് പറയുമ്പോൾ, ഓണം വിപണിയിൽ ഫലപ്രദമായി ഇടപെട്ടതുകൊണ്ടാണ് ഇന്ന് എല്ലാ സ്ഥലങ്ങളിലും കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് ഓണാഘോഷമുണ്ടായിരുന്നത്. സർക്കാർ ഓഫീസുകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, ക്ലബുകൾ എന്നിങ്ങനെ എല്ലാ സ്ഥലത്തും ഓണം ആഘോഷിച്ചു. കാരണം കേരളത്തിലെ ജനങ്ങൾക്ക് അല്ലലില്ലാതെ ഓണം ആഘോഷിക്കാൻ കാണം വിൽക്കേണ്ടതായി വന്നില്ലെന്ന് ശ്രീ. എം. വിൻസെന്റ് മനസ്സിലാക്കണം. വളരെ സന്തോഷകരമായി അവരുടെ കൈകളിലേക്ക് പണം എത്തിച്ചുകൊടുത്തു. 386 കോടി രൂപയുടെ വിറ്റുവരവിനെക്കുറിച്ച് മാത്രമാണ് എല്ലാവരും ഇവിടെ ചർച്ച ചെയ്തത്. കേരളത്തിൽ സപ്ലൈകോ വഴി മാത്രമാണ് വിപണിയിടപെടലുകൾ നടത്തിയതെന്നല്ല ഞാൻ പറഞ്ഞത്. കൺസ്യൂമർഫെഡ്, സഹകരണ മേഖല, ഹോർട്ടി കോർപ്, റേഷൻ കടകൾ, കുടുംബശ്രീ തുടങ്ങിയ സമസ്ത മേഖലകളിലുമുള്ള ഇടപെടലുകൾ വഴി 1,305.08 കോടി രൂപയുടെ വിൽപ്പനയാണ് നടന്നത്. നേരത്തെ ശ്രീ. എം. വിൻസെന്റ് 321/- രൂപ,

386/- ആകുമ്പോൾ എത്ര രൂപയായെന്നതിനെ സംബന്ധിച്ച കണക്ക് പറഞ്ഞു. ഇതുംകൂടി ചേർത്താണ് കണക്ക് കൂട്ടേണ്ടത്.

കേരളത്തിൽ വെളിച്ചെണ്ണയുടെ വില കൂടുതലാണെന്ന കാര്യം സമ്മതിച്ചു. പക്ഷേ സപ്ലൈകോ മുഖേന 529/- രൂപ വിലയുള്ള ഒരു ലിറ്റർ കേരവെളിച്ചെണ്ണ 450/- രൂപയ്ക്കും തുടർന്ന് 445, 429 എന്നീ നിരക്കുകളിലും ലഭ്യമാക്കിയിരുന്നുവെന്നത് ഏറ്റവും സന്തോഷകരമായൊരു കാര്യമാണ്. കൂടാതെ, അടുത്ത തിങ്കളാഴ്ച മുതൽ 419/- രൂപാ നിരക്കിൽ വെളിച്ചെണ്ണ വിതരണം ചെയ്യാൻ സപ്ലൈകോ തീരുമാനിച്ചിട്ടുണ്ട്. അതുപോലെതന്നെ ശബരി വെളിച്ചെണ്ണ സബ്സിഡിയായി 349/- രൂപയ്ക്കും നോൺ സബ്സിഡിയായി 429/- രൂപയ്ക്കും ലഭ്യമാക്കി. തുടർന്ന് സബ്സിഡി വില 339/-രൂപയാക്കി കുറച്ചു. തിങ്കളാഴ്ച മുതൽ 319/-രൂപയ്ക്ക് വെളിച്ചെണ്ണ ലഭ്യമാക്കുമെന്നതാണ് പ്രത്യേകത. ഇങ്ങനെയാണ് വിപണിയിൽ സർക്കാർ ഇടപെടുന്നത്. വളരെ ഫലപ്രദമായി ബജറ്റുവിഹിതത്തിനു പുറമേയുള്ളതുൾപ്പെടെ നൽകിക്കൊണ്ട് ഈ സർക്കാർ വിലനിലവാരം പിടിച്ചുനിർത്തി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്.

വില നിശ്ചയിക്കാനുള്ള അവകാശം ആർക്കാണ്; 1955-ലെ The Essential Commodities Act ഇല്ലാതാക്കിയത് ആരാണ്? വില നിശ്ചയിക്കാനുള്ള അധികാരം നഷ്ടപ്പെടുത്തിയത് കേന്ദ്രഗവൺമെന്റാണ്. നമ്മളൊരു ഉപഭോഗ സംസ്ഥാനമാണെന്നുള്ളതുകൊണ്ട് നവഉദാരവൽക്കരണ നയത്തിന്റെ ഭാഗമായി വിപണി തുറന്നുകൊടുത്തതിന്റെ ദുരിതം നമ്മൾ അനുഭവിക്കുകയാണ്. കുപ്പിവെള്ളത്തിന്റെ കാര്യത്തിൽ സർക്കാർ വില നിശ്ചയിച്ചു. എന്നാൽ നിങ്ങൾക്ക് വില നിശ്ചയിക്കാനുള്ള അവകാശമില്ലെന്നും നിങ്ങളുടെ ഉദ്ദേശ്യം കൊള്ളാമെന്നും പക്ഷേ നിയമപരമായി വില നിശ്ചയിക്കുന്നതിനുള്ള അവകാശമില്ലെന്നും കേന്ദ്രത്തിന് മാത്രമേ കഴിയുകയുള്ളൂവെന്നുമാണ് ഹൈക്കോടതി പറഞ്ഞത്. ആ സന്ദർഭത്തിലാണ് വില നിശ്ചയിക്കാനുള്ള അവകാശമില്ലാത്തൊരു സർക്കാർ വിപണിയിലിടപ്പെട്ട് വിലനിലവാരം പിടിച്ചുനിർത്തിയത്. അതിന്റെ ഭാഗമായി കോർപ്പറേറ്റുകൾക്ക് കേരളത്തിലെ ജനങ്ങളെ കൊള്ളയടിക്കാനുള്ള അവസരമില്ലാതാക്കുകയും അവർക്ക് സംരക്ഷണ കവചമൊരുക്കുകയാണ് ചെയ്തത്. ഓണം കെങ്കേമമാക്കി, വിലനിലവാരം പിടിച്ചുനിർത്തിയ ഈ സർക്കാരിനെ പിന്തുണച്ചുകൊണ്ട് നടപടികൾ

നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തെ ശക്തമായി ഞാൻ എതിർക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു. ഇവിടെ ഉയർത്തിയ വളരെ പ്രധാനപ്പെട്ട വിഷയമെന്നത് നമ്മുടെ രാജ്യത്തെ ഏറ്റവും കൂടുതൽ വിലക്കയറ്റമുള്ള ഒന്നാമത്തെ സംസ്ഥാനം കേരളമാണ്. റീട്ടെയിൽ പണപ്പെരുപ്പത്തിന്റെ റേറ്റെടുത്തിട്ടാണ് വിലക്കയറ്റത്തെക്കുറിച്ച് പ്രധാനപ്പെട്ട ഏജൻസികൾ കണക്കെടുക്കുന്നത്. കഴിഞ്ഞ ഒൻപതുമാസക്കാലമായി റീട്ടെയിൽ പണപ്പെരുപ്പത്തിന്റെ കാര്യത്തിലും വിലക്കയറ്റത്തിലും കേരളം ഒന്നാം സ്ഥാനം തുടർച്ചയായി കൊണ്ടുപോകുകയാണ്. നിങ്ങളെല്ലാം സൂചിപ്പിച്ചതുപോലെ ഒന്നാംസ്ഥാനമാണ്. കേരളം കൺസ്യൂമർ സ്റ്റേറ്റായതുകൊണ്ടാണ് എല്ലാക്കാലത്തും ഒന്നാം സ്ഥാനമെന്നുള്ള വാദം ശരിയല്ല. കേരളം അങ്ങനെ എല്ലാക്കാലത്തും ഒന്നാംസ്ഥാനമല്ല. കേരളം കഴിഞ്ഞ കാലഘട്ടങ്ങളിൽ നിങ്ങളുടെ ഗവൺമെന്റ് ഭരിക്കുമ്പോഴും ഞങ്ങളുടെ ഗവൺമെന്റ് ഭരിക്കുമ്പോഴുമൊക്കെ മാർക്കറ്റിൽ നല്ല ഇടപെടലുകൾ നടത്തിയിട്ടുണ്ട്. മാർക്കറ്റിൽ സ്വാഭാവികമായി രണ്ട് വിലക്കയറ്റമുണ്ടാകും. ഒന്നാമതായി ചില ഘട്ടങ്ങളിൽ ഓർഗാനിക്കായിട്ടുള്ള വിലക്കയറ്റവും

രണ്ടാമതായി ആർട്ടിഫിഷ്യലായിട്ടുള്ള വിലക്കയറ്റവുമുണ്ടാകും. ആർട്ടിഫിഷ്യലായിട്ടുള്ള വിലക്കയറ്റമാണ് കരിഞ്ചന്ത ഉദാഹരണത്തിന് വെളിച്ചെണ്ണയ്ക്ക് 300 രൂപ, 350 രൂപ, 400 രൂപ എന്നീ നിരക്കുകളിലാണ് വില കൂടിക്കൊണ്ടിരിക്കുന്നത്. എന്നാൽ 450 രൂപയായാൽ കരിഞ്ചന്തയിൽ വരും. കാരണം 300 രൂപയ്ക്ക് വാങ്ങിച്ചിരിക്കുന്ന സാധനം 500 രൂപ റീട്ടെയിൽ പ്രൈസ് വരുമ്പോൾ വിൽക്കാൻവേണ്ടി പൂഴ്ത്തിവയ്ക്കും. അങ്ങനെ കരിഞ്ചന്തയും ആർട്ടിഫിഷ്യലായ വിലക്കയറ്റവും കാരണം കച്ചവടക്കാർ, മീഡിയേറ്റേഴ്സ് എന്നിവരെല്ലാം വില വർധിപ്പിക്കും. അവിടെയല്ലാമാണ് സർക്കാരിന്റെ റോളെന്നുപറയുന്നത്. നമ്മൾ സൂക്ഷ്മതയോടുകൂടി മാർക്കറ്റ് സ്റ്റഡി ചെയ്യുന്നില്ലെങ്കിൽ ഈ ഇടപെടലുകളെല്ലാം പലരീതിയിൽ അപകടകരമാംവിധം മാർക്കറ്റിൽ വില വർധിപ്പിക്കും. വെറുമൊരു വില വർധന സാധാരണക്കാരനെ ബാധിക്കുമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ടത്. നമ്മുടെ സാമ്പത്തിക സാഹചര്യത്തെയും സമ്പദ്‌വ്യവസ്ഥയെപ്പോലും അത് ഗുരുതരമായി ബാധിക്കുന്ന സ്ഥിതിയാണ്. ഇപ്പോൾ ഗ്രാമങ്ങളിലും നഗരങ്ങളിലും ഒരുപോലെ പണപ്പെരുപ്പമാണ്. ഗ്രാമങ്ങളിലെ പണപ്പെരുപ്പമെന്നുപറയുന്നത് യഥാർഥത്തിൽ റിഗ്രസ്സീവ് ടാക്സ്

ഏർപ്പെടുത്തുന്നതുപോലെയാണ്. അതിന്റെ സോഷ്യൽ ഇംപാക്റ്റ് എന്നുപറയുന്നത്, ക്വാളിറ്റി ഓഫ് ലൈഫ് കോമ്പ്രമൈസ് ചെയ്യുകയാണ്. ജീവിതനിലവാരം എല്ലാവരിലും കുടിക്കൊണ്ടിരിക്കുകയാണ്. ആ ജീവിത നിലവാരത്തെയും ക്വാളിറ്റി ഓഫ് ലൈഫിനെയും കോമ്പ്രമൈസ് ചെയ്യേണ്ട സ്ഥിതിയിലേയ്ക്ക് പണപ്പെരുപ്പമുണ്ടാകും.  ഇവിടെയുള്ള വല്ലാത്തൊരു സ്ഥിതി എന്നുപറയുന്നത്,  പണപ്പെരുപ്പത്തിന്റെ റേറ്റ് അനുസരിച്ച് ജനുവരി മാസം മുതൽ ആഗസ്റ്റ് മാസം വരെ എല്ലാ സാധനങ്ങൾക്കും വില കൂടുകയാണ്. നേരത്തെ പ്രസ്തുത വിഷയം അവതരിപ്പിച്ച ശ്രീ. പി. സി. വിഷ്ണുനാഥ് വില വർധനവിന്റെ കാര്യത്തെക്കുറിച്ച് വ്യക്തമായി സൂചിപ്പിച്ചു. അതൊരു ട്രെൻഡായി വർധിച്ചുകൊണ്ടിരിക്കുകയാണ്. അതെന്തുകൊണ്ടാണ് കേരളത്തിൽ അങ്ങനെ പണപ്പെരുപ്പം കൂടുന്നത്; സാധാരണഗതിയിൽ മുൻകാലത്തെ കണക്കുകൂട്ടലനുസരിച്ച് പണം ധാരാളം വരുമ്പോഴാണ് നാണ്യപ്പെരുപ്പമുണ്ടാകുന്നത്. മാർക്കറ്റിൽ ആവശ്യത്തിൽക്കൂടുതൽ പണമുണ്ടാകുമ്പോഴാണ് പണപ്പെരുപ്പമുണ്ടാകുന്നതെന്ന് ഒരു പഴയ സിദ്ധാന്തമുണ്ട്. ഇവിടെ അതല്ല, പണപ്പെരുപ്പത്തിന്റെ നേരെ വിപരീതമാണ് ലിക്വിഡിറ്റി ക്രഞ്ചെന്നുപറയുന്നത്. പണമില്ലാത്തൊരു അവസ്ഥ മാർക്കറ്റിൽ

ഉണ്ടാകുകയാണ്. ഇവിടത്തെ സാമ്പത്തിക അവസ്ഥ, വിലക്കയറ്റം എന്നിവ പരിശോധിച്ചാൽ ഈ പണപ്പെരുപ്പവുമുണ്ട് ലിക്വിഡിറ്റി ക്രഞ്ചുമുണ്ട്. ഇന്നലെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും റിവേഴ്സ് മൈഗ്രേഷനെക്കുറിച്ച് ഒരു നല്ല ചർച്ച നടത്തി. റിവേഴ്സ് മൈഗ്രേഷൻ എന്നത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. അതിന്റെ ഇംപാക്ടുകൂടി നമ്മൾ ആലോചിക്കണം. നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണ് റെമിറ്റൻസ്. റിവേഴ്സ് മൈഗ്രേഷൻ ഈ റെമിറ്റൻസ് കുറച്ചുകൊണ്ടുവരും. വിദേശത്തുപോയി തിരികെവരുന്ന നിരവധി പേരുണ്ട്, വരുന്നവരെല്ലാവരും സംരംഭം തുടങ്ങുന്നവരല്ലല്ലോ; തിരിച്ചുവരുമ്പോൾ നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ റെമിറ്റൻസ് കുറയും. കേരളത്തിൽ അപകടകരമായ അവസ്ഥയുള്ളത് ഇവിടത്തെ റിവേഴ്സ് റെമിറ്റൻസാണ്. ഇരുപത്തിയഞ്ച്-മുപ്പതുലക്ഷം ആളുകൾ ഗൾഫിൽനിന്ന് കേരളത്തിലേയ്ക്ക് പൈസ അയയ്ക്കുമ്പോൾ 25-30 ലക്ഷം പേർ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേയ്ക്ക് വരുന്നുണ്ട്. പണ്ടുകാലങ്ങളിൽ കേരളത്തിലുള്ളവർ ഗൾഫിൽ പോയി വരുന്നതുപോലെ മറ്റു സംസ്ഥാനങ്ങളിൽനിന്നും ഇവിടെ

വരികയാണ്. അവർക്കും ശനിയാഴ്ച വൈകുന്നേരമാകുമ്പോൾ കൂലി ലഭിക്കുകയാണ്. അതിലൊരു 90 ശതമാനംപേരും കിട്ടുന്ന കൂലിയിൽ അത്യാവശ്യം ഭക്ഷണത്തിനുവേണ്ടി മാത്രമുള്ള പൈസയെടുത്തുവച്ചിട്ട് ബാക്കി പണം തിങ്കളാഴ്ച രാവിലെ ബാങ്കുവഴി അയയ്ക്കുകയാണ്. റിവേഴ്സ് റെമിറ്റൻസാണ് കേരളത്തിൽ നടക്കുന്നത്. ഒരു വശത്ത് റെമിറ്റൻസ് കുറയുകയും മറുവശത്ത് റിവേഴ്സ് റെമിറ്റൻസ് കൂടുകയും ചെയ്യുന്നു. കോടിക്കണക്കിന് രൂപ ദിവസേന കേരളത്തിൽനിന്ന് സൈഫൺ ചെയ്ത് മറ്റുസംസ്ഥാനങ്ങളിലേയ്ക്ക് പോകുകയാണ്. അപ്രകാരം ഒരു ലിക്വിഡിറ്റി ക്രഞ്ച്, അതായത് പൈസയില്ലാത്ത ഒരവസ്ഥ ഉണ്ടാക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ച റിവേഴ്സ് മൈഗ്രേഷൻ സ്വാഭാവികമായും നല്ല രീതിയിൽ ചർച്ച ചെയേണ്ടതാണ്. ഇന്നലെ ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവും ഇക്കാര്യം സൂചിപ്പിക്കുകയുണ്ടായി. റിവേഴ്സ് മൈഗ്രേഷൻ നമ്മുടെ സമ്പദ്ഘടനയെ എങ്ങനെ സഹായിക്കും; ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞ റിവേഴ്സ് മൈഗ്രേഷൻ എന്നുള്ളത് വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് ഇവിടെ

തൊഴിൽരഹിതരായി വരികയാണെങ്കിൽ അവർ അവിടുന്ന് അയയ്ക്കുന്ന റെമിറ്റൻസിൽ കുറവുണ്ടാകാനിടയുണ്ടല്ലോ എന്നാണ് അങ്ങ് സൂചിപ്പിച്ചത്. ഈ റിവേഴ്സ് മൈഗ്രേഷൻ എന്നുള്ളത്, ഇവിടെയുള്ള പ്രൊഫഷണലുകൾ തിരിച്ചിവിടെ ജോലിക്കുവരുമ്പോൾ ഹൈലി പെയിഡായിട്ടുള്ള ഒരാൾക്ക് ഇവിടെ ജോലി വരുന്നതോടുകൂടി നാലോ അഞ്ചോ ഇൻഡയറക്ടായിട്ടുള്ള മറ്റുജോലികൾകൂടി സൃഷ്ടിക്കപ്പെടുന്നു. അതുവഴി എക്കണോമിയിൽ അതിന്റെ ഡിമാൻഡ് വർധിക്കും. ഉദാഹരണത്തിന് ഒരാൾ ജോലി ചെയ്യുന്നു, സ്കൂളിൽപ്പോകുന്നവരുടെ എണ്ണം കൂടുന്നു, അല്ലെങ്കിൽ ഒരു ഫ്ലാറ്റ് വരുന്നു, കെയർടേക്കർ വരുന്നു, സ്വിഗ്ഗി കൊണ്ടുവരുന്ന എണ്ണം കൂടുന്നു, അതുവഴി സമ്പദ്ഘടന ചലിക്കും. തൊഴിൽരഹിതരായി തിരിച്ചുവരുന്നതാണെങ്കിൽ വേറെ നോക്കേണ്ടതാണ്. പക്ഷേ ഈ കാണുന്നത് നമ്മുക്കെല്ലാവർക്കും ആഹ്ലാദിക്കാവുന്ന രൂപത്തിലുള്ള മാറ്റമാണ്. അതാണ് റിവേഴ്സ് മൈഗ്രേഷൻ എന്ന പദം പൊതുവെ വിവക്ഷിക്കുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച പോയിന്റിനോട് ഞാൻ യോജിക്കുകയാണ്. പക്ഷേ ഇന്ന് ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബ് അതിനോട് റിയാക്റ്റ് ചെയ്തത് എന്താണ്;

ഈ വരുന്നതിൽ ആറിലൊന്ന് ഭാഗംപോലും അങ്ങ് പറഞ്ഞ കാറ്റഗറിയിൽപ്പെട്ടവരല്ല. നേച്ചർ ഓഫ് ജോബ് എന്നുപറയുന്നത് ലോകത്തെല്ലായിടത്തും മാറിക്കൊണ്ടിരിക്കുകയാണ്. പണ്ട് പത്തിരുപത് വർഷം കൂടുമ്പോഴേ ജോലിയുടെ സ്വഭാവം മാറുകയുള്ളൂ. ഇപ്പോൾ ഈ ടെക്നോളജിയെല്ലാം വന്നപ്പോൾ എല്ലാവർഷവും ജോലിയുടെ സ്വാഭാവം മാറിക്കൊണ്ടിരിക്കുകയാണ്. ആ ജോലിയിൽ അവർക്ക് സ്കിൽ ചെയ്യുവാനോ റീസ്കിൽ ചെയ്യുവാനോ സാധിക്കാതെ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരികയാണ്. തിരിച്ചുവരുമ്പോൾ നമുക്ക് വലിയതോതിലുള്ള റെമിറ്റൻസ് കുറയുന്നുണ്ട്. മൈഗ്രന്റ്സിന്റെ റിവേഴ്സ് റെമിറ്റൻസുംകൂടിയാകുമ്പോൾ നമ്മുടെ സമ്പദ്‌വ്യവസ്ഥയെ അത് ഗുരുതരമായി ബാധിക്കുന്നുണ്ട്. രൂക്ഷമായ വിലക്കയറ്റമുണ്ടാകുമ്പോഴുള്ള പല പ്രശ്നങ്ങളുണ്ട്. ഇപ്പോൾ കേരളത്തിൽത്തന്നെ, വേറെയൊരു ആംഗിളിൽമാത്രം പരിശോധിച്ചാൽ പോര; മറിച്ച് ഗവൺമെന്റ് സാമ്പത്തിക പശ്ചാത്തലത്തിൽക്കൂടി ഗൗരവമായി പരിശോധിക്കേണ്ട പ്രധാനപ്പെട്ട വിഷയമാണ്. അതുകൊണ്ടല്ലേ പ്രതിപക്ഷം അത് ഗൗരവത്തോടുകൂടി ഈ ഹൗസിൽ കൊണ്ടുവരുന്നത്. അത് ചർച്ച ചെയ്തപ്പോൾ ഞങ്ങൾക്ക്

സന്തോഷമായി. അല്ലെങ്കിൽ ഇക്കാര്യങ്ങളെക്കുറിച്ചൊക്കെ പറയാൻ സാധിക്കുമോ.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വിലക്കയറ്റത്തെക്കുറിച്ച് പറയുമ്പോൾ, 300 രൂപ വിലയുള്ള പൊട്ടാഷ് 1800/- രൂപയായി. അതിനെക്കുറിച്ചൊന്നും ചർച്ചയിൽ സൂചിപ്പിച്ചില്ല. അതിന്റെ ഉൽപാദനത്തിന്റെ ഫലമായി എത്ര കമ്മിയാണ് വന്നത്. അത് കേന്ദ്രഗവൺമെന്റിന്റെ നയത്തിന്റേതാണ്, അതിനെക്കുറിച്ചൊരു വാക്കുപറയാത്തതിൽ സങ്കടമുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച കാര്യമല്ല ഞാൻ സൂചിപ്പിച്ചത്, ഇത് വേറൊരു പോയിന്റല്ലേ; അതിലേയ്ക്കു ഞാൻ വരാം. എല്ലാ മേഖലയിലും നികുതി വർധനവ്, ഡ്യൂട്ടി, ഫീസ്, സെസ്സ് എന്നിവ തെറ്റായ പല സാമ്പത്തിക നയങ്ങൾകൊണ്ട് വർധിക്കുന്നു. അമിത നികുതിഭാരം ജനങ്ങളുടെമേൽ കൂട്ടുന്നു. നേരത്തെ ഭരണകക്ഷിയിൽനിന്ന് ഒരു അംഗം സൂചിപ്പിച്ചതുപോലെ പെട്രോൾ, ഡീസൽ വില ഉയർന്നുനിൽക്കുന്നത് ഒരു കാരണമാണ്. ഡിമാൻഡ് കുറയുകയാണ്. അമിത നികുതികൾ കാരണം

ചരക്കുകൾക്കും സേവനങ്ങൾക്കുമുള്ള ആവശ്യം കുറഞ്ഞിരിക്കുന്നു. അത് സാമ്പത്തിക പ്രവർത്തനങ്ങളെ മുരടിപ്പിക്കുകയാണ്. തൊഴിലില്ലായ്മയുടെ വർധനവ് ഇതിന്റെ ഭാഗമായി ഉണ്ടാകുന്നുണ്ട്. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധികാരണം പണം നൽകാൻ സാധിക്കുന്നില്ല. സാമൂഹിക സുരക്ഷാ പെൻഷൻ, ക്ഷേമനിധി പെൻഷൻ ആനുകൂല്യങ്ങൾ, മറ്റ് സുരക്ഷാ പദ്ധതികളിലൊക്കെ കോടികളുടെ കുടിശ്ശികയാണ്. സർക്കാർ ജീവനക്കാർക്കുള്ള ഡി.എ., ശമ്പളപരിഷ്കരണ കുടിശ്ശിക, മറ്റ് അലവൻസുകൾ എല്ലാം പിടിച്ചുവച്ചിരിക്കുകയാണ്. ഈ പണം മാർക്കറ്റിൽ ചെലവാക്കി മാർക്കറ്റിലെ ഡിമാന്റ് വർധിപ്പിക്കാൻ ഉള്ളതാണ്. പണത്തിന്റെ ഡിസ്ട്രിബ്യൂഷനും റൊട്ടേഷനും ഇല്ല. പണം പിടിച്ച് വച്ചിരിക്കുകയാണ്. ഇതിന്റെയെല്ലാം ഇംപാക്ടാണിത്. സാധാരണ മധ്യവർഗ്ഗ കുടുംബങ്ങളാണിവിടെ പ്രതിസന്ധിയിലാകുന്നത്. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലെ ചെലവ് ഗണ്യമായി വർധിക്കുകയാണ്. അത്യാവശ്യകാര്യങ്ങൾ നിറവേറ്റാൻ സാധിക്കുന്നില്ല. ജീവിത നിലവാരത്തിൽ മാറ്റം വരുന്നു. വിലക്കയറ്റം നമ്മുടെ വാങ്ങൽശേഷിയെ കുറയ്ക്കും. വാങ്ങൽ ശേഷി കുറയുന്നത് ഡിമാന്റ് കുറയാൻ കാരണമാകും.

ഡിമാന്റ് കുറഞ്ഞാൽ വരുമാനം കുറയും. വരുമാനം കുറഞ്ഞാൽ നികുതി വരുമാനം കുറയും. നികുതി വരുമാനം കുറഞ്ഞാൽ വീണ്ടും സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുന്ന ഘട്ടത്തിലേക്ക് പോകും. ഇതെല്ലാം റിയാലിറ്റി ആണ്. വിപ്ലവകരമായ ഒരു നടപടിയായിരുന്നു സപ്ലൈകോ രൂപീകരിച്ചത്. മാവേലി സ്റ്റോറുകൾ ഉണ്ടായി. മാർക്കറ്റിൽ ഉണ്ടാകുന്ന ആർട്ടിഫിഷ്യലും ഓർഗാനിക്കുമായ വിലക്കയറ്റത്തെ കൺട്രോൾ ചെയ്യാനുള്ള സർക്കാരിന്റെ ഇൻസ്ട്രുമെന്റാണത്, അതിനെ മാർക്കറ്റ് ഇന്റർവെൻഷൻ എന്ന് പറയും. ഏറ്റവും പ്രധാനപ്പെട്ട 13 essential items-ന് സബ്സിഡി നൽകിക്കൊണ്ട് സർക്കാർ മാർക്കറ്റിൽ ഇടപെടും. ഇതിൽ പലതിന്റെയും വില കൂടിയാൽ അതിന് side effects ഉണ്ടാകും. ഉദാഹരണത്തിന്, അരിയുടെ വില പെട്ടെന്ന് വർധിച്ചാൽ അരിയുടെ വില മാത്രമല്ല വർധിക്കുന്നത്. ചെറുപയർ, കടല, പരിപ്പ് തുടങ്ങിയ അത്യാവശ്യസാധനങ്ങളുടെ വില കൂടി അരിയോടൊപ്പം വർധിക്കും. ഇതാണ് മാർക്കറ്റ് സ്റ്റഡി. എന്റെ അറിവിൽ എല്ലാ ദിവസവും കേരളത്തിലെ മുഖ്യമന്ത്രിയുടെ ടേബിളിൽ അന്നത്തെ പ്രൈസ് ഇൻഡക്സ് എത്തും. ഇത് പണ്ടുകാലം മുതൽ ഉണ്ടാക്കിയിരിക്കുന്ന സിസ്റ്റമാണ്. മാർക്കറ്റിൽ ഉണ്ടാകുന്ന ചെറിയ വ്യതിയാനങ്ങൾ, ഓരോ സാധനത്തിനും

ഉണ്ടാകുന്ന വിലക്കയറ്റം തുടങ്ങിവയെ സൂക്ഷ്മതയോടെ നിരീക്ഷിച്ച് കൊണ്ടുള്ള കൗണ്ടർ ഇന്റർവെൻഷൻ ഇല്ല എന്നതാണ് പ്രശ്നം. അതായത് മാർക്കറ്റ് ഇന്റർവെൻഷൻ ഫലപ്രദമായി നടക്കുന്നില്ല. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല. ശ്രീ. പി. സി. വിഷ്ണുനാഥ് പ്രമേയം അവതരിപ്പിച്ചപ്പോൾ പറഞ്ഞു, ഓണക്കാലത്ത് നിങ്ങൾ 200 കോടി രൂപയ്ക്ക് പുറമേ ഓണക്കിറ്റ് വിതരണത്തിന് 43 കോടി രൂപ ആവശ്യപ്പെട്ടു. ആകെ 243 കോടി രൂപ ആവശ്യപ്പെട്ടതിൽ 150 കോടി രൂപ ലഭിച്ചു. 93 കോടി രൂപ ലഭിക്കാതായതോടെ സപ്ലൈകോയുടെ മാർക്കറ്റ് ഇന്റർവെൻഷൻ സാധ്യമല്ലാതായി. ലഭിച്ച 150 കോടി രൂപയിൽ നിന്ന് ഓണക്കിറ്റ് വിതരണത്തിനാവശ്യമായ 43 കോടി രൂപ ചെലവഴിക്കാൻ പറഞ്ഞു. മാർക്കറ്റ് ഇന്റർവെൻഷൻ എന്ന പർപ്പസ് സെർവ് ചെയ്യാൻ സപ്ലൈകോയ്ക്ക് പറ്റുന്നില്ല. ഹോർട്ടികോർപ്പിന്റെ കാര്യവും ഇവിടെ പറഞ്ഞു. ഇവയെല്ലാം രൂപീകരിച്ചത് മാർക്കറ്റ് ഇന്റർവെൻഷന് വേണ്ടിയാണ്. ഇവിടെ വായിച്ചപ്പോൾ ഹോർട്ടികോർപ്പിൽ സാധനങ്ങൾക്ക് പൊതിവിപണിയിലേതിനേക്കാൾ വില കൂടുതലാണ്. കർഷകർ അധ്വാനിച്ചുണ്ടാക്കുന്ന പച്ചക്കറികൾ ഒരു ഗവൺമെന്റ് ഏജൻസി ന്യായമായ

വില നൽകിക്കൊണ്ട് പ്രൊക്യൂർ ചെയ്ത് കുറച്ചുകൂടി ന്യായമായ വിലയ്ക്ക് അവ മാർക്കറ്റിൽ വിൽക്കുക എന്ന അർഥത്തിലും കൂടിയാണ് ഹോർട്ടികോർപ്പ് രൂപീകരിച്ചത്. എന്നാൽ ഇപ്പോൾ ഹോർട്ടികോർപ്പ് ഭൂരിഭാഗം പച്ചക്കറികളും തമിഴ്നാട്ടിൽ നിന്നാണ് എടുക്കുന്നത്. കൃഷിമന്ത്രിക്ക് ഇക്കാര്യമറിയാം. കർഷകരിൽ നിന്ന് അവരുടെ ഉൽപന്നങ്ങൾ വാങ്ങുന്നത് വളരെക്കുറവാണ്. കൂടുതലും മാർക്കറ്റിൽ നിന്നാണ് എടുക്കുന്നത്. എന്നിട്ടവ ഇവിടെയെത്തിച്ച് മാർക്കറ്റിലേതിനേക്കാൾ കൂടുതൽ വിലയ്ക്ക് വിറ്റാൽ ഹോർട്ടികോർപ്പ് എന്ന സ്ഥാപനത്തിന്റെ മാർക്കറ്റ് ഇന്റർവെൻഷൻ എന്ന പർപ്പസ് നടക്കില്ല. അപ്പോൾ പച്ചക്കറിക്ക് വില കൂടും. Essential commodities ആയ 13 items-ന് പലപ്പോഴും മാർക്കറ്റിൽ സബ്സിഡി ഉണ്ടാകാറില്ല. കഴിഞ്ഞ ക്രിസ്തുമസ് കാലത്ത് ഒരു നല്ല ട്രോൾ കണ്ടു, ബിവറേജസ് കോർപ്പറേഷന്റെ അലമാരയിൽ സാധനം ഫുൾ ആണ് അതിന്റെ തൊട്ട് താഴെ മാവേലി സ്റ്റോറിന്റെ അലമാര കാണിച്ചു എന്നാൽ ആ അലമാരയിൽ ഒന്നുമില്ല. ഇത് ഭയങ്കരമായ പ്രശ്നമാണ്. സബ്സിഡി ഐറ്റംസിന്റെ വില വർധിപ്പിക്കില്ലെന്ന് നിങ്ങൾ ജനങ്ങൾക്ക് വാഗ്ദാനം നൽകിയതാണ്. ബഹുമാനപ്പെട്ട എക്സൈസ് മന്ത്രിക്ക് ടെൻഷൻ വേണ്ട അവിടത്തെ കച്ചവടം കുറഞ്ഞുപോകുമെന്ന്, ഞാൻ

കച്ചവടം കുറയ്ക്കാനായി ഒന്നും പറയുന്നില്ല. നല്ല ബിസിനസ് നടക്കണമെന്നാണ് പറഞ്ഞത്. മോശമായി ഒന്നും പറയില്ല. സർക്കാരിലേക്ക് വരുമാനം വരുന്നൊരു മാർഗ്ഗമാണത്. എന്നാൽ ഇടയ്ക്കിടയക്ക് വില വർധിപ്പിക്കരുതെന്ന അഭിപ്രായമാണ് എനിക്കുള്ളത്. മദ്യത്തിന്റെ വില വർധിപ്പിച്ചുകഴിഞ്ഞാൽ മദ്യത്തിന്റെ consumption കുറയുമെന്നത് തെറ്റായ ധാരണയാണ്. മദ്യത്തിന്റെ വില കൂടിയതിനാൽ ഇന്നലെ മൂന്ന് പെഗ്ഗ് കഴിച്ചിരുന്ന ആൾ ഇന്ന് അത് രണ്ട് പെഗ്ഗ് ആക്കിയിട്ടില്ല ഇന്നുവരെ. വില കൂടിയതിന്റെ വിഷമത്തിൽ നാലാമത്തെ പെഗ്ഗ് കൂടി കഴിക്കും. മറ്റൊരു കാര്യമുള്ളത്, വീട്ടിൽ നൽകുന്ന കാശ് കുറയും. അതിന്റെ ഇരകളാകുന്നത് സ്ത്രീകളും കുട്ടികളുമാണ്. അതിനാൽ മദ്യത്തിന്റെ വിലകൂട്ടിയാൽ മദ്യത്തിന്റെ ഉപഭോഗം കുറയുമെന്ന അഭിപ്രായം എനിക്കില്ല. ഇതെല്ലാം മാർക്കറ്റിലെ ഓരോ സെക്ടറുകളാണ്. നമ്മൾ വളരെ ശ്രദ്ധയോടുകൂടി ഇവ കൈകാര്യം ചെയ്യണം. ഇതിൽ ഒരുപാട് ഇംപാക്ട് ഉണ്ട്. ഫാമിലി ബജറ്റ് എടുക്കുകയാണെങ്കിൽ, ഒരു ഇടത്തരം കുടുംബത്തിന്റെ 2024 സെപ്റ്റംബർ മാസത്തിലെ ബജറ്റും 2025 സെപ്റ്റംബർ മാസത്തിലെ ബജറ്റും താരതമ്യം ചെയ്യുകയാണെങ്കിൽ ആ ഒരു കുടുംബത്തിൽ മാത്രം ഉണ്ടായിരിക്കുന്ന

ചെലവിന്റെ വ്യത്യാസമെന്നത് പതിനായിരം മുതൽ പതിനയ്യായിരം രൂപ വരെയാണ്. അവരുടെ ആരുടെയും വരുമാനം വർധിച്ചിട്ടില്ല. രണ്ട് തവണ വൈദ്യുതി ചാർജ് കൂട്ടി. നവംബറിലും കൂട്ടി ഏപ്രിലിലും കൂട്ടി. രണ്ടാമത് ചാർജ് കൂട്ടിയതിന്റെ അന്ന് അടുത്ത വർധനവ് വരുത്താനായി റെഗുലേറ്ററി അതോറിറ്റിക്ക് കത്തെഴുതിയിട്ടാണ് ബഹുമാനപ്പെട്ട വൈദ്യുതിവകുപ്പുമന്ത്രി ഇവിടെ ഇരിക്കുന്നത്. അത്തരത്തിൽ മൂന്ന് തവണ വൈദ്യുതി ചാർജിൽ തന്നെ വർധന വരുന്നു. എന്നാൽ ആളുകളുടെ വരുമാനം വർധിക്കുന്നില്ല. മാർക്കറ്റിൽ ഡിമാന്റ് വളരെയധികം കുറയുകയാണ്. റൊട്ടേറ്റ് ചെയ്യാൻ ആളുകളുടെ കയ്യിൽ പണമില്ല. ഫാമിലി ബജറ്റ് അവതാളത്തിലായി. സാധാരണക്കാരായ പാവം ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാണ്. പട്ടിണിയെന്ന വാക്ക് ഞാൻ ഉപയോഗിക്കുന്നില്ല. പക്ഷെ കഷ്ടപ്പാടിലേക്കും ദുരിതങ്ങളിലേക്കും ആളുകൾ പോകുകയാണ്. നമ്മളെ എം.എൽ.എ. എന്ന രീതിയിൽ കാണാനായി അനവധി ആളുകൾ ഓഫീസിൽ വരാറുണ്ട്. അങ്ങനെ വരുന്ന ആളുകളുടെയും ദുരിതങ്ങളുടെയും എണ്ണം വർധിച്ചു. മരുന്ന് വാങ്ങാൻ പണമില്ലാത്തവർ, കുട്ടികളുടെ ഫീസ് അടയ്ക്കാൻ കഴിയാത്തവർ, ചികിത്സാ ചെലവുകൾക്ക് പണമില്ല എന്നിങ്ങനെ വല്ലാതെ വിഷമിച്ച്

കഷ്ടപ്പെടുന്നവരുടെ എണ്ണം കൂടുകയാണ്. നിങ്ങൾ തെറ്റിദ്ധരിക്കണ്ട, ഞാനിത് രാഷ്ട്രീയമായല്ല പറയുന്നത്. നിങ്ങളുടെ ഗവൺമെന്റ് വന്നതുകൊണ്ടാണ് ഇങ്ങനെയെന്നതല്ല എന്റെ പോയിന്റ്. ഇടത്തരം ആളുകളുടെയും സാധാരണക്കാരുടെയും ജീവിതദുരിതം വല്ലാതെ വർധിക്കുകയാണ്. ഹെൽത്ത് എക്സ്പെൻസ് കൂടി, എഡ്യൂക്കേഷൻ എക്സ്പെൻസ് കൂടി, സാധനങ്ങളുടെ വില കൂടി, സെസ്സ് കൂടി, ടാക്സ് കൂടി എന്നാൽ വരുമാനത്തിൽ ഒരു തരത്തിലുമുള്ള വർധനവില്ല. എല്ലാത്തിന്റെയും ഇംപാക്ട് ഒരു കുടുംബത്തിന്റെ ബജറ്റിൽ അവർക്ക് താങ്ങാൻ കഴിയുന്നതിന്റെ അപ്പുറത്തേക്ക് പോകുകയാണ്. മിഡിൽ ക്ലാസിനെ സംബന്ധിച്ച് അവർക്ക് അവരുടെ living standard-ഉം quality of life-ഉം compromise ചെയ്യാൻ പറ്റില്ല. അതിനാലവർ കടം വാങ്ങുകയാണ്. നിങ്ങളെല്ലാം സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവരല്ലേ; ബാങ്കുകളിലേക്ക് പൈസ തിരിച്ചടവ് വരുന്നുണ്ടോ? അപകടകരമായ രീതിയിലേക്ക് ബാങ്കുകളുടെ അവസ്ഥ മാറുകയാണ്. വലിയ രീതിയിലുള്ള വൺടൈം സെറ്റിൽമെന്റ് നടപ്പാക്കിയിട്ടും പണം നൽകാൻ ആളുകളുടെ കൈയിലില്ല. വീണ്ടും വീണ്ടും ആളുകൾ കടം എടുക്കുകയും എടുത്ത ലോൺ വീണ്ടും പുതുക്കുകയും ചെയ്യുന്ന

സ്ഥിതിയാണ്. ഇത് സാധനങ്ങളുടെ വെറുമൊരു വിലക്കയറ്റമെന്നതിന് ഉപരിയായി കേരളത്തിന്റെ സമ്പദ് വ്യവസ്ഥ, കേരളത്തിലെ കുടുംബങ്ങളുടെ സമ്പദ് വ്യവസ്ഥ എല്ലാം അപകടകരമായ രീതിയിലേക്ക് പോകുകയാണ്.

ഫുഡ് പ്രോസസിങിന്റെയും അതിന്റെ വിതരണത്തിന്റെയും കാര്യത്തിൽ, ഹോട്ടലുകളുടെ കാര്യമെടുത്താൽ കാറ്ററിങ്ങും റെസ്റ്റോറന്റ് ബിസിനസും കേരളത്തിൽ ഇപ്പോൾ വലിയ ബിസിനസാണ്. കഴിഞ്ഞ 2-3 വർഷങ്ങൾക്കുള്ളിൽ കേരളത്തിൽ എത്ര ഹോട്ടലുകളാണ് പൂട്ടിപ്പോയതെന്ന് നിങ്ങളുടെ കൈയിൽ കണക്കുണ്ടോ? കാറ്ററിങ് ജീവനക്കാരുടെ ഒരു സമരം സെക്രട്ടേറിയറ്റിന് മുന്നിൽ കണ്ട് ഞാൻ ഞെട്ടിപ്പോയി. അനേകം ആളുകൾ വരുകയാണ്. എല്ലാവരും വലിയ crisis-ലാണ്. ലിറ്ററിന് 350-450 രൂപയ്ക്ക് വെളിച്ചെണ്ണ വാങ്ങാൻ സാധിക്കില്ല, പഞ്ചസാരയുടെ വില ഇരട്ടിയായി എല്ലാ സാധനങ്ങളുടെയും വില വർധിച്ചു. പിടിച്ചുനിൽക്കാൻ പലർക്കും സാധിക്കുന്നില്ല. ഒരുപാട് ഇൻഡസ്ട്രിയെയും ബിസിനസിനെയും ഈ വിലക്കയറ്റം ഗുരുതരമായി ബാധിച്ചിട്ടുണ്ട്. നിങ്ങൾ പെരിഫെറലായി കാണുന്ന ഇൻഡസ്ട്രികളെക്കുറിച്ചല്ല ഞാൻ പറയുന്നത്. ഏറ്റവും സാധാരണക്കാരായ ആളുകളെക്കുറിച്ചാണ് പറയുന്നത്. കൊല്ലം മാർക്കറ്റിലെ

ചുമട്ടുതൊഴിലാളികളോട് ഞാൻ സംസാരിച്ചു. അവർ പറയുന്നത് 5 കൊല്ലം മുൻപുണ്ടായിരുന്ന പത്തിലൊന്നായി തൊഴിൽ കുറഞ്ഞു. ദിവസവും നല്ല വരുമാനം ഉണ്ടായിരുന്നതാണ്. ബിസിനസ് നടക്കാത്തതാണ് കാരണം. കൊല്ലം മാർക്കറ്റിലെ നിരവധി കടകൾ പൂട്ടിപ്പോയി. കഴിഞ്ഞ 4-5 കൊല്ലത്തിനിടയിൽ എത്ര കടകൾ പൂട്ടിപ്പോയെന്ന ഒരു കണക്കുമില്ല. അത്തരത്തിൽ സ്ഥാപനങ്ങൾ പൂട്ടിപ്പോയി. സ്ഥാപനങ്ങൾ പൂട്ടിപ്പോകുമ്പോൾ അവിടത്തെ ചെലവ്, ജീവനക്കാരുടെ വരുമാന നഷ്ടം, തൊഴിലില്ലായ്മ എന്നിവയെല്ലാം കേരളത്തിൽ രൂക്ഷമായ സാമൂഹിക സാമ്പത്തിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുകയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നിങ്ങൾ മാർക്കറ്റിൽ ഇടപെടണം. ഞങ്ങളുടെ ഡിമാൻഡ് അതാണ്. മാർക്കറ്റെന്താണെന്ന് പഠിക്കണം. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിലക്കയറ്റമുള്ള ഒന്നാമത്തെ സംസ്ഥാനമായി കേരളം നിൽക്കുന്നു. അത് റിയലായിട്ടുള്ള എസ്റ്റിമേറ്റാണ്. കഴിഞ്ഞ ഒമ്പത് മാസമായി ഇത് സ്റ്റാഗ്നന്റായി നിൽക്കുകയല്ല, ഇത് കൂടിക്കൂടിയിരിക്കുകയാണ്. അതനുസരിച്ച് വിലക്കയറ്റം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി വിലകുറയ്ക്കാൻവേണ്ടിയുള്ളത് ചെയ്യുക എന്ന ഒരു

വഴിയേ നമ്മുടെ മുന്നിലുള്ളൂ. അതിനാവശ്യമായ സഹായം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് ലഭിക്കില്ലെന്നാണ് പ്രമേയം അവതരിപ്പിച്ച ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ പറഞ്ഞത്. ആ സപ്പോർട്ട് കിട്ടുന്നില്ല. ഞാനെപ്പോഴും പറയുന്നതുകൊണ്ട് ആവർത്തിക്കുന്നില്ല. ഗവൺമെന്റിന് ചില പ്രയോരിറ്റികളുണ്ടാകണം, മുൻഗണനകളുണ്ടാകണം. സർക്കാരിന് സാധാരണക്കാരന്റെ കഷ്ടപ്പാട് നിറഞ്ഞ ജീവിതം എന്താണെന്ന് കാണാൻ കഴിയണം. ഈ വിലക്കയറ്റം സാമൂഹ്യ ജീവിതത്തിലുണ്ടാക്കിയിരിക്കുന്ന ദുരിതങ്ങളും പ്രയാസങ്ങളും കഷ്ടപ്പാടുകളും വേദനകളുമെന്താണെന്ന് മനസ്സിലാക്കണം. ഇലക്റ്റഡ് ഗവൺമെന്റാണ് അധികാരത്തിലിരിക്കുന്നത്. നിങ്ങൾക്കാണ് അഡ്മിനിസ്ട്രേഷൻ, നിങ്ങളാണ് ഗവേണൻസ്. ഗുഡ് ഗവേണൻസെന്നൊരു കൺസെപ്റ്റുണ്ട്. അത് വെറുതെ യാന്ത്രികമായി ഭരിച്ച് പോകുന്നതല്ല. നിങ്ങൾ ഇപ്പോൾ ചെയ്യുന്നത് മെക്കാനിക്കലാണ്. സിസ്റ്റം അങ്ങനെയാണ് ഇങ്ങനെയാണെന്നൊക്കെ പറഞ്ഞുള്ളൊരു മെക്കാനിക്കലാണ്. ജനങ്ങൾ കഷ്ടപ്പെടുമ്പോൾ, ദുരിത പൂർണ്ണമായൊരു അവസ്ഥയിലൂടെ കടന്ന് പോകുമ്പോൾ, അവർ തിരഞ്ഞെടുത്തൊരു ഗവൺമെന്റിന്റെ സാന്നിദ്ധ്യവും ഇടപെടലും ആഗ്രഹിക്കും.

ദൗർഭാഗ്യവശാൽ അങ്ങനെയൊരു സർക്കാരിന്റെ സാന്നിദ്ധ്യം കേരളത്തിലില്ല. അതിനാൽ രൂക്ഷമായ ഈ വിലക്കയറ്റമെന്ന സംഭവം ഞങ്ങൾ കൊണ്ടുവരുമ്പോൾ അതില്ലെന്ന് നിങ്ങൾ കുറേപേർ ഉച്ചത്തിൽ സംസാരിച്ചാൽ അത് മായ്ച്ചുകളയാൻ കഴിയുന്ന യാഥാർഥ്യമല്ല, കണക്കുകളാണ്, മനുഷ്യന്റെ ജീവിതമാണ്. ഇത്രയും സംഭവമുണ്ടായിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട മന്ത്രിമാരുടെ യോഗംപോലും നടന്നിട്ടില്ല. ഈ വിലക്കയറ്റത്തിൽ നമുക്കെങ്ങനെ ഇടപെടാൻ കഴിയും, ധനകാര്യ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും എല്ലാവരും ചേർന്ന് ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗംകൂടി നമ്മളെങ്ങനെ ചെയ്യണമെന്ന് ആലോചിച്ചിട്ടുണ്ടോ? നിങ്ങൾ ആലോചിച്ചിട്ടില്ല. നിങ്ങൾ എല്ലാവരേയും വിധിക്ക് വിട്ടുനൽകുകയാണ്. നിങ്ങൾക്ക് അങ്ങനെയൊരു ഗുഡ് ഗവേണൻസ് പോയിട്ട് ഗവേണൻസ് പോലുമില്ല. അതാണ് ഞങ്ങൾക്ക് നിങ്ങളെക്കുറിച്ചുള്ള പരാതി. ഞങ്ങൾ സാധാരണക്കാർക്കുവേണ്ടി, പാവപ്പെട്ടവർക്കുവേണ്ടി, ദുരിതമനുഭവിക്കുന്ന ആളുകൾക്കുവേണ്ടിയാണ് ഈ വിഷയം സഭയിൽ കൊണ്ടുവന്നത്. അതുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പൂർണ്ണമായി പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കടകൾ അടഞ്ഞ് പോകുന്നത് രേഖയിൽ കിടക്കുന്ന എന്നുള്ളതുകൊണ്ട്, ഔദ്യോഗിക ഡാറ്റയനുസരിച്ച് 6 ശതമാനത്തോളമാണ് കഴിഞ്ഞ വർഷത്തിൽ നിന്നും ഈ വർഷത്തെ റെസ്റ്റോറന്റുകളുടെ വളർച്ച. ഓണക്കാലത്ത് നോക്കിക്കഴിഞ്ഞാൽ ഏറ്റവും കൂടുതൽ കാറ്ററിങ്ങാണ്. അവർക്ക് ഓർഡറുകൾ പോലും കൊടുക്കാൻ കഴിഞ്ഞില്ല. ഒരു ലക്ഷം ഓണ സദ്യയാണ് കുടുംബശ്രീ മാത്രം കൊടുത്തിട്ടുള്ളത്. റെമിറ്റൻസിന്റെ കാര്യത്തിലും ഇവിടെ പറഞ്ഞതിൽ നിന്നും കോവിഡ്-19-ന് ശേഷം കേരളത്തിന്റെ കോൺട്രിബ്യൂഷൻ വീണ്ടും വർധിച്ചിരിക്കുന്നതായാണ് ഔദ്യോഗിക കണക്കുകൾ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട റവന്യൂ മിനിസ്റ്റർ അങ്ങ് നേരത്തെ ഒരു ക്ലാരിഫിക്കേഷൻ പറഞ്ഞിരുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, നേരത്തെ ബഹുമാനപ്പെട്ട കോവളം അംഗം സംസാരിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഞാനൊരു ക്ലാരിഫിക്കേഷൻ

പറഞ്ഞത്. ഇവിടെ സഭയിൽ വളരെ ഗൗരവമായിട്ടുള്ളൊരു ചർച്ച നടന്നുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ ഞങ്ങളുടെ പാർട്ടിയുടെ ജില്ലാ സമ്മേളനത്തിൽ നടക്കാത്തൊരു വിഷയത്തെ സംബന്ധിച്ച് പത്രത്തിൽ വന്നതാണെന്നൊരു വാർത്ത ഒരു രേഖയുമില്ലാതെ ബഹുമാനപ്പെട്ട കോവളം അംഗം ഉന്നയിക്കുകയുണ്ടായി. ഈ സഭയിൽ ഒരോരുത്തരെയും കുറിച്ച് പത്രത്തിൽ വരുന്ന വാർത്തകളൊക്കെ ഞങ്ങൾ ഉദ്ധരിക്കാൻ നിന്നാൽ എന്തായിരിക്കും ഉദ്ധരണികളിൽ വരാൻ പോകുന്നതെന്ന് ഞാൻ ഇപ്പോൾ സൂചിപ്പിക്കുന്നില്ല. അതുകൊണ്ട് എന്റെ അഭ്യർഥന, സി.പി.ഐ. ജില്ലാ സമ്മേളനത്തിൽ നടക്കാത്തൊരു വിഷയത്തെക്കുറിച്ച് പത്രത്തിൽ വന്നുവെന്ന് പറയുന്ന തെറ്റായ രേഖ, മേശപ്പുറത്തുപോലും വയ്ക്കാൻ കഴിയാത്ത തെറ്റായ രേഖ അദ്ദേഹത്തിന്റെ ഉദ്ധരണി രേഖയിൽ നിന്ന് ഒഴിവാക്കണം.

മി. സ്പീക്കർ: യെസ്... പരിശോധിക്കാം+.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഇലക്ട്രിസിറ്റി ചാർജ് വർധനവിനെക്കുറിച്ച് ഇവിടെ സംസാരിച്ചു. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 39.8 ആണ്, അതിപ്പോൾ 18.0 ആണ്. അതുപോലെ 2021

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നം. KLS/7838/2025/Editing Dated 18/9/2025) സഭാരേഖയിൽ നിലനിർത്തി.

ഏപ്രിൽ മുതലുള്ളൊരു പ്രധാന മാറ്റമാണ് പകൽ സമയത്തുള്ള ഇലക്ട്രിസിറ്റി ചാർജ് പത്ത് ശതമാനമായി കുറച്ചത്. അത് വ്യവസായങ്ങൾക്ക് എത്ര ഗുണകരമാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, പൊതുവായ എല്ലാ കാര്യങ്ങളിലുമല്ല, അടിയന്തര പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച കാര്യങ്ങൾക്കെല്ലാം ബഹുമാനപ്പെട്ട ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി മറുപടി പറയുന്നുണ്ട്. എന്നാൽ പ്രതിപക്ഷം പലപ്പോഴും യാഥാർത്ഥ്യങ്ങളെ മറച്ച് പിടിക്കുന്ന ധാരാളം സംഭവങ്ങൾ ഇക്കാര്യത്തിലുണ്ടായിട്ടുണ്ട്. രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങൾ മനസ്സിലാക്കാം. ഇപ്പോൾ ഇവിടെ സൂചിപ്പിച്ച ചില കണക്കുകൾ; മുളകിന് ചാലയിൽ ഇത്ര രൂപയാണ്, ഹോർട്ടി കോർപ്പിൽ ഇത്ര രൂപയാണെന്നുമെല്ലാം പറയുകയുണ്ടായി. ഹോർട്ടി കോർപ്പിൽ 55 രൂപയുടെ മുളകുമുണ്ട്. ശ്രീ. വിൻസെന്റിന്റെ സംസാരത്തെത്തുടർന്ന് ഞാൻ വീണ്ടും പരിശോധിച്ചു. 70 രൂപയുടെ മുളക് അവിടെയുണ്ട്, ഇവിടെ 110 രൂപയാണ്. 110-ന്റെ മാത്രം കണ്ടിട്ട് രണ്ടും ഒരേ ഗുണത്തിലുള്ളതാണെന്ന് നമ്മളെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ അവതരിപ്പിക്കുകയാണ്. പ്രമേയത്തിന്റെ ഒരു ബലത്തിനുവേണ്ടി ഇങ്ങനെ

അവതരിപ്പിക്കുന്നത് ശരിയല്ല. തക്കാളിക്ക് 33 രൂപയാണെന്ന് പറഞ്ഞു, നാടൻ തക്കാളിക്ക് സാധാരണ മറ്റ് തക്കാളിയെക്കാൾ വിലക്കൂടുതലുണ്ടാകും. കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം സൂചിപ്പിച്ചപ്പോൾ, പ്രതിപക്ഷം മാധ്യമങ്ങളുമായി ചേർന്ന് ഈ വില ഇങ്ങനെയാണെന്ന് സ്ഥാപിച്ച് വീണ്ടും ആക്ഷേപിക്കാൻ വേണ്ടി ശ്രമിക്കുകയല്ല വേണ്ടത്. ഹോർട്ടി കോർപ്പിലെ സാധനങ്ങളുടെ ഗുണമേന്മയും അതിന്റെ രീതികളും കൂടി മനസ്സിലാക്കിയിട്ടുവേണം അത്തരം കാര്യങ്ങൾ അവതരിപ്പിക്കേണ്ടത്. മറ്റൊന്ന് ഇവിടെ സംഭരണം നടക്കുന്നില്ലെന്ന് പറഞ്ഞു. അതൊരു ശരിയായ വസ്തുതയല്ല. നമ്മൾ ഏറ്റവും കൂടുതലായി സംഭരിച്ച കാലയളവാണിത്. ആ കണക്കുകളും എന്റെ കൈവശമുണ്ട്. പരമാവധി സംഭരിക്കാനായി നമ്മൾ നേരത്തെതന്നെ യോഗങ്ങൾ ചേർന്ന് കർഷകർ എവിടെയെല്ലാം ഉൽപാദിപ്പിക്കുന്നുയെന്നത് രജിസ്റ്റർ ചെയ്യാൻ പറഞ്ഞു. രജിസ്റ്റർ ചെയ്യാൻ ആരെങ്കിലും മറന്ന് പോകുകയും അവരുടെ ഉൽപ്പന്നമെടുക്കാൻ കഴിയാത്ത അവസ്ഥയുമുണ്ടായാൽ, ഉദ്യോഗസ്ഥർ ആ കാരണം പറഞ്ഞ് ഒഴിയാതെ എവിടെ കർഷകർ ഉൽപ്പാദിപ്പിച്ചാലും അതെടുക്കണമെന്ന നിർദ്ദേശവും നൽകിയിരുന്നു. അത്തരത്തിലുള്ള ഒരു പരാതി എവിടെയെങ്കിലും

ഉയർന്നുവന്നോ? കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി എടുക്കാതിരുന്നാൽ നടപടിയെടുക്കും. ഉൽപന്നം വിറ്റഴിക്കാൻ കഴിയാത്ത ഒരു സാഹചര്യത്തിൽ ഉദ്യോഗസ്ഥരുൾപ്പെടെ, ഞാനുൾപ്പെടെ എറണാകുളത്തുവന്ന് വിൽപ്പന നടത്തിയിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇടുക്കി ജില്ലയിലെ വട്ടവടയിൽ, കേരളത്തിലെ ഏറ്റവും കൂടുതൽ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്ന സ്ഥലത്തെ കർഷകർ നൽകിയ പരാതി ഞാൻ അങ്ങേക്ക് നൽകാം. അവരിപ്പോൾ തമിഴ്നാട്ടിൽ നിന്നും വരുന്ന ആളുകൾക്കാണ് പച്ചക്കറി നൽകുന്നത്. ഹോർട്ടികോർപ്പിന്റെ പ്രൊക്യുയർമെന്റും പേയ്മെന്റും കറക്ടായി നടക്കാത്തതുകൊണ്ട് കേരളത്തിൽ ഏറ്റവും കൂടുതൽ പച്ചക്കറി ഉൽപാദിപ്പിക്കുന്ന വട്ടവടയിൽ, തമിഴ്നാട്ടിൽ നിന്നുംവരുന്ന ഏജന്റുമാർ ഉടനടി തുകനൽകി അവരിൽ നിന്നും വിലകുറച്ച് വാങ്ങിക്കൊണ്ട് പോകുകയാണ്.

ശ്രീ. പി. പ്രസാദ്: സർ, നേരത്തെയും വട്ടവടയുമായി ബന്ധപ്പെട്ട് അങ്ങ് സംസാരിച്ചു. അങ്ങ് വട്ടവടയുമായി ബന്ധപ്പെട്ട് പരാതി നൽകിയാൽ

പരിശോധിക്കാമെന്ന് അന്നും ഞാൻ പറഞ്ഞു. ഇതുവരെയും അങ്ങ് പരാതി തന്നിട്ടില്ല.

മി. സ്പീക്കർ: യെസ്... യെസ്... മതി. മതി. മിനിസ്റ്റർ പ്ലീസ്... പ്ലീസ്...

ശ്രീ. വി. ഡി. സതീശൻ: ഞാൻ നേരിട്ട് പരാതി പറഞ്ഞതാണ്. (മൈക്ക് ഓഫ്)

ശ്രീ. പി. പ്രസാദ്: സർ, അങ്ങയെ കുറ്റപ്പെടുത്താൻ വേണ്ടി പറയുന്നതല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഞാൻ പറയുന്നതിന്റെ ബാക്കികൂടി കേൾക്കണം. വട്ടവടയുടെ കാര്യത്തിൽ അവിടെയുള്ള ചില സംഘങ്ങൾ/ഗ്രൂപ്പുകളുമായി ബന്ധപ്പെട്ട് ചില തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്. അത് ഈ ഗവൺമെന്റിന്റെ കാലത്തുള്ള പ്രശ്നമല്ല. നേരത്തെ കൊടുത്ത പച്ചക്കറികളുമായി ബന്ധപ്പെട്ട് പരിഹരിക്കാൻ കഴിയാത്തൊരു വിഷയം അവിടെ നിലനിൽക്കുന്നുണ്ട്. അത് കണക്കിലെ പ്രശ്നങ്ങളാണ്. അതാണ് അവർ നൽകുന്ന പരാതി. ഞാനത് അന്നും പറഞ്ഞതാണ്. അങ്ങയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. ഒരു തർക്കവും അക്കാര്യത്തിലില്ല. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ മുഴവൻ

അങ്ങനെയാണെന്ന് വരുത്തരുത്. അത് അങ്ങനെ അല്ലേയല്ല. കർഷകർ ഉന്നയിക്കുന്ന പ്രശ്നങ്ങൾ ആരുടെ സാന്നിദ്ധ്യത്തിൽ വേണമെങ്കിലും ചർച്ച ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. ശ്രീ. എം. വിജിൻ ഇവിടെ സൂചിപ്പിച്ചതുപോലെ രണ്ടായിരത്തോളം കർഷ ചന്തകളാണ് ഈ ഓണക്കാലത്തുണ്ടായിരുന്നത്. ഇത് കഴിഞ്ഞ വർഷത്തെക്കാൾ കൂടുതലാണ്. കഴിഞ്ഞ വർഷമുണ്ടായിരുന്നതിനേക്കാൾ അമ്പതിലധികം കർഷക ചന്തകൾ വർധിപ്പിച്ചിട്ടുണ്ട്. ഈ നാല് ദിവസം, കേരളത്തിലെ കർഷകർക്ക് പ്രയോജനം ലഭ്യമാകുന്ന തരത്തിലേക്ക് ഏതാണ്ട് 7 കോടിയോളം രൂപയുടെ ഉൽപ്പന്നങ്ങൾ കർഷകർക്ക് വാങ്ങാം. കർഷകൻ സാധാരണ മാർക്കറ്റിൽ കൊടുക്കുന്നതിനേക്കാൾ പത്ത് ശതമാനം കൂടുതൽ വിലയ്ക്ക് കർഷകരിൽനിന്ന് സംഭരിക്കുകയും ഉപഭോക്താവിനെ സഹായിക്കാനായി 30 ശതമാനം വിലകുറച്ചും കൊടുക്കുന്നൊരു സംവിധാനമാണ്. എവിടെയെങ്കിലും കച്ചവടത്തിന്റെ പ്രശ്നങ്ങളുണ്ടെങ്കിൽ അതൊന്ന് റീ-അറേഞ്ച് ചെയ്ത് പ്രത്യേക ഷോപ്പുകളിലൂടെ നമുക്ക് ഇടപെടാൻ വേണ്ടി ഹോർട്ടികോർപ്പിനെയും ആ തരത്തിൽ ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകുന്നു. ഞാൻ ഇന്നലെയും Vegetable and Fruit Promotion Council Keralam (VFPCK)-യുടെ

കാര്യം സൂചിപ്പിച്ചപ്പോൾ പറഞ്ഞു, ഭരണപരമായ ചിലവുകളുൾപ്പെടെ കൂടി നിൽക്കുന്ന ചില പ്രതിസന്ധികൾ ചിലയിടങ്ങളിലെല്ലാമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒരാളെപ്പോലും പുറത്തേക്ക് തള്ളിക്കളയുന്നില്ല. ചിലപ്പോൾ ഇതുമായി ബന്ധപ്പെട്ടായിരിക്കും അവരുടെ ജീവിതങ്ങൾ മുന്നോട്ട് പോകുന്നത്. ബിസിനസ്സ് രംഗത്തേക്ക് നോക്കുന്ന അവസരത്തിൽ അവർക്ക് ചില പ്രയാസങ്ങളൊക്കെ ഉണ്ടാക്കുന്നുണ്ടെങ്കിലും അവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് കൂടുതൽ മെച്ചപ്പെട്ട തരത്തിൽ കൊണ്ടുപോകാനുള്ള എല്ലാ ഇടപെടലും നടത്തുന്നുണ്ട്. അതുകൊണ്ട് മുൻകാലങ്ങളെ അപേക്ഷിച്ച് ഫലപ്രദമായി വിപണി ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്ന കാലത്ത് ഇത്തരത്തിൽ പറയുന്നത് ശരിയായ കാര്യമല്ല. വിപണിയിൽ വിലക്കയറ്റത്തിന്റെ തോത് പിടിച്ച് നിർത്താൻ, വിലക്കയറ്റമില്ലാത്ത ഒരു ഓണം സംജാതമാക്കാൻ സാധിച്ചിട്ടും ആ യാഥാർത്ഥ്യത്തെ വിസ്മരിച്ചത് ശരിയല്ലെന്നാണ് പറയാനുള്ളത്.

മി. സ്പീക്കർ: നിങ്ങളുടെ പ്രശ്നം തീർക്കാൻ കഴിയില്ല, വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരിക്കും.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഭരണ-പ്രതിപക്ഷഭാഗത്തുനിന്നുള്ള ചർച്ചകൾ ഇവിടെ നമ്മളെല്ലാവരും കേട്ടതാണ്. ഗവൺമെന്റിന്റെ ഇടപെടൽ പോരെന്നാണ് ഇവിടെ പ്രതിപക്ഷനേതാവ് പറഞ്ഞ് നിർത്തിയത്. ഗവൺമെന്റിന്റെ ഇടപെടൽ വളരെ ഫലപ്രദമാണെന്ന് കഴിഞ്ഞ നാളുകളിലെ വിപണി ഇടപെടൽ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ കാണാൻ കഴിയും. ഓണത്തിനുമുമ്പും ഇവിടെ പലപ്പോഴും മാധ്യമങ്ങളടക്കം കടുത്ത വിമർശനങ്ങൾ ഉയർത്തിയിട്ടുണ്ട്. എന്നാൽ, ആ മാധ്യമങ്ങൾ വിമർശനം നടത്തിയതിനെ ക്ഷമയോടെ കേൾക്കാനും അതിനനുസരിച്ച് പരിഹാരം കാണാനുമുള്ള ഫലപ്രദമായ ഇടപെടലാണ് ഗവൺമെന്റ് നടത്തിയിട്ടുള്ളത്. ഏറ്റവും അവസാന മാസത്തെ കണക്കാണ് സൂചിപ്പിക്കുന്നത്. ഈ ഓണക്കാലത്ത് പ്രിന്റ്, വിഷ്വൽ മീഡിയ എന്നിവയുൾപ്പെടെയുള്ളവരിൽ ഒരാളുപോലും ഈ മാർക്കറ്റിലെ ഇടപെടലിനെ വിമർശിക്കാനോ അത്തരത്തിലൊരു ആക്ഷേപം ഉയർത്തികൊണ്ടുവരാനോ സാധിക്കുന്ന ഒരു സാഹചര്യവുമുണ്ടായിട്ടില്ല. അവിടെയാണ് ഗവൺമെന്റിന്റെ ഇടപെടലിനെ സംബന്ധിച്ച് മനസ്സിലാകുന്നത്. ഞാൻ രാവിലെ ഈ നോട്ടീസ് കണ്ടപ്പോൾ, ഈ

സമ്മേളനത്തിൽ പ്രതിപക്ഷത്തിന് എന്തുസംഭവിച്ചുവെന്ന് ഇവിടെ പല സുഹൃത്തുക്കളും സൂചിപ്പിച്ചതുപോലെ ഞാനും അത്ഭുതത്തോടെയാണ് കണ്ടത്. ഈ വിഷയം ചർച്ചയ്ക്കെടുത്തപ്പോൾ അതിനെ സ്വാഗതം ചെയ്യുന്നുവെന്ന് വളരെ വ്യക്തമായാണ് പറഞ്ഞത്. ഗവൺമെന്റിന് പറയാൻ കഴിയുന്ന പല കാര്യങ്ങളും പൊതുസമൂഹത്തിനുമുന്നിൽ പറയാനുള്ള ഒരു അവസരമായി ഇത് ചർച്ചയ്ക്കെടുക്കാമെന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കണക്കുകളെല്ലാം ഉദ്ധരിച്ചു. നിങ്ങൾ ഒരു കാര്യം അറിയേണ്ടത്, എല്ലാ വിഷയത്തിനും യു.ഡി.എഫ്.-ന്റെ ഭരണവും എൽ.ഡി.എഫ്.-ന്റെ ഭരണവുമായി താരതമ്യപ്പെടുത്തുന്നുവെന്ന് പറയുന്നതിൽ കാര്യമില്ല. 2011 മുതൽ 2014 വരെ ഭരിച്ചിരുന്നത് യു.ഡി.എഫ്. ആണെന്ന് അംഗീകരിക്കാമല്ലോ; പണപ്പെരുപ്പിന്റെ കാര്യത്തിൽ 2011-ലെ ഇൻഡക്സ് കണക്ക് 10.11 ശതമാനവും 2012-ൽ 7.65 ശതമാനവും 2013-ൽ 14.22 ശതമാനവും 2014-ൽ 9.13 ശതമാനവുമാണെന്നാണ് പറയുന്നത്. ഈ കണക്കുകളിൽ പലരൂപത്തിലുള്ള മാറ്റങ്ങൾ വരാം. ആ കണക്കുകൾ ഇതാണ്. 2016-ൽ 5.05 ശതമാനവും 2022-ൽ 5.1 ശതമാനവും 2024-ൽ 4.4 ശതമാനവുമാണ്. ഇപ്പോൾ വന്നിട്ടുള്ള പണപ്പെരുപ്പത്തിന്റെ

ശതമാനക്കണക്ക് യാഥാർഥ്യത്തെ സൂചിപ്പിക്കുന്നുവെങ്കിൽ ഉപഭോക്തൃ വിലസൂചികയുടെ റാങ്കിങ്ങിൽ ഇത് പ്രതിഫലിക്കേണ്ടതാണ്. 2020-21 മുതൽ 2023-24 വരെയുള്ള കാലയളവിലെ കണക്കെടുത്താൽ രാജ്യത്തെ 21 പ്രധാന സംസ്ഥാനങ്ങളിൽ പതിനാലിനും പതിനേഴിനും ഇടയ്ക്കാണ് കേരളത്തിന്റെ റാങ്ക്. അതെല്ലാം രേഖകൾ പരിശോധിച്ചാൽ മനസ്സിലാകും. കാർഷിക-വ്യവസായ മേഖലയിൽ മുന്നിൽനിൽക്കുന്ന മറ്റ് സംസ്ഥാനങ്ങളുണ്ട്. ആ സംസ്ഥാനങ്ങൾ ഈ റാങ്കിൽ നമുക്ക് മുകളിലാണ്. അതാണ് കണക്കുകളിൽ കാണുന്നത്. അതുകൊണ്ട് ചില മാറ്റങ്ങളുണ്ടാകാം. അത് എങ്ങനെയാണ് കണക്കാക്കുന്നത്; ഇവിടെ ചർച്ച നന്നായി നടന്നു. ചില അംഗങ്ങൾ അതുസംബന്ധിച്ച് കൂടുതൽ വിശദീകരിച്ചതുകൊണ്ട് ഞാൻ വിശദമായി പറയുന്നില്ല. 2025 ഏപ്രിൽ, ജൂൺ, ജൂലൈ മാസങ്ങളിലെ ഭക്ഷണ പാനീയങ്ങൾ എന്ന വിഭാഗത്തിലുണ്ടായ വിലവർധനവ് ഇതിൽ പ്രധാനമാണ്. ഭക്ഷണപാനീയങ്ങൾക്ക് 46 ശതമാനമാണ് വെയിറ്റേജ് കൊടുത്തിരിക്കുന്നത്. കേരളത്തിൽ ഈ കാലയളയിൽ ഇറച്ചി, മുട്ട, മീൻ, പാൽ, പഞ്ചസാര എന്നിവയ്ക്കൊന്നും വില കൂടിയിട്ടില്ല. പച്ചക്കറിക്കും പയർ വർഗങ്ങൾക്കും സുഗന്ധവ്യഞ്ജനങ്ങൾക്കും വില കുറയുകയാണ് ചെയ്തത്.

പിന്നെ എങ്ങനെയാണ് പണപ്പെരുപ്പത്തിന്റെ ശതമാനം കൂടിയത് എന്നതിനെ സംബന്ധിച്ച് നമ്മൾ ഉള്ളിലേക്ക് കടന്ന് നോക്കുമ്പോൾ ഓയിൽ, ഫാറ്റ്സ് എന്നീ വിഭാഗങ്ങളിലുണ്ടായ വർധനവാണ് ഈ കണക്കിൽ പ്രതിഫലിച്ചതെന്ന് കാണാൻ കഴിയും. നാളികേരത്തിന്റെ ഉൽപാദനത്തിലെ കുറവും ഉപഭോഗത്തിലെ വർധനവുമാണ് കേരളത്തെ ഇത്തരത്തിൽ ഉയർന്ന പണപ്പെരുപ്പ ശതമാനത്തിലേക്കെത്തിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മറ്റൊന്ന്, പലവക ചരക്കുകൾ എന്ന ഇനത്തിലുണ്ടായിട്ടുള്ള വർധനവാണ്. ഇത് ദേശീയതലത്തിൽ 28 ശതമാനവും കേരളത്തിൽ 38.5 മുതൽ 42.5 ശതമാനംവരെയുമാണ്. ഇതിനുകാരണമെന്താണ്; ഈയിനത്തിൽ വരുന്നത് ഹൗസ് ഹോൾഡ് ഗുഡ്സ് ആൻഡ് സർവീസസ്, ആരോഗ്യം, വിദ്യാഭ്യാസം, ട്രാൻപോർട്ട് ആൻഡ് കമ്മ്യൂണിക്കേഷൻ, പേഴ്സണൽ കെയർ എന്നിവയാണ്. വിദ്യാഭ്യാസ-ആരോഗ്യ ചെലവിലൊന്നും വേഗത്തിലിപ്പോൾ വർധനവുണ്ടായിട്ടില്ല. ഈ ശതമാന കണക്ക് കൂടിയത് നേരത്തെ ഇവിടെ സൂചിപ്പിച്ചതാണ്. സ്വർണ്ണാഭരണങ്ങൾ, വെള്ളി, രത്നങ്ങൾ, മുത്തുകൾ, കുട, സിഗരറ്റ്, സോപ്പ്, പേസ്റ്റ് തുടങ്ങിയ വിവിധ ഉൽപ്പന്നങ്ങളിലുണ്ടായിട്ടുള്ള മാറ്റവും നമുക്ക്

ഇൻഡക്സിൽ മാറ്റം വന്നിട്ടുണ്ടാകുമെന്നാണ് കണക്കുകൾ പരിശോധിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത്. കേരളത്തിലെ സാധാരണക്കാരായ ആളുകളെ സംബന്ധിച്ച്, മറ്റ് സംസ്ഥാനങ്ങളിൽനിന്നും ക്രയവിക്രയശേഷി കൂടുതലാണെന്ന് നമ്മളെല്ലാം ഒരുപോലെ സമ്മതിക്കുന്ന വിഷയമാണ്. അത് ചർച്ചയിലും പറയുകയുണ്ടായി. വാസ്തവത്തിൽ സാധാരണ ജനങ്ങളുടെ ജീവിതത്തെ ബാധിക്കുന്ന ഇനങ്ങളിലൊന്നും വിലവർധനവ് കേരളത്തിലുണ്ടായിട്ടില്ലെന്ന് നമുക്ക് കണക്കുകളിലൂടെ മനസ്സിലാക്കാം. കഴിഞ്ഞ ഓണക്കാലത്ത് മാർക്കറ്റിലേക്ക് പോയ മാധ്യമങ്ങളും, വിഷ്വൽ മീഡിയകളുമെല്ലാം നിരവധി സാധാരണക്കാരെ ഇന്റർവ്യൂ നടത്തി. ആരെങ്കിലും ഒരാൾ പച്ചക്കറിയുടെ വില വർധനവ് കാരണം ഓണം ആഘോഷിക്കാൻ കഴിയുന്നില്ലെന്ന തരത്തിൽ പ്രതികരിച്ചതായി കാണാൻ കഴിഞ്ഞോ; വാസ്തവം എന്താണെന്നാണ് നാം കാണേണ്ടത്. സമ്പന്നരെയും ലാഭത്തിന്റെയും കണക്കുകൾ മാത്രമാണ് നിങ്ങൾ എപ്പോഴും കാണുന്നത്. എന്നാൽ, ഞങ്ങൾ കാണുന്നത് സാധാരണക്കാരെ ചേർത്തുനിർത്തുന്ന നിലപാടാണ്. രണ്ടും തമ്മിലുള്ള വ്യത്യാസം അവിടെയാണെന്ന് നിങ്ങൾ ഇനിയെങ്കിലും തിരിച്ചറിയണം.

നിങ്ങൾ ആണയിട്ട് ആയിരം തവണ സാധാരണക്കാരുടെ ഇടയിലാണെന്ന് പറഞ്ഞാൽ അതൊക്കെ ഞങ്ങൾക്കും നാട്ടിലെ ആളുകൾക്കും അറിയാം. സാധാരണക്കാരെ സംരക്ഷിക്കാനാവശ്യമായ നിലപാട് ഈ ഗവൺമെന്റ് സ്വീകരിച്ചോ; പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന നിലപാട് ഈ ഗവൺമെന്റ് സ്വീകരിച്ചോ; അത് നിങ്ങൾ പരിശോധിക്കണം. നിങ്ങളുടെ ഭരണകാലത്തെ കഷ്ടതയുടെയും തകർച്ചയുടെയുമൊക്കെ കഥകൾ ഇവിടെ പറഞ്ഞതിനാൽ ഞാൻ വീണ്ടും പരാമർശിക്കുന്നില്ല. ഇത്തരമൊരു ഘട്ടത്തിൽ അരിയുടെയും പച്ചക്കറിയുടെയും പലവ്യഞ്ജന സാധനങ്ങളുമുൾപ്പെടെയുള്ള അവശ്യവസ്തുക്കൾ ജനങ്ങൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കാൻ ഗവൺമെന്റ് എടുത്ത നിലപാടാണ് നാം പരിശോധിക്കേണ്ടത്. അതാണ് മാർക്കറ്റ് ഇന്റർവെൻഷനായി നമ്മൾ കാണുന്നത്. വിലവർധനവുണ്ടാകാതെ ഫലപ്രദമായി നിർവഹിച്ചതിന്റെ ഉദാഹരണം ഇവിടെ സൂചിപ്പിച്ചില്ലേ; ചരിത്രത്തിൽ ആദ്യമായി നിയമസഭ ഏകകണ്ഠമായി പാസാക്കിയില്ലേ; സഭയിൽ പാസാക്കി ആവശ്യപ്പെട്ടത് എന്താണ്; റേഷൻ കടകളിൽ മുമ്പുണ്ടായിരുന്ന രണ്ടുലക്ഷം മെട്രിക് ടൺ അരി കൂടി നൽകണമെന്ന ആവശ്യമാണ്. ഞാൻ ഈ ഓണം പ്രമാണിച്ച്

കേന്ദ്ര ഉപഭോക്തൃകാര്യ-ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രിയെ പോയി കണ്ടെങ്കിലും ഒരുമണി അരിപോലും നൽകിയില്ലെന്ന് മാത്രമല്ല, OMSS (Open Market Sales Scheme) അനുസരിച്ച് നിങ്ങൾ എഫ്.സി.ഐ.-യിൽനിന്ന് ലേലത്തിനെടുക്കണമെന്നാണ് പറഞ്ഞത്. അതിനർത്ഥം, പൈസയുള്ളവരായതുകൊണ്ട് 23, 24 രൂപയ്ക്ക് വിലയ്ക്ക് വാങ്ങാമെന്നാണ്. അത്തരം ഘട്ടത്തിൽ അത് കണ്ട് മടങ്ങി തിരിച്ച് വന്ന് കിടന്നുറങ്ങുന്ന നിലപാടല്ല ഈ ഗവൺമെന്റ് സ്വീകരിച്ചതെന്ന് നിങ്ങൾ അറിയണം. കേരളത്തിൽ ഓണക്കാലത്ത് ഫലപ്രദമായി എല്ലാ കുടുംബങ്ങൾക്കും അരികൊടുക്കാനുള്ള നടപടി സ്വീകരിച്ചു. അക്കാര്യങ്ങൾ ഇവിടെ വിശദമായി പറഞ്ഞതുകൊണ്ട് ഞാൻ പറയുന്നില്ല. വെള്ള കാർഡുകാർക്ക് 15 കിലോഗ്രാം അരിയാണ് നൽകുന്നത്. മാർക്കറ്റിൽ 50 രൂപയിലധികം വിലവരുന്ന അരിയാണ് നമ്മൾ നൽകിയത്. അതിന് കേരളത്തിൽ ഒരാക്ഷേപവും വന്നില്ലല്ലോ; നീല കാർഡുകാർക്ക് ലഭിക്കുന്ന അരിക്ക് പുറമെ 10 കിലോഗ്രാം അരിയാണ് നൽകിയത്. അതുപോലെ, ചുവപ്പ് കാർഡുള്ളവർക്ക് പെർ ഹെഡ് 5 കിലോഗ്രാം അരിക്ക് പുറമെ ഒരു കാർഡിന് 5 കിലോഗ്രാം അരി നൽകി. ഇതൊക്കെ കേരളത്തിൽ യാഥാർത്ഥ്യമായ കാര്യമാണ്. അതിന്

പുറമെയാണ് സപ്ലൈകോ ഔട്ട്‌ലെറ്റുകളിലൂടെ 20 കിലോഗ്രാം അരി 25 രൂപ നിരക്കിൽ നൽകിയത്. അവർക്ക് 33 രൂപ നിരക്കിൽ 8 കിലോഗ്രാം അരി ലഭിച്ചിരുന്നതിന് പുറമെയാണ് ഓണം പ്രമാണിച്ച് 20 കിലോഗ്രാം അരി 25 രൂപയ്ക്ക് നൽകിയത്. അതിനർത്ഥം, ഒരു കുടുംബത്തിന് 43-44 കിലോഗ്രാം അരി സൗജന്യനിരക്കിലും ന്യായവിലക്കും വാങ്ങാനുള്ള അവസരമൊരുക്കിയതാണ് വിലക്കയറ്റത്തിലേക്ക് എത്തിയതെന്ന് നിങ്ങൾ പറഞ്ഞാൽ ഈ കേരളത്തിലെ ഒരു മനുഷ്യനും വിശ്വസിക്കില്ല. നിങ്ങളുടെ കുടുംബങ്ങളിൽ പോയി ഈ ഓണക്കാലത്ത് വിലക്കയറ്റമാണെന്ന് പറഞ്ഞാൽ അവർ അംഗീകരിക്കുമോ; ഇവിടെയിരിക്കുന്ന പ്രതിപക്ഷ എം.എൽ.എ.-മാരല്ലേ ഓണച്ചന്തകൾ ഉദ്ഘാടനം ചെയ്തത്. അത് ഭരണകക്ഷി എം.എൽ.എ.-മാർ ഇവിടെ സൂചിപ്പിച്ചതാണ്. പ്രതിപക്ഷാംഗമായ ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ.-യല്ലേ കുണ്ടറയിലെ സപ്ലൈകോ ഓണച്ചന്ത ഉദ്ഘാടനം ചെയ്തത്; പറവൂരിലെ ഓണച്ചന്ത ഉദ്ഘാടനം ചെയ്തത് പ്രതിപക്ഷനേതാവല്ലേ; അവിടെ എവിടെയെങ്കിലും സപ്ലൈകോയുടെ ഔട്ട്‌ലെറ്റുകളിൽ സാധനം ഇല്ലായ്മയുടെയും വിലക്കയറ്റത്തിന്റെയും ക്വാളിറ്റിയുടെയും പരാതി ജനങ്ങൾ

പറയുന്നത് കേൾക്കാൻ കഴിഞ്ഞോ; അവിടെയെല്ലാം പ്രസംഗിച്ച കാര്യങ്ങൾ പറഞ്ഞാൽ നിങ്ങൾക്ക് ഇഷ്ടപ്പെടില്ല. നിങ്ങൾ പ്രസംഗിച്ചത് നേരിട്ട് കേട്ട മന്ത്രിയാണ് മറുപടി പറയുന്നതെന്ന ഓർമ്മ നിങ്ങൾക്കുണ്ടാകണം. എല്ലാ സ്ഥലത്തേയും അതായത്, 140 നിയോജകമണ്ഡലങ്ങളിലും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഓണക്കാലത്ത് ജനങ്ങളെ സഹായിക്കാൻ ഒരുമിച്ച് നിൽക്കണമെന്ന ഗവൺമെന്റിന്റെ കാഴ്ചപ്പാടാണ് നിങ്ങളെയെല്ലാം സഹകരിപ്പിച്ച് മുന്നോട്ടുപോയത്. അല്ലാതെ രണ്ടായി കണ്ടതുകൊണ്ടല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങളെ സഹകരിപ്പിച്ചുവെന്ന് നിങ്ങൾ പറയുന്നു, എല്ലാ സർക്കാരിന്റെ കാലത്തും എല്ലാ നിയോജകമണ്ഡലങ്ങളിലെയും ഓണച്ചന്തകൾ ഉദ്ഘാടനം ചെയ്യുന്നത് അതത് മണ്ഡലങ്ങളിലെ എം.എൽ.എ.-മാരാണ്. നിങ്ങൾ ഏതാണ്ട് ഞങ്ങളോട് ഔദാര്യം കാട്ടി ക്ഷണിച്ചതുപോലെയാണല്ലോ സംസാരിക്കുന്നത്. എല്ലാ കാലത്തും അങ്ങനെയാണ്.

ശ്രീ. ജി. ആർ. അനിൽ: സർ, പ്രതിപക്ഷ നേതാവ് ഈ അവസരത്തിലെങ്കിലും അങ്ങനെയൊരു പ്രസ്താവന നടത്തിയത് നന്നായെന്നാണ് എനിക്ക് പറയാനുള്ളത്. ഗവൺമെന്റിന്റെ

വാർഷികങ്ങളെയും നല്ല പദ്ധതികളെയുമെല്ലാം ബഹിഷ്കരിച്ചുപോയ പ്രതിപക്ഷത്തിന് തിരിച്ചറിവുണ്ടായെന്നുള്ളത് സന്തോഷമുള്ള കാര്യമായാണ് ഞാൻ കാണുന്നത്. കേരളത്തിൽ വെളിച്ചെണ്ണ വില വർധിക്കാനുള്ള പ്രവണത കണ്ടയുടനെ വ്യവസായ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ഞാനും മറ്റ് ഉദ്യോഗസ്ഥരുമടക്കം അതിനാവശ്യമായ ഇടപെടൽ നടത്തുകയും 529 മുതൽ 550 രൂപ വരെ വെളിച്ചെണ്ണയ്ക്ക് വില വർധിച്ചപ്പോൾ അതിലിടപെട്ട് അതിന്റെ വില കുറച്ചുകൊണ്ടുവരികയും ചെയ്തു. ഇനിയും വില കുറയ്ക്കുമെന്നാണ് കഴിഞ്ഞ ദിവസം ഈ സഭയിൽ ഞാൻ പറഞ്ഞത്. ഇനിയും വില കുറയ്ക്കുമെന്ന് പറഞ്ഞാൽ ആ കുറവ് മറ്റു കടകളിൽ പ്രതിഫലിക്കണം. സപ്ലൈകോയിൽ വെളിച്ചെണ്ണയുടെ വില കുറഞ്ഞപ്പോൾ വലിയ മാളുകളിൽ അവരുടെ നിലവിലുള്ള റേറ്റ് മാറ്റി നമ്മുടെ വിലയ്ക്കനുസരിച്ച് കുറച്ച അനുഭവം നമുക്കെല്ലാമുണ്ട്. വെളിച്ചെണ്ണയുടെ വില കുറയ്ക്കാൻ ഫലപ്രദമായി ഇടപെട്ടതിന്റെ കണക്കുകൾ ഇവിടെ വിശദീകരിച്ചു.

ഈ ഓണക്കാലത്തുമാത്രം 22,36,441 ലിറ്റർ ശബരി വെളിച്ചെണ്ണ സപ്ലൈകോ ഔട്ട്‌ലെറ്റിലൂടെ വിറ്റുവെന്ന് പറഞ്ഞാൽ ഈ നാട്ടിലെ ജനങ്ങളല്ലേ ഇത് വാങ്ങിയത്. ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ പറയുന്നത്

കേട്ടു... പപ്പടം കാച്ചാൻ, വെളിച്ചെണ്ണയും പപ്പടവും കൂടി അടുക്കില്ലെന്ന്... അത് കർണ്ണാടകയിലായിരിക്കും. ഇവിടെയുള്ള ഒരു വീട്ടമ്മയ്ക്കും അപ്രകാരമുള്ള യാതൊരു പ്രശ്നവുമുണ്ടായില്ല. ഇപ്രകാരം വെളിച്ചെണ്ണ വിലകുറച്ച് കൊടുത്തതിനുപുറമെ AAY (Antyodaya Anna Yojana) കാർഡുടമകളായ ആറുലക്ഷം കുടുംബങ്ങൾക്ക് അര ലിറ്റർ വെളിച്ചെണ്ണ സൗജന്യമായി ഈ ഗവൺമെന്റ് നൽകി. അവരെല്ലാം പപ്പടം കാച്ചി ഓണം ആഘോഷിച്ചു. ആ കുടുംബങ്ങളിലൊന്നും ഒരു പ്രയാസവുമുണ്ടായില്ല.... അവർ ഉപ്പേരിയും വറുത്തു.

1965 മുതൽ സാർവത്രിക റേഷൻ ഉണ്ടായിരുന്ന സംസ്ഥാനത്ത് NFSA (National Food Security Act) വന്നതിനുശേഷമാണ് 2 ലക്ഷം മെട്രിക് ടൺ അരി നഷ്ടമായത്. അത് ഇവിടെ പല അംഗങ്ങളും സൂചിപ്പിച്ചതിനാൽ ഞാൻ അക്കാര്യം പറയുന്നില്ല. 57% മലയാളികളാണ് സ്റ്റാറ്റ്യൂട്ടറിയായി ലഭിച്ചുകൊണ്ടിരുന്ന റേഷൻ സംവിധാനത്തിൽനിന്ന് പുറത്തായത്. ആരാണത് കൊണ്ടുവന്നത്? ഇവിടെ എന്തൊരു വിലാപം നടത്തുന്നു. എന്താണ് ഇതിന്റെ അവസ്ഥ? 43 ശതമാനമായി പരിമിതപ്പെടുത്തിയ ഭക്ഷ്യ-ധാന്യം 57% മലയാളികൾക്ക് നിഷേധിച്ചത് ഇവരല്ലേ? അതുകൊണ്ടല്ലേ

കഴിഞ്ഞ സഭയ്ക്കകത്ത് ഏകകണ്ഠമായി ഉപക്ഷേപം അവതരിപ്പിച്ചത്. അതിനുമുമ്പ് അവരുമായി സംസാരിച്ച് ഉപക്ഷേപത്തിലെ മാറ്റങ്ങളെല്ലാം ഞാൻ ഉൾക്കൊണ്ട് ഉപക്ഷേപം തിരുത്തി അവതരിപ്പിക്കാൻ നിൽക്കുമ്പോൾ പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു. അവർക്ക് ആ കുറ്റബോധമല്ലേ? മലയാളിക്ക് അരി നിഷേധിക്കുകയും നൽകില്ലെന്ന് പറയുകയും ചെയ്യു കേന്ദ്ര ഗവൺമെന്റിനെ ചോദ്യം ചെയ്യാനോ ഈ നിമിഷം വരെ ഒരു സ്റ്റേറ്റ്മെന്റ് നൽകാനോ തയ്യാറാകാതെ എപ്പോഴും സംസ്ഥാന ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്ന ആ നിലപാടുമായി അധികദൂരം പോയാൽ നിങ്ങൾക്ക് നിരാശപ്പെടേണ്ടിവരും.

ടൈഡ് ഓവർ നിരക്കുപ്രകാരം 8.30 രൂപയ്ക്ക് അരി നൽകണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് പ്രസ്തുത തുകയ്ക്ക് അരി നൽകിയില്ലെങ്കിലും ആവശ്യാനുസരണം കൊടുക്കും. കോവിഡിന്റെ കാലത്തും ദുരന്തകാലഘട്ടങ്ങളിലും സംസ്ഥാനം നൽകിയ അരി വാങ്ങിയതിന്റെ വിലയുടെ കണക്ക് ഇവിടെ പറഞ്ഞപ്പോൾ പ്രതിപക്ഷം അന്ന് പ്രതികരിക്കാതെ വിലക്കയറ്റത്തെക്കുറിച്ച് ഇന്ന് പറയുന്നുണ്ടല്ലോ; കേരളം ദുരന്തമനുഭവിച്ച നാളുകളിൽ നൽകിയ അരിക്ക് പണം പിടിച്ചുവാങ്ങിയ

നിലപാട് കേന്ദ്രം സ്വീകരിച്ചില്ലേ? അന്ന് എന്തെങ്കിലും ഒരക്ഷരം പ്രതിപക്ഷം പറഞ്ഞോ?

കഴിഞ്ഞ ഓണക്കാലത്ത് റേഷൻ കടകളിലൂടെയുള്ള സർക്കാരിന്റെ ഇടപെടലിന്റെ ഫലമായി 1,49,407 മെട്രിക് ടൺ ഒന്നാന്തരം അരി റേഷൻ കടകൾ മുഖേന വിതരണം ചെയ്തതിലൂടെ മൊത്തക്കച്ചവടക്കാർ കട പൂട്ടിയിരിക്കേണ്ട അവസ്ഥയുണ്ടായിരിക്കുകയാണ്. ഒരു കിലോഗ്രാം അരിക്ക് 40 രൂപ വീതം വിലയിട്ടാൽ പോലും 597 കോടി രൂപയുടെ അരി നമ്മുടെ മാർക്കറ്റിലെത്തി. മറ്റ് കാർഡുകളുടെ കണക്കെടുത്തുനോക്കിയാൽ, 87% മലയാളി കുടുംബങ്ങൾ റേഷൻകടയിൽനിന്നും അരിവാങ്ങി പോയത് ചരിത്ര സംഭവമല്ലേ? AAY കാർഡുകാരിൽ 99 ശതമാനവും PHH (Priority Households) കാർഡുകാർ 97 ശതമാനവും റേഷൻ വാങ്ങിയിരിക്കുകയാണ്. ഇവർ ഈ വിലക്കയറ്റത്തിന്റെ കഥ പറഞ്ഞ് പ്രസംഗിച്ചത് ആ കുടുംബത്തിലെ ആരെങ്കിലും വിശ്വസിക്കുമോ; ഇവർ ഇനിയെങ്കിലും അത് തിരുത്തണ്ടേ; AAY കാർഡുകാർക്കും ക്ഷേമസ്ഥാപനങ്ങൾക്കും 6,14,217 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തതിനാലാണ് ഓണത്തിന് അരിയുടെ വില ഒരു പൈസ പോലും വർധിച്ചില്ലെന്ന് നമ്മൾ

അഭിമാനത്തോടെ പറയുന്നത്.

വെളിച്ചെണ്ണയുടെയും അരിയുടെയും കാര്യം പറഞ്ഞു. ഇനി മുളകിന്റെ കാര്യം പറഞ്ഞാലോ; 500 ഗ്രാം മുളക് സബ്സിഡിയായി നൽകിയ സ്ഥാനത്ത് 2 കിലോഗ്രാം മുളക് നൽകുന്ന നിലപാട് സ്വീകരിക്കുകയും എല്ലാ സബ്സിഡി സാധനങ്ങളും ഇരട്ടിയായി നൽകുകയും ചെയ്തു. നൽകിയത് അംഗീകരിച്ചില്ലെങ്കിലും കുറ്റപ്പെടുത്താതിരിക്കേണ്ട നിലപാടെങ്കിലും സ്വീകരിക്കണ്ടേ?

ഇത്തവണ ഓണവുമായി ബന്ധപ്പെട്ട് മന്ത്രി സൂചിപ്പിച്ചത്, 2000 കർഷക ചന്തകളിലൂടെ കർഷകരിൽനിന്നും 1193 ടൺ പഴങ്ങളും പച്ചക്കറിയും കൃഷി വകുപ്പ് സംഭരിച്ച് 10% വിലകൂട്ടി കർഷകന് നൽകുകയും 30% വിലക്കുറച്ച് ഉപഭോക്താക്കൾക്ക് നൽകുകയും ചെയ്തു. ഏത് ഗവൺമെന്റാണ് ഇപ്രകാരം ഇടപെടുന്നത്. ഇന്ത്യയിലെ ഏതെങ്കിലും ഒരു സംസ്ഥാനത്തെ കോൺഗ്രസ് ഗവൺമെന്റ് അത്തരമൊരു നിലപാട് സ്വീകരിച്ചതായി പറയാൻ കഴിയുമോ; നിങ്ങൾ കേരളത്തിലെ ഗവൺമെന്റിനെക്കുറിച്ചും ഭക്ഷ്യവകുപ്പിനെക്കുറിച്ചും കുറ്റപ്പെടുത്തി പ്രസംഗിച്ചല്ലോ; ഈ ഉപക്ഷേപം അവതരിപ്പിച്ച ശ്രീ. പി. സി. വിഷ്ണുനാഥിന്

കർണ്ണാടകയിലെ ചുമതലയുണ്ടല്ലോ; ആ കർണ്ണാടകയിലെ ഗവൺമെന്റ്, മാതൃകയായി ഞങ്ങൾ ഇങ്ങനെ ചെയ്യുന്നുവെന്ന് പറയാമോ? വഴങ്ങില്ല..... വഴങ്ങില്ല....

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... വിഷ്ണുനാഥ്, മിനിസ്റ്റർ വഴങ്ങുന്നില്ല. മിനിസ്റ്റർ പറയൂ....ചോദ്യങ്ങളൊക്കെ സാധാരണയാണ്... അങ്ങോട്ടുമിങ്ങോട്ടും പരിഹാസമൊക്കെയുണ്ടാകും...

ശ്രീ. ജി. ആർ. അനിൽ: സർ, കുടുംബശ്രീയിലെ സഹോദരിമാർ കഴിഞ്ഞ വർഷം 28.47 കോടി രൂപയുടെ ഉൽപന്നങ്ങളായിരുന്നു വിറ്റതെങ്കിൽ ഇത്തവണ അവർ 40 കോടി രൂപയുടെ വില്പനയാണ് നടത്തിയത്. അവർ പൂ കൃഷിയിലേയ്ക്കും പച്ചക്കറി കൃഷിയിലേയ്ക്കും ഇറങ്ങി 1943 വിപണനകേന്ദ്രങ്ങൾ സംഘടിപ്പിച്ചു.

മി. സ്പീക്കർ: അദ്ദേഹം വഴങ്ങാത്തതിന് എന്തുചെയ്യാൻ കഴിയും.... മിനിസ്റ്റർ വഴങ്ങുന്നില്ല. ...

ശ്രീ. ജി. ആർ. അനിൽ: സർ, 2016-ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സാധനങ്ങൾക്ക് 5 വർഷക്കാലം വില വർധിപ്പിക്കില്ലെന്ന വാഗ്ദാനം നൽകിയതിനെത്തുടർന്ന്, അഞ്ച് വർഷമല്ല

എട്ട് വർഷക്കാലം വില വർധിപ്പിച്ചില്ല. സബ്സിഡി വില വർധിപ്പിക്കാതെ ജനങ്ങൾക്ക് 10 വർഷക്കാലത്തോളം ഒരേ വിലയ്ക്ക് സാധനം നൽകിയ നിലപാട് നല്ലതെന്നല്ലേ പറയേണ്ടത്? ഞാൻ മറ്റൊരു കാര്യം കൂടി സൂചിപ്പിക്കാം.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ്.... മിനിസ്റ്റർ വഴങ്ങുന്നില്ല... പിന്നെയെന്തു ചെയ്യും. താങ്കൾ അവിടെയിരിക്കൂ...

ശ്രീ. ജി. ആർ. അനിൽ: സർ, ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ, ഈ ഗവൺമെന്റ് മാത്രമല്ല, ഞങ്ങളുടെ ചരിത്രവും അതാണ്. പാവപ്പെട്ടവരെ ചേർത്തുനിർത്തി അവർക്ക് ആശ്വാസം പകരുന്നതും ഓണക്കാലത്ത് ന്യായവിലയ്ക്ക് സാധനം നൽകുന്നതുമെല്ലാം ഞങ്ങളുടെ ചരിത്രമാണ്. അവരെയെല്ലാം മുതലാളിമാർ പീഡിപ്പിച്ച ഒരു കാലഘട്ടമുണ്ടായിരുന്നു. അത്തരം വിലവർധനവിൽനിന്നും അവരെ മോചിതരാക്കാനുള്ള മനസ്സാണ് ഇടതുപക്ഷ ഗവൺമെന്റുകൾ ഓരോ ഘട്ടങ്ങളിലും നടപ്പാക്കിയത്. ഞാനതിന്റെ കഥകളൊന്നും പറയുന്നില്ല.

കോവിഡ് കാലത്ത് 13 തവണയായി 12.30 കോടി ഭക്ഷ്യക്കിറ്റുകൾ എല്ലാ മലയാളികളുടെയും കുടുംബങ്ങളിലെത്തിച്ച ഗവൺമെന്റാണിത്. ആ

കിറ്റുമായി ബന്ധപ്പെട്ടും അതിനോടനുബന്ധിച്ചും നൽകിയ അരിക്ക് വില കൊടുത്തതിന്റെ കഥ ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. 95 ലക്ഷം വരുന്ന കാർഡുടമകളിൽ 56,73,000 കുടുംബങ്ങളെന്നുപറഞ്ഞാൽ ഏകദേശം 2.25 കോടി വരുന്ന ജനസംഖ്യ ഇത്തവണ സപ്ലൈകോയുടെ ഔട്ട് ലെറ്റുകളിലേയ്ക്കെത്തി സാധനം വാങ്ങിയതിന്റെ കണക്കാണ് ഞാൻ സൂചിപ്പിച്ചത്. ഇത് സർവകാല റെക്കോർഡാണ്, ചരിത്ര റെക്കോർഡാണ്. ഏറ്റവും കൂടുതൽ വില്പന നടന്നിട്ടുള്ളത് പതിനഞ്ച് കോടി രൂപയുടേതായിരുന്നു. എന്നാൽ ഇപ്പോൾ ഒരു ദിവസംകൊണ്ട് 24-25 കോടിയോളം രൂപയുടെ വില്പന നടന്നിരിക്കുന്നു. അതാണ് ഇവിടെപ്പറഞ്ഞ 386 കോടി രൂപയുടെ വിറ്റുവരവിന്റെയും 180 കോടി രൂപയുടെ സബ്സിഡി വില്പനയുടെയും കണക്ക്. ഈ കാലയളവിൽ 5673960 ഉപഭോക്താക്കളാണ് സപ്ലൈകോയെ ആശ്രയിച്ചത്. ഒരു കുടുംബത്തിൽ നാലുപേർ വച്ച് കൂട്ടിയാൽ രണ്ട് കോടിയോളം മലയാളികൾ നേരിട്ട് ഇടപെടുകയുണ്ടായി. ഇപ്രകാരമുള്ള വിപണി ഇടപെടലുകളും അതിന്റെ വിജയവും കേരളത്തിലെ പൊതുസമൂഹം എന്നപോലെ മാധ്യമങ്ങളെല്ലാം അംഗീകരിക്കുകയും പ്രകീർത്തിക്കുകയും അഭിനന്ദിക്കുകയും ചെയ്ത ഈ കാലഘട്ടത്തിലാണ് വിലക്കയറ്റത്തിന്റെ

വിഷയവുമായി പ്രതിപക്ഷം വന്നിരിക്കുന്നത്. ഇതിനെ സംബന്ധിച്ച് കേരളകൗമുദി പത്രം മുഖപ്രസംഗം എഴുതുകയും മലയാള മനോരമ നേരിട്ടുവന്ന് എന്നെ ഇന്റർവ്യൂ ചെയ്യുകയും ചെയ്തു. ഇതൊരു സാധാരണ കാര്യമല്ല. എല്ലാ പത്രമാധ്യമങ്ങളിലും റെക്കോർഡ് വില്പന സംബന്ധിച്ച വാർത്തകൾ വന്നിരുന്നു. അവരെയെല്ലാം ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. ഇവിടെ യാതൊരു വിലക്കയറ്റവും ഉണ്ടായിട്ടില്ല. അവശ്യസാധനങ്ങളുടെ വില ക്രമാതീതമായി വർധിച്ചുവെന്നത് ഒരു സാങ്കൽപ്പിക കഥയെന്നപോലെ ഓർമ്മ പങ്കുവയ്ക്കാൻ വേണ്ടി മാത്രമാണ് പ്രതിപക്ഷം ഉപയോഗിച്ചതെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. ദീർഘമായ മറ്റുകാര്യങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. സപ്ലൈകോയ്ക്ക് സർക്കാർ പണം അനുവദിക്കുന്നില്ലെന്ന് ആരോപിക്കുകയുണ്ടായി. ഈ സാമ്പത്തിക വർഷം വിപണി ഇടപെടലിന് വകയിരുത്തിയ 250 കോടി രൂപയും സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. "എല്ലാ സാധനങ്ങളും ഉണ്ടെന്നും നല്ല നിലയ്ക്കുള്ള ഇടപെടലാണ് ഇത്തവണ നടത്തിയത്" എന്നുമാണ് പ്രതിപക്ഷ നേതാവ് അദ്ദേഹത്തിന്റെ നിയോജകമണ്ഡലമായ പറവൂരിൽ ഓണച്ചന്ത ഉദ്ഘാടനം ചെയ്തുകൊണ്ട്

സംസാരിച്ചത്. (....ബഹളം....) സർക്കാരിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചതിന് ഞാൻ അദ്ദേഹത്തിന് പ്രത്യേകം നന്ദി പറയുകയാണ്.

മി. സ്പീക്കർ: പ്ലീസ്......പ്ലീസ്.......മിനിസ്റ്റർ... (......ബഹളം......)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഏറ്റവും രസകരമായ കാര്യം. XXXXXX* മന്ത്രി പറയുന്നത്. ഞാൻ വിളക്ക് കൊളുത്തി പോന്നതല്ലാതെ അവിടെ പ്രസംഗിച്ചിട്ടില്ല. നിയമസഭയിൽ വന്ന് XXXXXX* മന്ത്രി പറയുന്നത്.

മി. സ്പീക്കർ: പ്ലീസ്......യെസ്...പോയിന്റ് ക്ലിയർ..

ശ്രീ. ജി. ആർ. അനിൽ: സർ, ഞാൻ കള്ളം പറയില്ല. ആ പ്രസംഗത്തിന്റെ വോയ്സ് മെസ്സേജ് എന്റെ കൈവശമുണ്ട്. അദ്ദേഹം പറഞ്ഞത് മറന്നുപോയതാണ്. എനിക്ക് ലഭിച്ച വോയ്സ് മെസ്സേജ് ഞാൻ അങ്ങേയ്ക്ക് ഫോർവേഡ് ചെയ്യാം. തിരുവോണത്തിന് ഞാൻ ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ മനോരമ പത്രക്കാർ വീട്ടിൽവരികയും 'കേരളത്തിലെ ജനങ്ങൾക്ക് സന്തോഷത്തോടുകൂടി ഭക്ഷണം

---

* ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നം. KLS/7857/2025/Editing തീയതി 19-09-2025 )രേഖയിൽ നിന്നും നീക്കംചെയ്തു.

* ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നം. KLS/7857/2025/Editing തീയതി 19-09-2025 )രേഖയിൽ നിന്നും നീക്കംചെയ്തു.

കഴിക്കാൻവേണ്ടി എല്ലാ സൗകര്യം ഉണ്ടാക്കിക്കൊടുത്ത മന്ത്രിയുടെ ഭക്ഷണം' എന്നുപറഞ്ഞാണ് സംസാരം തുടങ്ങുന്നത്. ഇത് ഒരു യാഥാർത്ഥ്യമല്ലേ; കണ്ണടച്ച് ഇരുട്ടാക്കിയാൽ ഇരുട്ടാകുമോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ.......

മി.സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ് പോയിന്റ് മാത്രമേ പറയാവൂ.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, മനോരമ പത്രവാർത്തയുടെ അടിസ്ഥാനത്തിലാണ് ഞാനിത് പറയുന്നതെന്ന് മന്ത്രി ഇവിടെ പറയുകയുണ്ടായി. എന്നാൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിലക്കയറ്റമുള്ള സംസ്ഥാനം കേരളമാണെന്ന മലയാള മനോരമ പത്രവാർത്ത മന്ത്രി അംഗീകരിക്കുന്നുണ്ടോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, പത്രത്തിന് പത്രധർമ്മമുണ്ട്. ആ ധർമ്മമാണ് എഡിറ്റോറിയലായി വന്നതും നേരിട്ടുവന്ന് പറഞ്ഞതുമൊക്കെ. അതെല്ലാം നമ്മൾ ആ രീതിയിൽ കാണേണ്ടതല്ലേ; എല്ലാവർക്കും ശ്രീ. പി. സി. വിഷ്ണുനാഥിനെപ്പോലെ കാണാൻ സാധിക്കുമോ? (.....ബഹളം.....)

മി. സ്പീക്കർ: മിനിസ്റ്റർ....പ്ലീസ്......

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, 2016 മുതൽ 2025 ആഗസ്റ്റ് വരെ 7,270 കോടി രൂപ സപ്ലൈകോ വഴി മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടിയും ജനങ്ങൾക്ക് ആശ്വാസം പകരാനുമായി ഒന്നും രണ്ടും പിണറായി സർക്കാർ അനുവദിച്ചിട്ടുണ്ടെന്ന കാര്യം ഒരു യാഥാർത്ഥ്യമാണ്. ഇക്കാര്യത്തിൽ ഒരു ആശങ്കയും വേണ്ട. കേരളത്തിലെ ജനങ്ങൾക്ക് ഇനിയുള്ള നാളുകളിലും സപ്ലൈകോ ഔട്ട് ലെറ്റുകളിലൂടെയും കൺസ്യൂമർ ഫെഡിലൂടെയും മറ്റ് സർക്കാർ സ്ഥാപനങ്ങൾ വഴിയും സാധനങ്ങൾ വിലകുറച്ച് വാങ്ങാനും ആശ്വാസം പകരാനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. 'വാമന സ്റ്റോർ' കൊണ്ടുവന്ന് മാവേലിയെ ചവിട്ടി താഴ്ത്തിയവരാണ് നിങ്ങൾ. ഞങ്ങൾ അത് ചെയ്യില്ല. മാവേലിയെപ്പോലും ചവിട്ടി താഴ്ത്തിയവരാണ് നിങ്ങൾ എന്നുള്ള കാര്യം മറന്നുപോകരുത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ....... എവിടെയാണ് 'വാമന സ്റ്റോർ' കൊണ്ടുവന്നത്? മന്ത്രി മറുപടി പറയട്ടെ, യു.ഡി.എഫ്. എവിടെയാണ് 'വാമന സ്റ്റോർ' കൊണ്ടുവന്നതെന്ന് സ്പീക്കർ മന്ത്രിയോട് ചോദിക്കണം. മന്ത്രിയെന്ന നിലയിൽ ഇത്തരത്തിൽ

സംസാരിക്കാമോ?

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്......

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗത്തിന് അന്ന് അത്ര പ്രായമായിക്കാണില്ല. അന്ന് മുഖ്യമന്ത്രി ലീഡറായിരുന്നു. ആ സമയത്ത് കൊണ്ടുവന്ന 'വാമന സ്റ്റോർ' -നെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. നിങ്ങൾ 'കുടുംബശ്രീ'-ക്ക് പകരം 'ജനശ്രീ' കൊണ്ടുവന്നവരല്ലേ? (....ബഹളം....)

മി. സ്പീക്കർ: അദ്ദേഹം പറയട്ടെ.... ബഹളം വയ്ക്കാതിരിക്കൂ.... ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങയുടെ ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, സംസ്ഥാനത്തെ വിലക്കയറ്റത്തെക്കുറിച്ച് കൃത്യമായ സ്റ്റാറ്റിസ്റ്റിക്സിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ ഇവിടെ ഉപക്ഷേപം അവതരിപ്പിച്ചത്. എന്നാൽ ഒരു സ്റ്റാറ്റിസ്റ്റിക്സും വയ്ക്കാതെയാണ് ബഹുമാനപ്പെട്ട മന്ത്രി വിലക്കയറ്റത്തെ സംബന്ധിച്ച്

പറയുന്നത്. വിലക്കയറ്റം കേരളത്തിൽ യാഥാർഥ്യമാണ്. അത് മറച്ചുവയ്ക്കുന്ന മന്ത്രിയുടെയും സർക്കാരിന്റെയും നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു. (....ബഹളം....)

മി. സ്പീക്കർ: യെസ്... പ്ലീസ്... വാക്കൗട്ട് സ്പീച്ചാണ്.... (....ബഹളം....) ശ്രീ. എ. പി. അനിൽ കുമാർ അങ്ങ് ബില്ലിന്റെ ചർച്ചയിൽ സംസാരിക്കുന്നുണ്ടോ; സഭയ്ക്കകത്ത്...... (....ബഹളം....) പ്ലീസ്, പ്ലീസ് ശ്രീ. എ. പി. അനിൽ കുമാർ അങ്ങ് സംസാരിക്കുക. (....ബഹളം....)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭ വിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)